# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 ലക്കം - 12 വൃശ്ചികം - 1194 ഡിസംബർ 2018




# സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ തപസ്സ്- ധാർമ്മിക ആചാരങ്ങളെ പരിചയപ്പെടുത്തുന്ന പ്രഭാഷണ പരമ്പരയിൽ നിന്ന്...















# ഉള്ളടക്കം

വാല്യം 11 | ലക്കം 12 | ഡിസംബർ 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 8 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 16 |
| ചിദാനന്ദപുരി | 20 |
| മഹാഭാരത കഥ | 22 |
| ഉത്തര രാമായണത്തിലൂടെ | 26 |
| ഹരിസുധാലഹരി | 32 |
| പാതഞ്ജലയോഗ ദർശനം | 33 |
| ചില മര്യാദകൾ ചില നല്ല ശീലങ്ങൾ | 35 |
| നീലക്കുറിഞ്ഞിയുടെ നിശബ്ദ നിലവിളി | 40 |
| സൂര്യൻ അസ്തമിക്കാത്ത രാവുകളുടെ നാട് | 43 |
| ചരമവാർഷികം | 46 |
| വിവേകാനന്ദ സ്വാമികളുടെ കേരള യാത്രയുടെ 125-ാം വാർഷികം | 47 |
| ഭൂമിയിൽ മനുഷ്യന്റെ ഭാവി | 51 |
| ചരമവാർഷികം | 53 |
| കാണാമറയത്ത് | 54 |
| മാസഫലം | 58 |
| മാട്രിമോണിയൽ | 59-66 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

## എഡിറ്റോറിയൽ

# നവോത്ഥാന നായകൻ മന്നത്തുപത്മനാഭൻ

ശബരിമലയിലെ യുവതീപ്രവേശനവുമായി ബന്ധപ്പെട്ട് എൻ. എസ്. എസ് കൈക്കൊണ്ട ധീരവും അഭിനന്ദനാർഹവുമായ തീരുമാനവും അതിനുണ്ടായ അസൂയാവഹമായ ജനപിന്തുണയും കണ്ട് അമ്പരന്ന ചില നിക്ഷിപ്ത താല്പര്യക്കാർ മഹത്തായ ആ സംഘടനയേയും അതിന്റെ ആരാധ്യരായ നേതാക്കന്മാരേയും അവഹേളിക്കുക മാത്രമല്ല എൻ. എസ്. എസ് കരയോഗങ്ങൾക്കുനേരെ പലയിടങ്ങളിലും ആക്രമണങ്ങളും തുടങ്ങിയിരിക്കുന്നു. ഇതുമാത്രമല്ല ലോകാരാധ്യനായ ഭാരതകേസരി മന്നത്തുപത്മനാഭനെ പോലും അധിക്ഷേപിച്ചുകൊണ്ട് പരസ്യമായ പ്രസംഗങ്ങൾക്കുവരെ തുടക്കം കുറിച്ചു കഴിഞ്ഞിരിക്കുന്നു.

കേരളം കണ്ട നവോത്ഥാന നായകന്മാരിൽ എന്തുകൊണ്ടും മുൻനിരയിൽ തന്നെ സ്ഥാനമുള്ള ആ യുഗപുരുഷന്റെ ദീർഘവീക്ഷണവും ഉൾക്കരുത്തോടെയുള്ള ധീരമായ നിലപാടുകളും തദനുസൃതമായ പ്രവർത്തനങ്ങളുമാണ് കേരളത്തെ ഇന്നത്തെ കേരളമാക്കി മാറ്റാൻ ഏറെ സഹായിച്ചത് എന്നത് തർക്കമറ്റ വസ്തുതയാണ്. അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും ആണ്ട് കിടന്ന ഒരു സമൂഹത്തെ അതിൽ നിന്ന് ഉയർത്തിയെടുക്കുകയും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന ആ ഇരുണ്ട കാലത്ത് അതിനെതിരെ അന്ന് ശക്തമായി പടനയിക്കുകയും ചെയ്തു ആ ധീരപുരുഷൻ. അന്ന് ഇവിടെ നിലനിന്നിരുന്ന ജാതിഭേദങ്ങളെ തൂത്തെറിയാനും മുഴുവൻ ഹിന്ദുക്കളേയും ഒരു കുടക്കീഴിൽ ഒന്നിപ്പിച്ച് നിർത്തുന്നതിനും വേണ്ടി അദ്ദേഹം ചെയ്ത അക്ഷീണ പരിശ്രമങ്ങളെ മനസ്സിൽ നന്മയുള്ളവർക്കൊരിക്കലും മറക്കുവാൻ സാധിക്കുകയില്ല. സവർണ്ണർ അവർണ്ണർ എന്ന ഭേദമില്ലാതെ എല്ലാവരേയും ഒന്നായി കണ്ടുകൊണ്ട് എല്ലാവരുടേയും ഉന്നമനത്തിനുവേ

ണ്ടി പ്രവർത്തിച്ച മഹാനായിരുന്നു മന്നത്തുപത്മനാഭൻ. അവർണ്ണർ എന്ന് മുദ്രകുത്തി ക്ഷേത്രങ്ങളിൽ നിന്ന് അകറ്റി നിർത്തുകയും സഞ്ചാരസ്വാതന്ത്ര്യം പോലും നിഷേധിക്കുകയും ചെയ്തിരുന്ന ഒരു വിഭാഗത്തിനുവേണ്ടി വൈക്കത്തു നിന്നും തിരുവനന്തപുരം വരെ നടത്തപ്പെട്ട കാൽ നടജാഥയുടെ പടത്തലവനും മന്നം തന്നെയായിരുന്നു. അവർണ്ണർക്ക് സഞ്ചാരസ്വാതന്ത്ര്യവും ക്ഷേത്രപ്രവേശനവും തുല്യ അവകാശാധികാരങ്ങളും നേടികൊടുക്കേണ്ടത് സവർണ്ണരുടെ കടമയാണെന്ന് പ്രഖ്യാപിച്ച് അതിനുവേണ്ടി അഹോരാത്രം പണിപ്പെട്ട സാമൂഹ്യ പരിഷ്കർത്താവായിരുന്നു മന്നം. വർണ്ണവ്യത്യാസം ഇല്ലാതാക്കുന്നതിനുവേണ്ടി സ്വന്തം പേരിന്റെ കൂടെ ഉണ്ടായിരുന്ന സ്ഥാനപ്പേര് നീക്കം ചെയ്യുകയും സ്വന്തം ഭവനത്തിൽ തന്നോടൊപ്പം തന്റെ പായിൽ അഴകനെയും ഇരുത്തി ഭക്ഷണം കഴിപ്പിക്കുകയും ഒക്കെ ചെയ്ത് പ്രവർത്തനത്തിലൂടെ മാതൃക കാട്ടിയ മഹാനായിരുന്നു അദ്ദേഹം. അന്ന് മറ്റുള്ള പല നേതാക്കളും സ്വന്തം സമുദായാംഗങ്ങൾക്കുവേണ്ടി മാത്രം പരിശ്രമിച്ചപ്പോൾ മന്നം സ്വന്തം സമുദായത്തോടൊപ്പം അവർണ്ണരുൾപ്പടെയുള്ള മുഴുവൻ ഹിന്ദുക്കളുടെയും ഉദ്ധാരണത്തിനുവേണ്ടിയായിരുന്നു പ്രവർത്തിച്ചത്. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം വേണമെന്ന പ്രമേയത്തെ അംഗീകരിക്കാത്ത ദിവാന്റെ നടപടിക്കെതിരെ ശ്രീ. എൻ. കുമാരന്റെ അദ്ധ്യക്ഷതയിൽ 1096-ൽ തിരുവനന്തപുരത്ത് ചേർന്ന പ്രതിഷേധ യോഗത്തിലെ മുഖ്യപ്രാസംഗികനും മന്നം തന്നെയായിരുന്നു. ഗുരുവായൂർ സമരത്തിലും മന്നത്തിന്റെ നിറസാന്നിദ്ധ്യമുണ്ടായിരുന്നു. മന്നത്തിന്റെ നേതൃത്വത്തിൽ എൻ. എസ്.എസ് രൂപം കൊണ്ട കാലം മുതൽ മുഴുവൻ ഹൈന്ദവരേയും ഒന്നിപ്പിക്കുവാനുള്ള ശ്രമം തുടർന്നു പോന്നിരുന്നു. അക്കാലത്ത് ഇങ്ങനെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതിനായി എൻ.എസ്.എസും എസ്. എൻ. ഡി. പി യും ഒന്നിച്ച് യോഗങ്ങൾ നടത്തുക പതിവായിരുന്നു. 1923-ൽ അമ്പലപ്പുഴയിൽ വെച്ച് നടന്ന നായർ മഹാസമ്മേളനത്തിൽ വെച്ച് എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം നൽകുക മാത്രമല്ല സവർണ്ണ അവർണ്ണ ഭേദമില്ലാതെ എല്ലാവർക്കും ക്ഷേത്രത്തിൽ പൂജാദികർമ്മങ്ങൾ നിർവ്വഹിക്കുവാനുള്ള അവകാശവും വേണമെന്നുള്ള പ്രമേയവും പാസ്സാക്കിയിരുന്നു. ഹിന്ദുമണ്ഡലത്തിനു കീഴിൽ എല്ലാ ഹിന്ദുക്കളേയും ഒന്നിച്ചു കൊണ്ടു വരുവാനുള്ള അദ്ദേഹത്തിനന്റെ ശ്രമത്തിനെതിരെയുണ്ടായ രാഷ്ട്രീയപാരമൂലം അത് സഫലമായില്ല. അല്ലായിരുന്നുവെങ്കിൽ ഇന്ന് കേരളത്തിലെ ഹിന്ദുക്കളുടെ അവസ്ഥ എത്രയോ ശോഭനവും കെട്ടുറപ്പുള്ളതുമാകുമായിരുന്നു.

സി.പിയുടെ ദുർഭരണത്തിനെതിരെ ശക്തമായ സമരത്തിന് നേതൃത്വം കൊടുത്ത മന്നത്തിനെ സി. പി. തുറങ്കിലടക്കുകയും എൻ. എസ്. എസ്സിനെതിരെ ഒരുപാട് പ്രതികാര നടപടികൾ കൈക്കൊള്ളുകയും ചെയ്തു. എന്നിട്ടും മന്നം തന്റെ ഹൈന്ദവഐക്യത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറിയില്ല എന്ന് മാത്രമല്ല കന്യാകുമാരിയിലുണ്ടായ ചില അതിരൂക്ഷമായ വർഗ്ഗീയ പ്രശ്നങ്ങളെ നേരിട്ടുകൊണ്ട് അവിടെ ദേവീക്ഷേത്രം പണിയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും അദ്ദേഹം സുപ്രധാനമായ പങ്കു വഹിക്കുകയാണ് ചെയ്തത്. അതുപോലെ 1950 ൽ ശബരിമലക്ഷേത്രം അഗ്നിക്കിരയാക്കിയപ്പോൾ അതിനെതിരെ ശ്രീ. ശങ്കറുമൊന്നിച്ച് ധീരമായ നടപടികളാണ് കൈക്കൊണ്ടത്.

ശബരിമല വിഷയത്തിൽ തന്നെ അത്യന്തം കലുഷിതമായിരിക്കുന്ന ഈയവസരത്തിൽ മന്നം ഉണ്ടായിരുന്നുവെങ്കിൽ എന്ന് സ്വാഭിമാനികളായ ഹിന്ദുക്കളൊക്കെയും ആയിരം വട്ടം ചിന്തിക്കുന്നുണ്ടാകും. അപ്പോഴാണ് സങ്കുചിതമായ രാഷ്ട്രീയ കാഴ്ചപ്പാടിലൂടെ മന്നത്തിനെ നോക്കികാണാനും അദ്ദേഹം നല്കിയ മഹത്തായ സംഭാവനകളെ തമസ്കരിക്കാനും ശ്രമിക്കുന്നത്. അത് കേരളസവോത്ഥാന പ്രസ്ഥാനത്തിനോട് തന്നെ ചെയ്യുന്ന അക്ഷന്തവ്യമായ അപരാധമാണ് - മാപ്പർഹിക്കാത്ത കുറ്റമാണ്. കേരളത്തെ ഇന്നത്തെ നിലയിലേയ്ക്കുയർത്തിയ നവോത്ഥാന പ്രവർത്തനങ്ങൾ നടന്ന കാലത്ത് പിറവിയെടുത്തിട്ടില്ലാത്ത പാർട്ടിയിലെ ചില നേതാക്കളാണ്, എല്ലാ നവോത്ഥാന പ്രവർത്തനങ്ങളുടെയും പിതൃത്വം ഏറ്റെടുത്തുകൊണ്ട് അതിന് നെടുനായകത്വം വഹിച്ച മഹാപുരുഷന്മാരെയും സംഘടനകളേയും തേജോവധം ചെയ്യാൻ ശ്രമിക്കുന്നത്.

മന്നത്താചര്യനെപ്പോലെ സൂര്യതേജസ്സോടുകൂടി ജനമനസ്സുകളിൽ ജ്വലിച്ചു നില്ക്കുന്ന വ്യക്തി പ്രഭാവങ്ങളുടെ മേൽ ചെളിവാരി എറിയുവാൻ ശ്രമിക്കുന്ന ഇരുട്ടിന്റെ സന്തതികളുടെ ശ്രമം വിഫലമാകുമെന്ന് മാത്രമല്ല ജനത്തിന്റെ മുമ്പിൽ അപഹാസ്യരാകുകയും അതിനുള്ള ശിക്ഷ ഏറ്റ് വാങ്ങേണ്ടി വരികയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല.

# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിന്റെ നവതി ആഘോഷത്തോടനുബന്ധിച്ച് ആയതിന്റെ സ്മരണയ്ക്കായി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പലതും ഈ കാലയളവിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും ബൃഹത്തായതും അഭിമാന പദ്ധതിയുമായി നമ്മൾ ഏറ്റെടുത്തിട്ടുള്ളത് നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ് നിർമ്മാണമാണ്. അതിന്റെ ആദ്യ പടിയായി 29.3.2016 ൽ 42.9 സെന്റ് സ്ഥലം തെക്കേ നടയിൽ, കാരക്കാട്ട് റോഡിൽ സ്വന്തമാക്കുകയും തുടർന്ന് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി 2017 ഡിസംബർ 14 ന് ഗസ്റ്റ് ഹൗസിന്റെ ശിലാസ്ഥാപനം നടത്തുകയുമുണ്ടായി. കഴിഞ്ഞ ഒരു വർഷം കൊണ്ട് 6 നിലകളിലെ സിവിൽ വർക്കുകൾ 90% ലധികം പൂർത്തിയാക്കുവാൻ കഴിഞ്ഞു. മറ്റു ജോലികൾക്കുള്ള കരാറുകൾ ഇതോടൊപ്പം തന്നെ പൂർത്തിയാക്കികൊണ്ടിരിക്കുകയാണ്. 2019 ഡിസംബർ 25ന് മുൻപായി ഗസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാൻ തുറന്നുകൊടുക്കണമെന്നാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. ശ്രീഗുരുവായൂരപ്പൻ നമ്മെ അനുഗ്രഹിക്കുകയാണെങ്കിൽ അതിനുമുൻപു തന്നെ ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

മേൽപറഞ്ഞ പദ്ധതിയുടെ ധനശേഖരണാർത്ഥം പ്രിവിലേജ് കാർഡ്, കരയോഗ അംഗങ്ങൾക്കായി ബോണ്ട് സ്കീം എന്നിവ പ്രഖ്യാപിച്ചിട്ടുണ്ട്. കരയോഗാംഗങ്ങളുടെ നിസ്സീമമായ സഹകരണം സാമ്പത്തിക സമാഹരണത്തിന് ആവശ്യമാണ് എന്നിവിടെ സൂചിപ്പിച്ചുകൊള്ളുന്നു. നവതി സ്മാരക ഗസ്റ്റ് ഹൗസിന് വളരെ ലളിതവും അർത്ഥശുദ്ധിയുമുള്ള ഒരു പേര് അംഗങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ഭരണസമിതിയുടെ ആലോചനയിൽ വിവിധ പേരുകൾ ഉണ്ടെങ്കിലും കൂടുതൽ നല്ല പേര് നിർദ്ദേശിക്കുകയാണെങ്കിൽ ആയത് ഗസ്റ്റ് ഹൗസിന് നാമകരണം ചെയ്യുവാൻ വേണ്ടിയാണിത് എന്ന് അറിയിച്ചുകൊള്ളുന്നു.

94-ാമത് കരയോഗം സ്ഥാപകദിനവും കുടുംബസംഗമവും മുൻ വർഷങ്ങളിലെപ്പോലെ സമുചിതമായി ഈ വർഷവും ആഘോഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി ഭക്ഷണത്തിനുള്ള കൂപ്പൺ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്ന് ലഭിക്കുന്നതായിരിക്കും. ഡിസംബർ 25ന് രാവിലെ 5.00 മണിയ്ക്ക് ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ രാവിലെ അഷ്ടദ്രവ്യ ഗണപതി ഹോമത്തോടെ ചടങ്ങുകൾ ആരംഭിക്കുന്നു. 9.30 മുതൽ വിവിധ ആഘോഷ പരിപാടികളും, വൈകുന്നേരം 6.00 മണിയ്ക്ക് അയ്യപ്പൻ പാട്ടും 8.30 ന് അത്താഴത്തോടെ കുടുംബസംഗമം സമാപിയ്ക്കുകയും ചെയ്യും.

മകയിരം നോയമ്പ് ഡിസംബർ 22ന് വൈകുന്നേരം 7.30 മണിയ്ക്ക് കരയോഗം വിമൺസ് ഫോറത്തിന്റെയും സ്ത്രീ സമാജത്തിന്റെയും നേതൃത്വത്തിൽ പരമ്പരാഗത രീതിയിൽ ആചരിക്കുന്നു. എല്ലാ വനിതാ അംഗങ്ങളെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ കിരാതം കഥകളി ഡിസംബർ-18 ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് പ്രതിമാസ പരിപാടിയിൽ ഡിസംബർ-14ന് വെള്ളിയാഴ്ച, വൈകുന്നേരം 6.30ന്-കാരവൻ,കൊച്ചി അവതരിപ്പിക്കുന്ന ഗസൽ, ഖവാലി, സൂഫി സംഗീത സന്ധ്യ ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ഡിസംബർ മാസത്തിലെ പരിപാടിയിൽ 22ന്, ശനിയാഴ്ച, വൈകുന്നേരം 5.00 ന് ഇകിറു സിനിമാ പ്രദർശനം ടിഡിഎം ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**
**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**
**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

# എറണാകുളം കരയോഗം
## 14.12.2018 മുതൽ 13.01.2019 വരെയുള്ള പരിപാടികൾ

| | | |
|---|---|---|
| 14.12.2018 വെള്ളി | 6.30 p.m. | : ബീം പ്രതിമാസ പരിപാടി--ഗസൽ സന്ധ്യ- കാരവൻ,കൊച്ചി |
| 15.12.2018 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 18.12.2018 ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്-കഥകളി- കിരാതം |
| 19.12.2018 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 20.12.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 22.12.2018 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | 5.00 p.m. | :കരയോഗം ഫിലിംക്ലബ്ബ് - ഇകിറു (അകിര കുറസോവ) |
| | 7.30 p.m. | : മകയിരം നൊയ്മ്പ് |
| 25.12.2018 ചൊവ്വ | 9.30 a.m. | : കുടുംബസംഗമം |
| 26.12.2018 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 27.12.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 29.12.2018 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 2.1.2019 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 3.1.2019 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 5.1.2019 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.01.2019 തിങ്കൾ | | : തുഞ്ചൻദിനം |
| 9.1.2019 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 10.1.2019 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 12.1.2019 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 13.01.2019 ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |


**എറണാകുളം കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

**മാംഗല്യം**

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**

***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**

**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**

**ഡി.എച്ച്.റോഡ്, കൊച്ചി 682 016**

**ഫോൺ: 0484 2361160 (Ext. 32)**

**Web: www.karayogammangalyam.com/**

**www.karayogammangalyam.in**

**Email: ekmkgm@gmail.com**

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

ഒരു വർഷം കൂടി കടന്നു പോവുകയാണ്. 2019 നെ വരവേൽക്കാൻ കൂട്ടുകാർ തയ്യാറെടുത്തിരിക്കുമല്ലോ ? എല്ലാവർക്കും നല്ലതു വരട്ടെ എന്ന് നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം. നല്ല സ്നേഹബന്ധങ്ങളും സുഹൃത്ബന്ധങ്ങളും പൂത്തു തളിർക്കട്ടെ. ഒരിക്കലും ആരോടും കോപവും അഹങ്കാരവും വെറുപ്പും ഉണ്ടാവരുത്. ഇതെല്ലാം നമ്മുടെ ശരീരത്തിലെ കോശങ്ങളെ നശിപ്പിക്കാനെ ഉപകരിക്കു കേട്ടോ.

'ഞാൻ' എന്ന ഭാവം വെടിയുക. 'താണ നിലത്തെ നീരോടു' എന്നൊരു ചൊല്ല് തന്നെയുണ്ട്. മലയാളത്തിന്റെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ 'ഹരിനാമ കീർത്തനം' എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഇങ്ങിനെ പറയുന്നു.

ഥല്ലിനു മീതെ പരമില്ലെന്നുമോർത്തുമുട-
നെല്ലാരോടും കുതറി വാപേശിയും സപദി
തള്ളിപ്പുറപ്പെടുമഹം ബുദ്ധി കൊണ്ടു ബത
കൊല്ലുന്നു നീ ചിലരെ നാരായണായ നമഃ

വാക്കു തർക്കങ്ങളും ദേഷ്യവും മറ്റുള്ളവരോട് പ്രകടിപ്പിക്കുമ്പോൾ എന്താണ് സംഭവിക്കുക ? നമ്മുടെ മനസ്സ് മലിനമാവുന്നു. നല്ല ചിന്തകൾക്ക് സ്ഥാനമില്ലാതാവുന്നു. നോക്കിലും വാക്കിലും പെരുമാറ്റത്തിലും ഇത് പ്രകടമാവുന്നു. ഇതൊന്നും മനസ്സിലേക്ക് വരാതിരിക്കാനാണ് കൂട്ടുകാരെ നാമവും സന്ധ്യാവന്ദനവുമൊക്കെ നാം പതിവായി ചെയ്യുന്നത്. എന്ത് തിരക്കുണ്ടെങ്കിലും അല്പ സമയം ഈശ്വരപ്രാർത്ഥന നിർബന്ധമാക്കണം കേട്ടോ. അതിലൂടെ ഞാനെന്ന ഭാവവും ഇല്ലാതാകുന്നു. കൂട്ടുകാർ എന്ത് നേടിയാലും അല്പം പോലും അഹങ്കരിക്കരുത് കേട്ടോ. അഹങ്കാരിയായ കാക്ക അരയന്നങ്ങളെ മത്സരത്തിന് വിളിച്ച മഹാഭാരതത്തിലെ ഒരു കഥ കൂട്ടുകാർ കേട്ടിട്ടുണ്ടോ ?

സമുദ്രം കടക്കാൻ അരയന്നങ്ങളോടാണ് കാക്ക മത്സരിച്ചത്. ഒടുവിൽ കാക്കക്കതിനു കഴിഞ്ഞില്ലെന്നു മാത്രമല്ല അവൻ തളർന്നു നിലം പതിക്കുകയും ചെയ്തു. ഇതേക്കുറിച്ചു എഴുത്തച്ഛൻ എഴുതിയ വരികൾ കൂട്ടുകാർ വായിച്ചു നോക്കൂ.

ദിനം തോറുമെച്ചിൽ കൊടുത്തൊരു വൈശ്യ-
തനയൻമാരായ കുമാരന്മാർ മുന്നം
വളർത്താരെന്നതു നിമിത്തമായ് കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ
മദത്തോട് ചെന്നു വിളിച്ചിതാഴിയെ-
കടക്കണം പറന്നിനിനാമെല്ലാരും
വെളുത്ത മേനിയും ഞെളിവും വെണ്മയും
ഇളച്ചു മുമ്പിനിക്കടക്കയും വേണം
അത് കേട്ടുള്ളിൽ കൗതുകത്തോടന്നവും-
ഉദധിതൻമീതെ പറന്നു മെല്ലവേ
അതിലും മേൽഭാഗത്തധികം വേഗത്തി-
ലതി മോദത്തോടുപറന്നു കാകനും
തെളിഞ്ഞു വായസഗണവുമന്നേരം
തളർന്നു കാകനും ചിറകു മന്ദിച്ചു
കുഴഞ്ഞു വെള്ളത്തിൽ പിടഞ്ഞു വീണുടൻ
കഴിഞ്ഞു കാകൻ തന്നഹങ്കാരമെല്ലാം

ഇതിലെ ഗുണപാഠം കൂട്ടുകാർക്കു മനസ്സിലായിരിക്കുമല്ലോ.

ഇനി ഏകാഗ്രതയെക്കുറിച്ചല്പം കാര്യങ്ങൾ കേട്ടോളു.

എന്ത് പ്രവൃത്തികൾ ചെയ്യുമ്പോഴും അത് നൂറു ശതമാനം ശരിയാവണമെങ്കിൽ ഏകാഗ്രത വേണം കൂട്ടുകാരെ. എങ്കിലേ അത് ഫലപ്രാപ്തിയിലെത്തു. ഒരു കഥ കേട്ടോളൂ. ഒരിക്കൽ ഒരു മഹാരാജാവ് ഒരു കൊല്ലനെ വിളിച്ചു വരുത്തി കുറച്ചു ശരങ്ങൾ ഉണ്ടാക്കണം എന്നാവശ്യപ്പെട്ടു ഒരു ദിവസം പത്തു ശരങ്ങൾ ഉണ്ടാക്കി രാജാവിന് സമർപ്പിക്കാമെന്നേറ്റു അയാൾ. പക്ഷെ രാജാവ് പറഞ്ഞു. എനിക്ക് അമ്പതു ശരങ്ങൾ വേണം. ഇല്ലെങ്കിൽ നല്ല ശിക്ഷ ഏൽക്കേണ്ടി വരും. കൊല്ലന് വിഷമവും സങ്കടവും ഒന്നിച്ചു വന്നു. എങ്കിലും ശിക്ഷ ഭയന്ന് അയാൾ രാവും പകലും ഏകാഗ്രതയോടെ തന്റെ പ്രവർത്തിയിൽ ഏർപ്പെട്ടു. ആ സമയം അയാൾ മറ്റൊന്നും അറിഞ്ഞില്ല. രാജാവ് നിശ്ചയിച്ച സമയത്തിനുള്ളിൽ അയാൾ ശരങ്ങൾ രാജാവിന് സമർപ്പിച്ചു. രാജാവ് സന്തുഷ്ടനായി. കൊല്ലന് ഏറെ പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. ഏകാഗ്രതയുണ്ടെങ്കിൽ എന്തും പരിശ്രമം കൊണ്ട് എന്തും നേടാനാവും എന്ന് മനസ്സിലായില്ലേ കൂട്ടുകാരെ.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 നവംബർ മാസത്തിൽ സംഭാവന നൽകിയവർ

എറണാകുളം കരയോഗം സെക്രട്ടറി ശ്രീ. കെ. ജനാർദ്ദനനും ഭാര്യ അജിതയും ചേർന്ന് അവരുടെ മകൾ വിദ്യയുടെയും ശ്രീ ഹരിപ്രസാദിന്റെയും വിവാഹത്തോടനുബന്ധിച്ച് എറണാകുളം കരയോഗം ജീവകാരുണ്യഫണ്ടിലേക്കുള്ള സംഭാവനായായി 1,07,500/- രൂപയുടെ ചെക്ക് പ്രസിഡന്റ് ശ്രീ കെ പി കെ മേനോന് കൈമാറുന്നു.



| | |
|---|---|
| 2. ശ്രീ. രവീന്ദ്രൻ മേനോൻ, 1 എ, കാവ്യ, സെൻട്രൽ സോൺ അപ്പാർട്ട്മെന്റ് അമ്മൻകോവിൽ റോഡ്, എറണാകുളം - 682035 | 32,000/- |
| 3. ആയുർവ്വേദിക് ട്രസ്റ്റ്, രാമനാഥപുരം, കോയമ്പത്തൂർ | 25000/- |
| 4. ശ്രീ . ടി. എൻ. ടി. നായർ, കൈരളി അപ്പാർട്ട്മെന്റ്സ്, പനമ്പിള്ളി നഗർ, കൊച്ചി - 36 | 10,000/- |
| 5. ശ്രീ. എം. നന്ദകുമാർ, 49/4, അക്ഷയ കോളനി, മോഗപ്പയാർ, ചെന്നൈ | 10,000/- |
| 6. ശ്രീ. ഗോപു, 7ബി, സിൽവർ ലോൺ അപ്പാർട്ട്മെന്റ്, 3 ജവമലെ, മരോട്ടിതോട്, ഇടപ്പള്ളി- 24 | 8500/- |
| 7. ശ്രീ. ലക്ഷ്മിനാരായണ സേതുമാധവൻ, കൊടക്കാട്ട് ഹൗസ്, കാരിക്കാമുറി ക്രോസ് റോഡ്, കൊച്ചി -11 | 5,000/- |
| 8. ശ്രീ. മോഹനദാസൻ, വരുണ, ഹൗസ് നമ്പർ 37/198, പാലാരിവട്ടം, കൊച്ചി - 682025 | 5,000/- |
| 9. ശ്രീ. പി. നാരായണൻകുട്ടി, കൃഷ്ണ വിലാസ്, എളമക്കര, കൊച്ചി - 26 | 5,000/- |
| 10. ശ്രീ. ജവഹർലാൽ, 28/369, വൈഷ്ണവ്, കെ. പി. വള്ളോൻ റോഡ്, ഗാന്ധി ലെയിൻ കടവന്ത്ര, കൊച്ചി - 682020 | 5,000/- |
| 11. ശ്രീ. കെ. പ്രഭാകരൻ, ഡി - 45, ആരാം കോപ്പറേറ്റീവ് സൊസൈറ്റി, വക്കോല, സാന്താക്രൂസ് ഈസ്റ്റ്, മുംബൈ | 5,000/- |
| 12. ശ്രീ. വി.ജി. ഭാസ്കരൻ നായർ, പത്മശ്രീ അപ്പാർട്ട്മെന്റ്, നെറ്റിപ്പാടം റോഡ്, എറണാകുളം | 5,000/- |

# മകയിരം നോയമ്പ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ തിരുവാതിര ആഘോഷത്തോടനുബന്ധിച്ചുള്ള മകയിരം നോയമ്പ്, പതിവുപോലെ ഈ വർഷവും 2018 ഡിസംബർ മാസം 22 -ാം തീയതി വൈകിട്ട് 7.30 മണി മുതൽ നടത്തപ്പെടുന്നു. നായർ സ്ത്രീ സമാജത്തിന്റെയും കരയോഗം വുമൻസ് ഫോറത്തിന്റെയും സഹകരണത്തോടെ ഉറക്കമിളപ്പ്, എട്ടങ്ങാടി തുടങ്ങിയ പരമ്പരാഗത രീതികളോടുകൂടിയാണ് ആഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. ഏവർക്കും സ്വാഗതം.**

രാഗപരിചയം

# ചലനാട്ട

ഡോ. ജയലക്ഷ്മി നന്ദകുമാർ

36 -ാമത്തെ മേളകർത്താ രാഗമാണ് ചലനാട്ട. 72 മേളകർത്താ പട്ടികയിൽ 6 -ാമത്തെ ചക്രമായ ഋതു ചക്രത്തിൽ 6-ാമത്തെ രാഗമാണ് ചലനാട്ട. സാങ്കേതിക നാമം 'ഋതു-ഷ' എന്നാകുന്നു. ഇതൊരു സമ്പൂർണ്ണ രാഗമാണ്.

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ഷഡ്ശ്രുതി രിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ഷഡ്ശ്രുതി ധൈവതം, കാകളി നിഷാദം.

ഷഡ്ശ്രുതി രിഷഭം സാധാരണ ഗാന്ധാരത്തിന്റെ സ്ഥാനം ആയതുകൊണ്ട്, സാധാരണ ഗാന്ധാരവും അന്തരഗാന്ധാരവും ഒരുമിച്ചു വരുന്ന അവസരത്തിൽ ചലനാട്ടയെ വിവാദി രാഗമെന്നും വിളിക്കുന്നു. പ്രസന്നത നിറഞ്ഞ ഒരു രാഗം കൂടിയാണിത്.

ചലനാട്ടയുടെ ജന്യരാഗങ്ങളാണ് നാട്ട, ഗംഭീര നാട്ട, ഗാനരഞ്ജിനി, ദേവനാട്ട തുടങ്ങിയ രാഗങ്ങൾ. രസികപ്രിയ ചലനാട്ടയുടെ പ്രതിമദ്ധ്യമ രാഗമാണ്. വീണ്ടും വീണ്ടും കേൾക്കാൻ ശ്രോതാക്കളെ മോഹിപ്പിക്കുന്ന തരത്തിൽ വശ്യതയുള്ള രാഗമാണ് ചലനാട്ട.

രാഗാലാപനത്തിനും മറ്റും സാദ്ധ്യത കുറവുള്ള രാഗമാണിത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. രാജാധിരാജ | - ആദി | - | ബാലുസ്വാമി ദീക്ഷിതർ |
| 2. നാഗാത്മജ മനോഹര | - ആദി | - | ബാലമുരളീ കൃഷ്ണ |
| 3. ഏതയ്യാ ഗതി | - ആദി | - | കോടീശ്വര അയ്യർ |
| 4. മാർഗഴി തിങ്കൾ (തിരുപ്പാവൈ) | - ആദി | - | ആണ്ടാൾ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. പാവക ജ്വാലകൾ ഉയരുന്നു | - | എന്റെ ശത്രുക്കൾ |
| 2. മോഹംകൊണ്ടു ഞാൻ | - | ശേഷം കാഴ്ചയിൽ |
| 3. വിണ്ണിലെ ഗന്ധർവ്വ | - | രാജാവിന്റെ മകൻ |
| 4. ഋതുമതിയായ് തെളിമാനം | - | മഴനിലാവ് |
| 5. പാൽക്കടലിലുയരും | - | റോമിയോ |
| 6. പനിവിഴും മലർവനം | - | നിനൈവെല്ലാം നിത്യ |
| 7. കൊത്തമല്ലി പൂവേ | - | കല്ലുക്കുൾ ഈറം |

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
## 2018 ഡിസംബർ /2019 ജനുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 13.12.18 | എം. രാജലക്ഷ്മി | പി. പ്രഭാകരമേനോൻ | Election &Democracy | 996 |
| 20.12.18 | | കല്പകവല്ലി | ഉത്തരരാമായണത്തിലൂടെ 2-ാം ഭാഗം | 997 |
| 27.12.18 | | പി. രാമാനുജൻ | ആശാൻ- ആശയഗംഭീരൻ | 998 |
| 08.12.18 | എസ്. ശ്രീകുമാർ | സി. രാമചന്ദ്രൻ | നവോത്ഥാനത്തിന്റെ പരിണാമം | 999 |
| 10.1.19 | എൽഡർ സിറ്റിസൺ ഫോറത്തിന്റെ 1000-ാമത് യോഗ ആഘോഷങ്ങൾ | | | 1000 |

വാസ്തു

# വാസ്തു

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

വളരെ അധികം ആളുകൾ കന്നിമൂലയിൽനിന്നും Septic Tank, Toilet എന്നിവ തിരക്കുപിടിച്ചു മാറ്റികൊണ്ടിരിക്കുന്നു. കഴിഞ്ഞ 52 കൊല്ലമായി ഞാൻ വാസ്തു നോക്കുന്ന ഒരാളാണ്. ഇതുവരെ ആരോടും കന്നിമൂലയിൽ നിന്നും Septic Tank, Toilet എന്നിവ മാറ്റി പണിയാൻ നിർബന്ധിച്ചിട്ടില്ല. ഏറ്റവും വലിയ വിഷമം കന്നിമൂലയുടെ സ്ഥാനം കൃത്യമായി അറിയാത്തവരും ധാരാളമുണ്ട്. വേദങ്ങളുടെ കാലം മുതൽ പല ബുദ്ധമതഗ്രന്ഥങ്ങളിലും, ഈ വിഷയം കൈകാര്യം ചെയ്യതിട്ടുണ്ട് എന്നുള്ളതാണ്. ("Acharya P K, Hindu Architecture in India and abroad, manasara Seriers") 300 ൽ കൂടുതൽ പുസ്തകങ്ങളിൽ വാസ്തു വിദ്യയെപറ്റി പറയുന്നതായി രേഖപെടുത്തിയിട്ടുണ്ട്. Mayamatha, Manasara, Samamarankana suradhara are some of the well known texts കേരളത്തിൽ Thirumangalath Neelakantan Musad (മൂസ്) സംസ്കൃതത്തിൽ എഴുതിയിട്ടുള്ള മനുഷ്യാലയചന്ദ്രിക പലരും മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ചേന്നാസ് നമ്പൂതിരിപ്പാട് "Tantrasamuchaya" എന്ന പുസ്തകത്തിൽ വാസ്തുവിദ്യയെപ്പറ്റി പറയുന്നുണ്ട്. ഇതെല്ലാം 16-ാം നൂറ്റാണ്ടിന് മുമ്പുള്ള പുസ്തകങ്ങളാണ്. ഇതിൽ ഒന്നിലും ഒരു സ്ഥലത്തും കന്നിമൂലയിൽ Septic Tank, Toilet എന്നിവ മാറ്റണമെന്ന് പറയുന്നില്ല. ചില പ്രത്യേക സ്ഥലങ്ങളിൽ കന്നിമൂലയിൽ കിണർ കുഴിക്കാമെന്നും പറയുന്നുണ്ട്. എല്ലാ സ്ഥലത്തും ഒരേ അളവുകോൽ ഒരിക്കലും ഉപയോഗിക്കുവാൻ സാധിക്കില്ല. ലോകത്ത് എല്ലാ മനുഷ്യരും കണ്ടാൽ ഒരുപോലെയാണ്. എന്നാൽ അവരുടെ തൊലിയുടെ നിറവും ശബ്ദവും ഉയരവും തുക്കവും കണ്ണിന്റെ ആകൃതിയും മുടി, തല, കൈ, കാൽ എന്നീ അവയവങ്ങൾക്ക് വ്യത്യാസങ്ങളുണ്ട്. അതു പോലെ Cosmic energy യുടെ സ്വാധീനം ശാസ്ത്രീയമായിത്തന്നെ ഓരോ വീട്ടിലും താമസിക്കുന്നവർക്ക് വ്യത്യസ്ഥമായി അനുഭവപ്പെടും. പ്രകൃതിയിലുള്ള energy വീടിന് കിട്ടികഴിഞ്ഞാൽ വീട്ടിൽ താമസിക്കുന്നവർക്ക് അതിന്റേതായ ഗുണം തീർച്ചയായും കിട്ടും. എല്ലാസ്ഥലത്തും ആകാശം, വായു, അഗ്നി, ജലം, എന്നിവയുടെ സ്വധീനം ഓരോ വിടിനും ഓരോ പറമ്പിലും ജിവിക്കുന്നവരുടെ ആരോഗ്യത്തിനും മനശാന്തിക്കും വേണ്ടി എങ്ങനെ ഉപയോഗിക്കാം എന്നതിന്റെ പരീക്ഷണം മാത്രമാണ് വാസ്തുശാസ്ത്രം. കന്നിമൂലയിൽ നിന്നും Septic Tank, Toilet, Gate, കിണർ, എന്നിവ മാറ്റുന്നതിന് മുമ്പ് വാസ്തു വിദഗ്ദ്ധനെ വിളിക്കുന്ന പക്ഷം അനാവശ്യമായ ധനനഷ്ടം, സമയം എന്നീ ബുദ്ധിമുട്ടുകൾ ഒഴിവാക്കാവുന്നതാണ്. വാസ്തു ശാസ്ത്രം മഹാസമുദ്രം പോലെയുള്ള ഒരു വിഷയമാണ്. വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ പല പ്രശ്നങ്ങളും ഉണ്ടായിക്കൂടെന്നില്ല,

വളരെ Common ആയി ഉപയോഗിക്കാവുന്നത് ഉദയം വരുന്ന അടുക്കളയും അസ്തമയം വരുന്ന കിടപ്പുമുറിയും ആയിരിക്കണം എന്നുള്ളതാണ്. മതിലുകൾ കെട്ടുകയാണെങ്കിൽ വടക്കുകിഴക്കേ മൂലയിലേയ്ക്ക് മഴവെള്ളം ഒഴുകാൻ പാകത്തിന് ശരിയാക്കണം. തെക്കുപടിഞ്ഞാറെ മുലയിൽ Gate

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 ഡിസംബർ മാസം 9-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

*ജനറൽ സെക്രട്ടറി*

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**സമർത്ഥ് രാംദാസ്**

തുകാറാമിന്റെ സമകാലികനായിരുന്ന ഒരു ഋഷികവിയാണ് സമർത്ഥ് രാംദാസ്. എ.ഡി. 1608 ൽ ഔറംഗബാദ് ജില്ല യിൽ ഗോദാവരി തീരത്തുള്ള ജാംബ ഗ്രാമത്തിൽ ജനിച്ചു. സുര്യാജിപന്തും രണുബാബിയുമായിരുന്നു മാതാപിതാക്കൾ. യഥാർത്ഥനാമധേയം നാരായൺ സൂര്യാജി തോസർ. ഗംഗാധർ എന്നൊരു സഹോദ രനുമുണ്ടായിരുന്നു. തലമുറകളായി സൂര്യദേവനെയും ശ്രീരാമനെയും ആരാധിച്ചിരുന്ന കുടുംബമായിരുന്നു അത്. ബാല്യം മുതൽക്കുതന്നെ ഹനുമാനും ശ്രീരാ മനുമായിരുന്നു രാംദാസിന്റെ ഉപാസനാമൂർത്തികൾ. ജനിമൃതിസമ്മിശ്രമായ സംസാരചക്രത്തെക്കുറിച്ച് അന്നു തന്നെ അദ്ദേഹം തിരിച്ചറിഞ്ഞു.പതിനൊന്നു വയസ്സുള്ളപ്പോൾ അദ്ദേഹത്തിനു ബോധോദയമുണ്ടാ യി. ശ്രീരാമദേവന്റെ ദർശനഭാഗ്യവും സിദ്ധിച്ചു. കൃ ഷ്ണാനദിയുടെ തീരത്തേയക്കു ചെല്ലുക! ധർമ്മത്തെ ഉദ്ധരിക്കുക! സിസോദിയാ രാജവംശത്തിൽ ഒരു ഈ ശ്വരാംശം അവതരിക്കാൻ പോകുന്നു! അദ്ദേഹത്തെ ഭക്തിമാർഗ്ഗത്തിലൂടെ നയിക്കുക! എന്നായിരുന്നു ശ്രീ രാമന്റെ കൽപ്പന.

മാതാവിന്റെ ആഗ്രഹപ്രകാരം രാംദാസ് വി വാഹത്തിനു സമ്മതം മൂളി. കേവലം പന്ത്രണ്ടു വയസ്സുള്ളപ്പോൾ അമ്മ കണ്ടെത്തിയ വധുവിനെ പരിഗ്രഹിക്കാൻ അദ്ദേഹം വിവാഹമണ്ഡപത്തിലെ ത്തി. പാണിഗ്രഹണത്തിനു തൊട്ടുമുമ്പ് വിരക്ത നായിത്തീർന്ന അദ്ദേഹം വിവാഹമണ്ഡപം വിട്ടിറ ങ്ങി;നേരെ നാസിക് ജില്ലയിലെ പഞ്ചവടിയിലേക്കു ചെന്നു. ശ്രീരാമൻ സീതയോടും ലക്ഷ്മണനോടു മൊപ്പം വനവാസമനുഷ്ഠിച്ച സ്ഥലമായിരുന്നല്ലോ പഞ്ചവടി. അവിടെനിന്ന് ഗോദാവരി-നന്ദിനി സംഗ മസ്ഥാനമായ തക്ളി ഗ്രാമത്തിലെത്തി. ഏറെക്കാലം അവിടെ തപസ്സിരുന്നു. രാവും പകലും രാമഭക്തിയിൽ മുഴുകിയ ഒരു തപസ്യ! സൂര്യനമസ്കാരവും മുട ക്കിയില്ല. പന്ത്രണ്ടുവർഷംകൊണ്ട് 'ശ്രീരാം ജയരാം ജയജയരാം' എന്ന മന്ത്രം പതിമൂന്നുകോടി തവണ ഉരുവിട്ടതിന്റെ അനന്തരഫലമെന്നോണം അദ്ദേഹ ത്തിന് വീണ്ടും ഭഗവദ്ദർശനം സിദ്ധിച്ചു. 'സമർത്ഥ്' എന്ന ബിരുദവും അഷ്ടസിദ്ധികളും നൽകി ശ്രീരാമൻ ഭക്തനെ അനുഗ്രഹിച്ചു. അതോടെ അദ്ദേഹത്തെ എല്ലാവരും സമർത്ഥ് രാമദാസ് എന്നു സംബോധന ചെയ്യാൻ തുടങ്ങി. മറ്റൊരവസരത്തിൽ അദ്ദേഹത്തിന് ദത്താത്രേയ സ്വാമിയുടെ ദർശനവും ലഭിച്ചു.

എ.ഡി. 1632-ൽ അദ്ദേഹം തന്റെ ആത്മീയപ ര്യടനത്തിനു തുടക്കംകുറിച്ചു. തക്ലിയിൽ നിന്നു പുറ പ്പെട്ട് പന്ത്രണ്ടുവർഷങ്ങൾകൊണ്ട് ഭാരതമൊട്ടാകെ അദ്ദേഹം സഞ്ചരിച്ചു. ഇടക്കിടെ 'ഘാലു'(ഗുഹ)കളിൽ ഏകാന്ത ധ്യാനത്തിലിരുന്നു. രാംഘൽ, മോർഘൽ, തൊണ്ടോഷിഘാൽ, താക്ലി, ചന്ദ്രഗിരി, ഹെൽവാൽ, ഷിഗൻവാടി, ശിവ്ഥാർഘാൽ തുടങ്ങിയ ഗുഹകൾ അവയിൽ ചിലതുമാത്രം. ഇന്നും ഈ ഗുഹകൾ തീർ ത്ഥാടകരെ ആകർഷിച്ചു പോരുന്നു.

പ്രകൃതിദുരന്തങ്ങളും ക്ഷാമവും മുസ്ലീം അധി നിവേശങ്ങളും താറുമാറാക്കിയ ജനജീവിതം നേരി ട്ടുകണ്ട അദ്ദേഹത്തിന്റെ മനം നൊന്തു. ദാരിദ്ര്യ ദുഃഖത്തിലും ഭീതിയിലും കഴിഞ്ഞുകൂടിയ ഒരു ജന തയുടെ ദാരുണമായ കഥ പറയാൻ രാംദാസ് തീരു മാനിച്ചു. അതിന്റെ അനന്തരഫലമായി രചിക്കപ്പെട്ട രണ്ടു ഗ്രന്ഥങ്ങളാണ് 'അസ്മാനിസുൽത്താനിയും' 'പരചക്രനിരൂപണവും'! ഭാരതത്തിൽ രചിക്കപ്പെട്ട 'സന്ത് സാഹിത്യ'ത്തിൽ മദ്ധ്യകാലഭാരതത്തിലെ ദുരിതം നിറഞ്ഞ ജീവിതം രേഖപ്പെടുത്തിയിട്ടുള്ള രണ്ടേ രണ്ടു ഗ്രന്ഥങ്ങളാണ് ഇവ.

സമൂഹത്തിലെ അരാജകത്വം മൂലം അന്ധയു ഗത്തിൽപ്പെട്ടുഴലുന്ന ജനതയെ ഉദ്ധരിക്കാൻ, ജന ങ്ങളിൽ ആത്മവിശ്വാസമുണർത്താൻ ഒരു നൂതന ഭക്തിസമ്പ്രദായം ആവിഷകരിക്കാൻ അദ്ദേഹം തീരു മാനിച്ചു. ഈ ലക്ഷ്യത്തോടെ എ.ഡി. 1644 ൽ അദ്ദേ ഹം ചഫൽ ഗ്രാമത്തിൽ ശ്രീരാമന്റെ ഒരു വിഗ്രഹം സ്ഥാപിച്ച് രാമജന്മോത്സവം ആഘോഷിച്ചു. ആബാല വൃദ്ധം ഗ്രാമീണരും ഈ ഉത്സവത്തിൽ പങ്കുചേർന്നു. സുഭാഷിതങ്ങളിലൂടെ അദ്ദേഹം അവർക്കു ശക്തി പകർന്നു. ഹനുമാനെ അദ്ദേഹം ശക്തിയുടെ പ്രതീക മായി അവതരിപ്പിച്ചു. 'കഠിനമായി അദ്ധ്വാനിക്കുക!ഒ ന്നിച്ചു നിൽക്കുക!അനീതിയെ ചെറുക്കുക!' അദ്ദേഹം

യുവാക്കളോട് ആഹ്വാനം ചെയ്തു.

ഗൃഹസ്ഥന്റെ ധർമത്തെക്കുറിച്ച് അദ്ദേഹം ജനങ്ങളെ ഉദ്‌ബോധിപ്പിച്ചു. ഭാരതമൊട്ടാകെ പാഠശാലകൾ സ്ഥാപിച്ച് തന്റെ ദർശനങ്ങൾ പ്രചരിപ്പിച്ചു. തത്ഫലമായി അദ്ദേഹത്തിന് ധാരാളം അനുയായികളുണ്ടായി. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു വരേണ്ടതിന്റെ പ്രാധാന്യമെത്രയെന്ന് രാംദാസ് ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. മാതൃശക്തിയെ ബഹുമാനിക്കാനും സ്ത്രീകളെ ആത്മീയകാര്യങ്ങളിൽ ഉൾപ്പെടുത്താനും അദ്ദേഹം സമൂഹത്തോട് ആഹ്വാനം ചെയ്തു. 'ജാതിയെയും മതത്തെയും ഉപേക്ഷിക്കുക! മാനുഷ്യരെല്ലാവരും തുല്യരാണ്! അന്ധവിശ്വാസങ്ങളെ അകറ്റിനിർത്തുക!' തുടങ്ങിയ ഉപദേശങ്ങളിലൂടെ രാംദാസ് സമൂഹത്തിൽ പരിവർത്തനത്തിന്റെ കാഹളം മുഴക്കി.

തന്റെ അന്ത്യം മുൻകൂട്ടിയറിഞ്ഞ അദ്ദേഹം അനുയായികൾക്ക് വേണ്ടുന്ന നിർദേശങ്ങൾ നൽകി. 'എന്റെ ശരീരം നിങ്ങളോടൊപ്പമില്ലാതാവുമെങ്കിലും എന്റെ ഗ്രന്ഥങ്ങളിലൂടെ ഞാൻ നിങ്ങളോടൊപ്പമുണ്ടാവും!' മറാത്തിയിൽ അദ്ദേഹം രചിച്ച 'ദാസബോധ!' എന്ന ഗ്രന്ഥം ഭാരതീയ സാഹിത്യത്തിനു വലിയ മുതൽക്കൂട്ടാണ്. മനസിലേക്കു വെളിച്ചം പകരുന്ന 205 മറാഠിപദങ്ങളുടെ സംഗ്രഹമായ 'മനാംചേശ്ലോക്' ആണ് രാമദാസിന്റെ മറ്റൊരു രചന. 'ആത്മാറാം', 'നമപഞ്ചക്', 'ആനന്ദവൻഭുവൻ', 'ശിവകല്യാണരാജ്', തുടങ്ങിയ രാമദാസ് രചനകൾക്ക് ഇന്നും ഏറെ ജനസമ്മതിയുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതി ശ്രീഗണേശ ആരതിയാണ്. 'സുഖ്കർതാ ദുഖ്ഹർതാ വാർത്താവിഘ്നാംചി' എന്ന ആരതിഗീതം ജനസമ്മതിയുടെ കാര്യത്തിൽ ഇന്നും മുൻശ്രേണിയെ അലങ്കരിക്കുന്നു. 'സത്രാണേ ഉഢാണേ ഹുങ്കാർ വദാനി' എന്ന ഹനുമാൻ ആരതിയും 'പഞ്ചാനൻ ഹൈവഹൻ സുരഭൂഷണ് ലീലാ' എന്ന ഖൺഡോബാ ആരതിയും സമർത്ഥ് രാംദാസ് രചിച്ച ആരതിഗീതങ്ങളാണ്. 'ദാസബോധ്' എന്ന ഗ്രന്ഥം മറ്റു ഭാരതീയഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 'ദാസബോധ' ഗ്രന്ഥത്തിന്റെ മൂലം ഇന്നും തഞ്ചാവൂർ മഠത്തിന്റെ സംരക്ഷണയിലാണ്. ദക്ഷിണേന്ത്യൻ സന്ദർശനവേളയിൽ സമർത്ഥ്‌രാംദാസ് സ്വയം സ്ഥാപിച്ച മഠമാണ് ഇത്. സമർത്ഥ് രാംദാസിന് ധാരാളം ശിഷ്യന്മാരുണ്ടായി. കല്ല്യാൺ സ്വാമിയായിരുന്നു അവരിൽ പ്രമുഖൻ. ഗുരു നടത്തിയ പരീക്ഷകളിലെല്ലാം വിജയിച്ച് രാംദാസിന്റെ അടുത്ത അനുയായിത്തീരാൻ അദ്ദേഹത്തിനു സാധിച്ചു. സാഹിത്യരചനകൾ പകർത്തിയെഴുതിയിരുന്നതും കല്ല്യാൺ സ്വാമിയായിരുന്നു. ഉദ്ദവസ്വാമി, വേണ്ണാസ്വാമി, അക്കാബായി, ഭീംസ്വാമി, ദിവാകർ സ്വാമി, ദിനകർസ്വാമി, അനന്ത്ഭുവരാമദാസി, സമുദ്ധാ, രേണുകാസ്വാമി തുടങ്ങിയവർ സമർത്ഥ് രാംദാസിന്റെ ശിഷ്യരിൽ പ്രമുഖരാണ്.ഇവരിൽ 18പേർ സ്ത്രീകളും, ശക്തിയുടെ പ്രതീകങ്ങളുമായിരുന്നു. വേണ്ണാബായി മീറജിലെ പാഠശാലയുടെയും അക്കാബായി ചാഫൽ, സജ്ജൻഗഡ് എന്നീ പാഠശാലകളുടെയും ചുമതലകൾ വഹിച്ചുപോന്നു. സജ്ജൻഗഢിൽ വെച്ച് രാംദാസിന്റെ ധന്യമായ ജീവിതം ഈശ്വരനിൽ ലയിച്ചു.ഇരുപതാം നൂറ്റാണ്ടിൽ നാനാധർമാധികാരി എന്ന ആചാര്യനാണ് സമർത്ഥ് രാമദാസിന്റെ ദർശനങ്ങൾ പ്രചരിപ്പിച്ചു പോന്നത്.

**പ്രതിഫലനങ്ങൾ**

ഇത്തരുണത്തിൽ മഹാരാഷ്ട്രയിൽ ഭക്തി പ്രസ്ഥാനത്തിനു പരോക്ഷമായ സംഭാവനകൾ നൽകിയ മഹിപതി, നിനോബ എന്നിവരുടെയും തുകാറാമിന്റെ സഹോദരനായ കൻഹോബയുടെയും പേരുകൾ സ്മരണീയമാകുന്നു.

ഏക്നാഥിന്റെ പൗത്രനായ മുക്തേശ്വർ മികച്ച നിലവാരം പുലർത്തിയ ഒരു ഭക്തകവിയായിരുന്നു. മഹാഭാരതഭാഷ്യമാണ് ഇദ്ദേഹത്തിന്റെ രചനകളിൽ മുഖ്യമായത്. മുക്തേശ്വറിന്റെ പല രചനകളും വീണ്ടെടുക്കാനായിട്ടില്ല.

വിഷ്ണുദാസ് നാമാ എന്ന കവി മഹാരാഷ്ട്രയിലെ ഭക്തകവികളുടെ ജീവചരിത്രങ്ങൾ രേഖപ്പെടുത്തിയ വ്യക്തിയാണ്. ' മഹാഭാരതത്തിലെ പതിനെട്ടു പർവ്വങ്ങളും മറാത്തിയിലേക്കു സമ്പൂർണ്ണ വിവർത്തനം ചെയ്തതും ഇദ്ദേഹമാണ്.

വിഷ്ണുദാസ് മുദ്ഗൽ, ശിവകല്യാൺ എന്നിവരും മറാത്തി ഭക്തികാവ്യങ്ങളിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ച കവികളത്രേ!

വാർക്കരികളുടെ ചുവടുപിടിച്ച് ചില മുസ്ലീം ഋഷികവികൾ ഭക്തികാവ്യങ്ങൾ രചിച്ചു. ഷെയ്ക്ക് മുഹമ്മദ്, ശെയ്ക്ക് സുൽത്താൻ, (ദാദു പിഞ്ചരി ഹുസൈൻ) എന്നിവരുടെ പേരുകൾ എടുത്തുപറയേണ്ടതുണ്ട്. കവി അംബർ രചിച്ച ഭഗവത്ഗീതാ വ്യാഖ്യാനം, അംബർ ഹുസൈനി എന്ന പേരിൽ അറിയപ്പെട്ടു. മതത്തിന്റെ വേലിക്കെട്ടുകൾ തകർത്ത് ഭക്തിപ്രസ്ഥാനം മുന്നേറിയതിന്റെ ഏറ്റവും വലിയ തെളിവാണ് 'അംബർ ഹുസൈനി.'

**ആസ്സാം**

തുടരെത്തുടരെയുണ്ടായ വിദേശാക്രമണങ്ങൾ മൂലം ശോഷിച്ചു പോയ ഒരു നാട്ടുരാജ്യമായിരുന്നു കാമരൂപ (കാമടാരാജ്യം). മൗലികമായ സംസ്കാരം ഇതിനെ മറ്റു പ്രവിശ്യകളിൽ നിന്നു വേറിട്ടുനിർത്തി.

പിൽക്കാലത്ത് ഈ പ്രവിശ്യ ആസ്സാം എന്നറിയപ്പെട്ടു.ഇന്ത്യയൊട്ടാകെ അലയടിച്ച ഭക്തിപ്രസ്ഥാനം ആസ്സാമിലും പ്രതിധ്വനികളുയർത്തി. അതോടെ പൈതൃകസംസ്കാരത്തെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ഒരവബോധം സൃഷ്ടിക്കപ്പെട്ടു.

എ.ഡി. 13-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ കാമരൂപ വാണിരുന്ന ദുർലഭനാരായണൻ എന്ന രാജാവ് കവികളെയും പണ്ഡിതന്മാരെയും ആവോളം പ്രോത്സാഹിപ്പിച്ചു. ഇദ്ദേഹത്തിന്റെ കാലത്താണ് ആസാമീസ് ഭാഷക്ക് ചാരിനിൽക്കാൻ ഒരു ചുമർ ലഭിച്ചത്. ആസ്സാമീസിൽ സാഹിത്യസൃഷ്ടി നടത്താൻ അദ്ദേഹം കവികളെയും പണ്ഡിതൻമാരെയും പ്രോത്സാഹിപ്പിച്ചു.കൊട്ടാരം കവികളിൽ പ്രമുഖനായ ഹരിവരവിപ്രൻ തന്റെ 'ബഭ്രുബാഹണർയുദ്ധ' എന്ന കൃതിയിൽ ദുർലഭനാരായണനെ 'കാമരൂപയുടെ നായകൻ' എന്നു വാഴ്ത്തുന്നു. ഗൗരീദേവിയെ പ്രകീർത്തിച്ചു കൃതികളെഴുതിയതു കൂടാതെ മഹാഭാരതത്തിൽ നിന്നും രാമായണത്തിൽ നിന്നും പ്രസക്തഭാഗങ്ങൾ തിരഞ്ഞെടുത്ത് ആസ്സാമീസ്സ് ഭാഷയിൽ പുനരാവിഷ്കാരം നൽകുകയും ചെയ്തു. ഇപ്രകാരം പുരാണേതിഹാസങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായി.

ഹരിവരവിപ്രന്റെ സമകാലികനായ ഹേമസരസ്വതിയും പുരാണകഥകൾ ആസ്സാമീസ് ഭാഷയിൽ പുനരവതരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രഹ്ളാദചരിതം സമൂഹത്തിൽ കാര്യമായ ചലനം സൃഷ്ടിച്ചു. ഇസ്ലാം അധിനിവേശങ്ങൾക്കിടയിൽ ആത്മാവു നഷ്ടപ്പെട്ട ജനങ്ങൾക്ക് പ്രാണവായുവിനു സമമായി പ്രഹ്ലാദചരിതം. ഹേമ സരസ്വതിയുടെ ഹരഗൗരീസംവാദം ഏറെ പ്രാധാന്യം നേടി. 900 പദ്യങ്ങളടങ്ങിയ ആ കൃതി നിരക്ഷരരെപ്പോലും ആത്മീയതയിലേക്കു നയിച്ചു. മാത്രമല്ല അവരെ യോഗസാധന യിലേക്കാകർഷിക്കുകയും ചെയ്തു.

കാമട രാജാക്കന്മാരുടെ തണലിൽ വളർന്ന മറ്റു രണ്ടു ഭക്തകവികൾ കൂടിയുണ്ട്, കവി രത്നസരസ്വതിയും! രുദ്രകണ്ഡലിയും! തിന്മക്കെതിരെ നന്മ പ്രചരിപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇവരുടെ കൃതികൾ യഥാക്രമം ജയദ്രഥവധവും സാത്യകിപ്രവേശനവുമാണ്. ഏതാണ്ട് ഇക്കാലത്തുതന്നെ ആസ്സാമിന്റെ മറ്റൊരു ഭാഗത്ത് (ഇന്നത്തെ നൗഗോങ്) കചരിരാജാക്കന്മാരുടെ പ്രോത്സാഹനത്തിൽ ഒട്ടേറെ കവികൾ രംഗത്തുവന്നു.

എ.ഡി. 14-ാം നൂറ്റാണ്ടിൽ രാജാ മഹാമാണിക്യന്റെ പ്രേരണയിൽ കവിരാജ് മാധവകണ്ടലി സംസ്കൃതത്തിലുള്ള രാമായണത്തിന് സമ്പൂർണ്ണ ആസാമീസ് തർജ്ജമ രചിച്ചു. വാൽമീകി രാമായണത്തിന് ആദ്യമായി ഒരു പ്രാദേശികഭാഷാ തർജമയുണ്ടായത് മാധവകണ്ടലിയുടെ തൂലികയിലൂടെയാണ്. രാമായണം ആസ്സാമീസ് ഭാഷയിൽ വെളിച്ചംകണ്ട് ഒന്നോ ഒന്നരയോ നൂററാണ്ടു കൾക്കുശേഷമാണ് ഹിന്ദിയിലും ബംഗാളിയിലും ഒറിയയിലും ഓരോ തർജമയുണ്ടായത്. ലളിതകോമള പദാവലികളാൽ സമ്പന്നമായ കണ്ടലിയുടെ രാമായണം തർജമ സമൂഹത്തിൽ ഒരു പുനരുത്ഥാനത്തിനു വഴിവെച്ചു. രാമായണത്തിൽ പരിചയപ്പെട്ട ജീവിതങ്ങളെ മാതൃകയാക്കാൻ ആസ്സാം ജനത ശീലിച്ചു. ദേവജിത് എന്ന കാവ്യമാണ് മാധവകണ്ടലിയുടെ മറ്റൊരുകൃതി. വിഷ്ണുവിന്റെ അവതാരങ്ങളിൽ വെച്ച് ഏറ്റവും ഉദാത്തമായത് കൃഷ്ണാവതാരമാണെന്ന് ഈ കൃതിയിലൂടെ അദ്ദേഹം സമർത്ഥിക്കുന്നു.എ.ഡി. 16-ാം നൂറ്റാണ്ടിൽ രാജ്യം ഭരിച്ച രാജാ വിശ്വസിംഹനും ഭക്തിധാരയെ പ്രോത്സാഹിപ്പിച്ചു. നീലാചലവാസിയായിരുന്ന ദുർഗാബർ എന്ന കവി നല്ലൊരു ഗായകൻ കൂടിയായിരുന്നു. ഗീതാ-രാമായണം എന്ന പേരിൽ അദ്ദേഹം രാമായണകാവ്യത്തെ പുനരാ വിഷ്കരിച്ചു. ഈ കൃതിയുടെ മധുരമായ ആലാപനത്തിലൂടെ അദ്ദേഹം ജനഹൃദയങ്ങളെ സ്വാധീനിച്ചു. ഇടയനില്ലാതെ അലഞ്ഞിരുന്ന ആട്ടിൻപറ്റങ്ങൾക്ക് ധീരനായ ഒരിടയനെക്കിട്ടിയപോലെയായി കാര്യങ്ങൾ. വിവിധ ഭാഷകൾ സംസാരിക്കുന്നതുമൂലം വിഘടിച്ചു നിന്നിരുന്ന ജനങ്ങൾ ഒരേ ഭാഷ സംസാരിക്കുന്നതിന്റെ സുഖമറിഞ്ഞു. ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും വാമൊഴികളുടെയും നാടോടിക്കഥകളുടെയും സംയോജനത്തിലൂടെ ഒരു പുത്തൻ ഭക്തിധാര സൃഷ്ടിക്കപ്പെട്ടു. ഈ ധാരയുടെ ഒരു ശാഖയായിരുന്നു നാഗാരാധന! സർപ്പപുത്രിയായ മനസാദേവിയുടെ രൂപത്തിലാണ് ആസാം ജനത നാഗത്തെ ആരാധിച്ചത്. മനസാദേവിയെ സ്തുതിച്ചുകൊണ്ട് ആസ്സാമീസ് ഭാഷയിൽ ധാരാളം കൃതികൾ രചിക്കപ്പെട്ടു. മനസാപൂജക്കിടെ പുരോഹതിന്മാർ ഇന്നും ഈ കൃതികൾ ആലപിക്കുന്നു.

എ.ഡി. 15 ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മനകർ എന്ന പണ്ഡിതനാണ് മനസാദേവിയെ സ്തുതിച്ചുകൊണ്ട് ആദ്യം കാവ്യരചന നടത്തിയത്. രാമായണം പാടി പ്രചരിപ്പിച്ച ദുർഗാബറും മനസാദേവിയുടെ സ്തുതിഗീതങ്ങൾ രചിച്ചു.

ആസ്സാമീസ് ഭാഷയിൽ മനസാകൃതികൾ രചിച്ച ഏറ്റവും മഹാനായ കവി നാരായണ ദേവയായിരുന്നു. സുകവി എന്ന പേരിൽ അദ്ദേഹം പ്രസിദ്ധനായി. എ.ഡി. പതിനേഴാം നൂറ്റാണ്ടാണ് അദ്ദേഹത്തിന്റെ ജീവിതകാലം. ദരംഗിരാജ്യത്തെ രാജാ ധർമനാരായണന്റെ രാജധാനിയിലെ ആസ്ഥാനകവിയായിരിക്കെ

നാരായണദേവ് രചിച്ച  ബൈഹുളാ-ലഖിന്ദർ ഗീതങ്ങൾ ജനഹൃദയങ്ങളെ സ്വാധീനിച്ചു. പുരാണ കഥാപാത്രങ്ങളെ ഉദാഹരിച്ച് കുടുംബത്തിന്റെയും സമൂഹത്തിന്റെയും കണ്ണികളെ സുദൃഢമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഭക്തി പ്രസ്ഥാനത്തിലെ ഒരു വ്യത്യസ്ഥ കാഴ്ചപ്പാടായിരുന്നു നാരായണദേവിന്റെ ദർശനം.

**ശങ്കരദേവ**

ആസ്സാമിലെ ഭക്തി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയവരിൽ ഏറ്റവും പ്രമുഖനായ കവിയത്രേ ശങ്കരദേവ! അഹോം രാജവംശത്തിലെ സുഹുങ്മുങ് എന്ന രാജാവ് സ്വർഗനാരായണ എന്ന നാമം സ്വീകരിച്ച് ഹൈന്ദവാചാരപ്രകാരം ജീവിതം നയിച്ചു. ഇദ്ദേഹത്തിന്റെ വാഴ്ചക്കാലത്ത്, എ.ഡി. 1449 ൽ ബ്രഹ്മപുത്രാനദിയുടെ തീരത്തുള്ള അലിപുഖുരി എന്ന ഗ്രാമത്തിൽ ശങ്കരദേവ ഭൂജാതനായി.

ശിരോമണിബുഹ്യ എന്ന പ്രമുഖ ബുഹ്യകുടുംബത്തിലെ കുസുമാവരയായിരുന്നു പിതാവ്. കേവലം മൂന്നു ദിവസം പ്രായമുള്ള ശിശുവിനെ  അനാഥനാക്കിക്കൊണ്ട് മാതാവായ സത്യസന്ധയുടെ മരണം സംഭവിച്ചു. തുടർന്ന് മുത്തശ്ശിയായ ഖേർസുതി ശങ്കരദേവയെ വളർത്തി.ബാലസഹജമായ കുസൃതികളും കായികവിനോദങ്ങളിലുള്ള അമിതഭ്രമവും മൂലം ആദ്യകാലത്ത് ശങ്കരൻ വിദ്യാഭ്യാസത്തോടു വിമുഖത കാട്ടി. മുത്തശ്ശിയുടെ നിരന്തരമായ പ്രോത്സാഹനവും നിർബന്ധവും മൂലം പന്ത്രണ്ടാം വയസ്സിൽ സംസ്കൃതപണ്ഡിതനായ മഹേന്ദ്രകണ്ടലിയുടെ വിദ്യാലയത്തിൽ പ്രവേശനം നേടി. പത്തു വർഷംകൊണ്ട് വേദങ്ങളും ഉപനിഷത്തുക്കളും പഠിച്ച്, ശാസ്ത്രപുരാണങ്ങളെ വശമാക്കിയതിനു ശേഷമാണ് ശങ്കരദേവൻ വീട്ടിലേക്കു മടങ്ങിയത്. അതോടെ ശിരോമണി കുടുംബത്തിന്റെ ചുമതല അദ്ദേഹത്തിനായി. സൂര്യാവതി എന്ന കന്യകയെ അദ്ദേഹം വിവാഹം ചെയ്തു. കേവലം നാലു വർഷം നീണ്ട ദാമ്പത്യത്തിനുശേഷം കൈക്കുഞ്ഞായ പുത്രിയെയും ഭർത്താവിനെയും ശോകക്കടലിലാഴ്ത്തി സൂര്യാവതി ഈശ്വരപാദം പൂകി. ഏതാണ്ട് ഇതേ സമയത്തുതന്നെ ശങ്കരദേവ ലൗകികജീവിതം ത്യജിക്കാൻ ആലോചിച്ചു. പക്ഷെ  ശൈശവം കടക്കാത്ത പുത്രിയെച്ചൊല്ലി അദ്ദേഹം ദുഃഖങ്ങളടക്കി മുന്നോട്ടു നീങ്ങി. പുത്രിയായ മനുവിന്റെ വിവാഹം നടത്തിയതിനുശേഷം എ.ഡി. 1491 ൽ അദ്ദേഹം ഒരു തീർത്ഥയാത്രക്കു പുറപ്പെട്ടു. ഗുരുവായ മഹേന്ദ്രകണ്ടലിയുൾപ്പെടെ പതിനേഴുപേർ ഈ തീർത്ഥയാത്രയിൽ ശങ്കരദേവയെ അനുഗമിച്ചു. ശിഷ്യന്മാർ രചിച്ച അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഈ തീർത്ഥയാത്രയെക്കുറിച്ചുള്ള വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗയ, പുരി, വൃന്ദാവൻ, മഥുര, ദ്വാരക, കാശി, പ്രയാഗ്, സീതാകുണ്ഡ്, വരാഹകുണ്ഡ്, അയോദ്ധ്യാ, ബദരികാശ്രമം തുടങ്ങിയ പുണ്യസ്ഥലങ്ങളിൽ യാത്രചെയ്തും അവിടങ്ങളിലുള്ള വൈഷ്ണവാചാര്യൻ മാരുമായി ആദ്ധ്യാത്മിക ചർച്ചകളിലേർപ്പെട്ടും പ്രബുദ്ധമായ ഒരു മനസ്സോടെയാണ് അദ്ദേഹം നാട്ടിൽ മടങ്ങിയെത്തിയത്. അതിന്റെ അനന്തരഫലമായിരുന്നു ആസ്സാമിലെ ഭക്തിപ്രസ്ഥാനം. അജ്ഞാനാന്ധകാരത്തിൽ നിന്നു സമൂഹത്തെ അറിവിന്റെ വെളിച്ചത്തിലേക്കു നയിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഗൃഹസ്ഥാശ്രമത്തിൽ വ്യാപരിച്ചുകൊണ്ടുതന്നെ ആത്മീയതയെ സ്വാംശീകരിക്കാൻ അദ്ദേഹം അനുയായികളെ പരിശീലിപ്പിച്ചു.

ഇതിനിടെ അദ്ദേഹം ഒരു പുനർവിവാഹത്തിലേർപ്പെട്ടു. സ്ത്രീയോടു ചേർന്നുനിൽക്കുമ്പോൾ മാത്രമേ പുരുഷന് സ്വധർമ്മം അനുഷ്ഠിക്കാൻ ശക്തിയുണ്ടാവൂ എന്ന് അദ്ദേഹം വിശ്വസിച്ചു.ഭഗവദ്ഗീതയിലെ കർമ്മയോഗ സിദ്ധാന്തത്തിൽനിന്ന് അദ്ദേഹം പ്രചോദനമുൾക്കൊണ്ടു. 'കർമ്മയോഗസാധനയിലൂടെ സായൂജ്യം' എന്ന തത്വത്തെ അദ്ദേഹം അനുയായികൾക്കിടയിലും അവർ മുഖേന ജനസാമാന്യത്തിനിടയിലും പ്രചരിപ്പിച്ചു. ഈശ്വരനാമം ഉച്ചരിക്കാത്ത ബ്രാഹ്മണനെക്കാൾ ശ്രേഷ്ഠൻ ഈശ്വരനാമം ജപിക്കുന്ന ചണ്ഡാലൻതന്നെ എന്നായിരുന്നു ശങ്കരദേവയുടെ അഭിപ്രായം. ബ്രാഹ്മണരും ശൂദ്രരും പറയരും പുലയരുമടങ്ങിയ ഒരനുയായിവൃന്ദം സദാ അദ്ദേഹത്തെ പിൻതുടർന്നു. പണ്ഡിത വർഗത്തിന് ശങ്കരദേവയുടെ രീതികൾ അശേഷം രുചിച്ചില്ല. അവർ രാജാവായ നാരായണനിൽ സ്വാധീനം ചെലുത്തി ശങ്കരദേവയെ പലവിധത്തിലും ഉപദ്രവിച്ചു. അദ്ദേഹത്തിന്റെ ജാമാതാവിനെ തൂക്കിലേറ്റി. ശിഷ്യനായ മാധവദേവയെ ചങ്ങലക്കിട്ടു. ഇളയരാജാവിന് മഹാരാജാവിന്റെ പ്രവൃത്തികളോടു യോജിക്കാനായില്ല. ശങ്കരദേവയുടെ പുത്രൻ രാമാനന്ദ ഇളയരാജാവിന്റെ കൊട്ടാരത്തിൽ ഉദ്യോഗസ്ഥനായിരുന്നു. രാജഗുരു കൃഷ്ണഭൂഷാനന്ദയുടെ ഉപദേശപ്രകാരം ഇളയരാജാവ് ശങ്കരദേവയെ രഹസ്യമായി നദി  കടത്തിവിടുകയും  സുരക്ഷിതമായൊരു താവളത്തിൽ പാർപ്പിക്കുകയും ചെയ്തു. തുടർന്ന് ബാർദോവയിൽ ഒരു സത്രവും അതിനോടുചേർന്ന് ഒരു നാമഗൃഹവും സ്ഥാപിച്ചു കൊണ്ട് ശങ്കരദേവ തന്റെ പ്രവർത്തനങ്ങൾ വിപുലമാക്കി. ആത്മീയവിഷയങ്ങളെ ആധാരമാക്കി നാടകങ്ങളും നൃത്തനാടകങ്ങളും അവതരിപ്പിച്ച് ജനഹൃദയങ്ങളെ വശീകരിച്ചു. നാമസങ്കീർത്തനങ്ങൾ മുഴങ്ങുന്ന അന്തരീക്ഷത്തിൽ ജനങ്ങൾ ശാന്തിയും സമാധാനവും അനുഭവിച്ചറിഞ്ഞു. ശങ്കരദേവയുടെ

മഹാപുരുഷീയപ്രസ്ഥാനം ജനകീയമാകാൻ ഏറെ താമസമുണ്ടായില്ല. സാധാരണക്കാർക്ക് ശങ്കരദേവ യുടെ ദർശനങ്ങൾ പുതിയ ഉൾക്കാഴ്ച്ചയേകി. അവർ കൂട്ടത്തോടെ അദ്ദേഹത്തിന്റെ അനുയായികളായി ത്തീർന്നു.ഭാഗവതത്തിന്റെ ആസ്സാമീസ് തർജ്ജമയായ 'ആദിദശമ' എന്ന കൃതിയാണ് ശങ്കരദേവയുടെ മുഖ്യ രചന. ഭക്തിപ്രദീപ, ഗുണമാല, കീർത്തനഘോഷ എന്നിവ അദ്ദേഹത്തിന്റെ അനുപമമായ രചനകള ത്രേ! കീർത്തനഘോഷ എന്ന ഗ്രന്ഥം ആസാമീസ് ജനതയുടെ ആത്മാവിലേക്ക് ഇറങ്ങിച്ചെന്നു. തുളസീ ദാസിന്റെ 'രാമചരിതമാനസ്' എന്ന മഹദ്കൃതിക്കു ലഭിച്ച അതേ സ്വീകാര്യത ഈ ഗ്രന്ഥത്തിനും ലഭിച്ചു. ഇന്ത്യയുടെ ആത്മീയചരിത്രത്തിൽ തുളസീദാസി നുള്ള അതേ സ്ഥാനം ശങ്കരദേവക്കും നൽകപ്പെട്ടി ട്ടുണ്ട് സമൂഹത്തിൽ വൻ പരിവർത്തനമുണ്ടാക്കിയ സംതൃപ്തിയോടെ എ.ഡി. 1560 ൽ ശങ്കരദേവ ഇഹ ലോകവാസം വെടിഞ്ഞു.

(തുടരും)

## എറണാകുളം കരയോഗം

# 94-ാമത് സ്ഥാപക ദിനവും കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 94-ാമത് സ്ഥാപക ദിനവും, കുടുംബ സംഗമവും 2018 ഡിസം ബർ 25 ചൊവ്വാഴ്ച രാവിലെ അഞ്ചു മണിക്ക് അഷ്ടദ്രവ്യ ഗണപതി ഹോമത്തോടെ ആരംഭിക്കുന്നു. രാവിലെ 9.30 മണിക്ക് വിവിധ കലാ സാംസ്കാരിക പരിപാടികളോടെ തുടങ്ങി രാത്രി എട്ടരയ്ക്ക് അയ്യപ്പൻ പാട്ടോടു കൂടി സമാപിക്കുന്നു. എല്ലാ കരയോഗ അംഗങ്ങളേയും കുടുംബസമേതം പങ്കെ ടുക്കുവാൻ സാദരം ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| രാവിലെ | : | **5.00 ന് പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ അഷ്ടദ്രവ്യ ഗണപതി ഹോമം, സുദർശന ഹോമം, നവകം പഞ്ചഗവ്യം.<br>എറണാകുളം ശിവക്ഷേത്രത്തിൽ കരയോഗം വക ആയിരത്തൊന്നു കുടം ധാര ഉണ്ടായിരിക്കും** |
| 10.00 മുതൽ | : | **വിവിധ കലാപരിപാടികൾ**<br>സംഘഗാനം, നൃത്തനൃത്യങ്ങൾ, സ്കിറ്റ്, കവിതാപാരായണം, ഇൻസ്ട്രുമെന്റൽ മ്യൂസിക് |
| ഉച്ചയ്ക്ക് 1 മണിക്ക് | : | ഉച്ചഭക്ഷണം |
| 2.00 മണിക്ക് | : | ഗാനാലാപനം |
| 3.15 ന് | : | തംബോല |
| വൈകുന്നേരം 4.15 ന് | : | ലഘു ഭക്ഷണം |
| 6 മുതൽ 8.30 വരെ | : | അയ്യപ്പൻപാട്ട് |
| 8.30 ന് | : | അത്താഴഭക്ഷണം |

**(മിനിക്കഥ)**

# ഏറ്റവും നല്ല ദിവസം

**ഉണ്ണി വാരിയത്ത്, ഫോൺ : 09867179480**

എന്തുകൊണ്ടോ എന്തോ രാവിലെ എഴുന്നേ റ്റതും ഇന്നത്തെ ദിവസം ശരിയല്ലെന്ന് അവനു തോന്നി. അതുകൊണ്ട് ഇന്ന് കാര്യമായി ഒന്നും ചെയ്യേണ്ടെന്ന് അവൻ മനസ്സിൽ ഉറപ്പിച്ചു.

ചിലർ അങ്ങനെയാണ്. എന്തെങ്കിലും അശുഭ സൂചനയോ ദുശ്ശകുനമോ നക്ഷത്രവാര ഫലമോ മതി അന്ധവിശ്വാസത്താൽ അസ്വസ്ഥരാകാൻ.

നാളെയെന്നത് നമ്മുടെ കൈവശമില്ലാത്തതും ഇന്നലെയെന്നത് കൈവിട്ടു പോയതുമാകയാൽ ഇന്ന് ഏറ്റവും നല്ല ദിവസമാണെന്ന് എന്നും രാ വിലെ മനസ്സിലുറപ്പിക്കുക എന്നതുമാത്രമാണ് പ്രതിവിധി.

ക്ഷേത്രങ്ങളിലൂടെ

# സൂര്യകാലടിമനയും ശ്രീമഹാഗണപതിയും

ഇന്ദിരാഭായി (ഫോൺ: 80785 52892)

ആദി ദേവ നമസ്തുഭ്യം
പ്രസീദമമ ഭാസ്കര
ദിവാകര നമസ്തുഭ്യം
പ്രഭാകര നമോസ്തുതേ.

സൂര്യദേവന്റെ അനുഗ്രഹത്താൽ പ്രസിദ്ധിയാർജ്ജിച്ച ഒരു മഹനീയസ്ഥാനം, അതാണ് സൂര്യകാലടി മന. ഭക്തിയുടെയും വിശ്വാസത്തിന്റെയും ശാപത്തിന്റെയും ശാപമോക്ഷത്തിന്റെയും കഥകൾ ഒരുമിക്കുന്ന ഒരു സ്ഥാനമാണ് ഈ മന. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ കഥകളിലൂടെ മനുഷ്യമനസ്സിൽ മായാത്ത ചിത്രമായി വരച്ചിട്ട ഒരു മാന്ത്രികമനയാണ് സൂര്യകാലടി മന. കോട്ടയം ജില്ലയിലെ കുമാരനെല്ലൂരിലെ നട്ടാശ്ശേരി മനയാണ് മാന്ത്രികമനയായ സൂര്യകാലടി മനയെന്നറിയപ്പെടുന്നത്. സൂര്യദേവന്റെ അനുഗ്രഹത്താലാണ് ഈ മന സൂര്യകാലടി മനയായി മാറിയത്. ഈ മനയിലുള്ളവർ സൂര്യൻ എന്ന പേരിലാണറിയപ്പെടുന്നത്. കവണയാർ എന്നറിയപ്പെട്ടിരുന്ന മീനച്ചിലാറിന്റെ തീരത്താണ് സൂര്യകാലടിമന സ്ഥിതി ചെയ്യുന്നത്. നട്ടാശ്ശേരി മന നൂറ്റാണ്ടുകൾക്കു മുമ്പ് പൊന്നാനി താലൂക്കിലായിരുന്നു. പിന്നീടാണ് ഈ മനക്കാർ കോട്ടയത്ത് കുമാരനെല്ലൂരിലെത്തിയത്. അന്നത്തെ രാജാവ് കരമൊഴിവായി പതിച്ചു നൽകിയ സ്ഥലത്താണ് ഈ മന നിർമ്മിച്ചിരിക്കുന്നത്. സ്വാതിതിരുനാൾ മഹാരാജാവാണ് ഈ മന പണി കഴിപ്പിച്ചത് എന്നും വിശ്വസിക്കുന്നു. കേരളത്തിലെ പരശുരാമപ്രതിഷ്ഠിതമായ അറുപത്തിനാല് ബ്രാഹ്മണ ഗ്രാമങ്ങളിൽ ആറു കുടുംബങ്ങൾക്കാണ് അക്കാലത്ത് മന്ത്രതന്ത്ര വിദ്യകളുടെ ചുമതലകൾ ഉണ്ടായിരുന്നത്. ആ ആറു കുടുംബങ്ങളിലൊന്നായിരുന്നു നട്ടാശ്ശേരിമന.

മീനച്ചിലാറിന്റെ കരയോടു ചേർന്നാണ് പുരാതനവും പ്രൗഢഗംഭീരവുമായ ഈ മന സ്ഥിതി ചെയ്യുന്നത്. തേക്കു തടിയിൽ തീർത്ത് മനോഹരമാക്കിയിട്ടുള്ളതും ഇന്നും ഒരു കേടുപാടുകളുമില്ലാത്തതുമായ ഒരു നാലുകെട്ടാണ് സൂര്യകാലടി മന. ഈ മനയിലേക്കെത്തുന്നവർ അല്പം അകലെയുള്ള റോഡിലെത്തുമ്പോൾ തന്നെ ഒരു പാലമരമാണ് കാണുക. ഈ പാലമരം മനയേക്കാൾ ഉയരത്തിൽ തലയുയർത്തി നില്ക്കുന്നു. ഈ പാലമരത്തിന് സൂര്യകാലടി മനയുടെ ചരിത്രവുമായി അടുത്ത ബന്ധമാണുള്ളത്. ഇത് യക്ഷിപ്പാല എന്നാണറിയപ്പെടുന്നത്. സൂര്യകാലടി മന എന്നു കേൾക്കുമ്പോഴേ മനസ്സിൽ മുത്തശ്ശിക്കഥകൾ ഓടിയെത്തും. വർഷത്തിൽ ഒരു ദിവസംപോലും മുടങ്ങാതെ ഹോമകുണ്ഡത്തിൽ അഗ്നി ജ്വലിക്കുന്ന ഒരു മഹനീയ സ്ഥാനമാണ് സൂര്യകാലടി മന. യക്ഷിക്കഥയുമായി ബന്ധപ്പെട്ടാണ് കാലടിമന സൂര്യകാലടി മനയായി മാറിയത്.

പണ്ടു കാലത്ത് ഒരിക്കൽ നട്ടാശ്ശേരി മനയിലെ ഭട്ടതിരിയും അദ്ദേഹത്തിന്റെ സുഹൃത്തായ ഒരു നമ്പൂതിരിയും കൂടി തൃശ്ശിവപേരൂർ പൂരം കാണാൻ പോകുവാൻ തീരുമാനിച്ചു. പകൽ പോലും ആരും നടന്നു പോകാൻ ഭയപ്പെടുന്നതും സൂര്യപ്രകാശം കടന്നു ചെല്ലാൻ മടിക്കുന്നതും പനകൾ നിറഞ്ഞതുമായ ഒരു പ്രദേശം കടന്നു വേണമായിരുന്നു അക്കാലത്ത് ത്രിശ്ശിവപേരൂർക്ക് പോകുവാൻ. യക്ഷിപ്പറമ്പ് എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. ഭട്ടതിരിയും നമ്പൂതിരിയും കൂടി പൂരം കാണാൻ പുറപ്പെട്ടു. നടന്നു നടന്ന് യക്ഷിപ്പറമ്പിനടുത്തെത്താറായപ്പോൾ രണ്ടു സ്ത്രീകൾ അവരുടെ പിന്നാലെയെത്തി. അവർ സ്നേഹം നടിച്ച്, നിങ്ങൾ ഈ അസ്സമയത്ത് ഇതുവഴി പോകരുത്, ഈ സമയത്ത് യക്ഷിപ്പറമ്പു വഴി യാത്ര ചെയ്യുന്നത് അപകടമാണ്. ഇന്നു രാത്രി ഞങ്ങളുടെ വീട്ടിൽ തങ്ങി വിശ്രമിച്ച് നാളെ രാവിലെ പുറപ്പെടുന്നതാണ് ഉത്തമം എന്ന് സ്ത്രീകൾ അവരെ അറിയിച്ചു. ഇതുകേട്ട് നമ്പൂതിരിയും ഭട്ടതിരിയും ആ സ്ത്രീകളോടൊപ്പം പോയി. അതിമനോഹരമായ ഒരു മാളികയിൽ അവരെത്തി. രണ്ടു മുറികളിലായി നമ്പൂതിരിയും ഭട്ടതി

രിയും വിശ്രമിച്ചു. അവരെ കൂട്ടിക്കൊണ്ടു പോയ സ്ത്രീകൾ യക്ഷികളായിരുന്നു. ഇവർ യക്ഷികളാണെന്നറിയാതെയാണ് നമ്പൂതിരിയും ഭട്ടതിരിയും അവരുടെ ആതിഥ്യം സ്വീകരിച്ചത്. രാത്രി യക്ഷികൾ നമ്പൂതിരിയുടെയും ഭട്ടതിരിയുടെയും മുറികളിലെത്തി. നമ്പൂതിരിക്ക് നിത്യവും ദേവീമാഹാത്മ്യം പാരായണം ചെയ്യുന്ന പതിവുണ്ടായിരുന്നു. അദ്ദേഹം ദേവീമാഹാത്മ്യം കൂടെ കൊണ്ടുപോയിരുന്നു. നമ്പൂതിരി ദേവീമാഹാത്മ്യം പാരായണം ചെയ്ത ശേഷം തന്റെ ഗ്രന്ഥം തലയ്ക്കൽ വച്ചു കിടന്നുറങ്ങുകയും ചെയ്തു. ഭട്ടതിരിയുടെ മുറിയിലെത്തിയ യക്ഷി അദ്ദേഹത്തെ ആക്രമിച്ചു കൊലപ്പെടുത്തി. നേരം പുലർന്നപ്പോൾ ഉറക്കം ഉണർന്നു നോക്കിയ നമ്പൂതിരിക്ക് താൻ ഒരു പനയുടെ മുകളിലാണ് ഇരിക്കുന്നത് എന്ന് മനസ്സിലായി. അവിടെ മാളികയുമില്ല മുറികളുമില്ല സ്ത്രീകളുമില്ല. പനയുടെ ചുവട്ടിൽ മുടിയും അസ്ഥികളും കിടക്കുന്നതു കണ്ടപ്പോൾ തലേ ദിവസം കണ്ട സ്ത്രീകൾ യക്ഷികളായിരുന്നെന്നും അവർ ഭട്ടതിരിയെ കൊന്നു എന്നും നമ്പൂതിരിക്കു മനസ്സിലായത്. ദേവീമാഹാത്മ്യം ഗ്രന്ഥം കയ്യിലുണ്ടായിരുന്നതിനാൽ യക്ഷിക്ക് നമ്പൂതിരിയെ ഒന്നു തൊടാൻ പോലും സാധിച്ചില്ല. നമ്പൂതിരി ഒരു വിധം പനയുടെ മുകളിൽ നിന്നും താഴെയിറങ്ങി. കാലടി മനയിലെത്തി. ഈ കാലത്ത് കാലടി മനയിൽ മറ്റ് പുരുഷപ്രജകളേ ഉണ്ടായിരുന്നില്ല. കാലടിമനയിൽ തിരിച്ചെത്തിയ നമ്പൂതിരി ഭട്ടതിരിയുടെ മരണവിവരം അദ്ദേഹത്തിന്റെ പത്നിയെ അറിയിച്ചു. ഗർഭിണിയായിരുന്ന അവർ തന്റെ ഭർത്താവിന്റെ മരണവിവരമറിഞ്ഞ് അതീവ ദു:ഖിതയായി.

പിന്നീട് യക്ഷിയാൽ കൊല്ലപ്പെട്ട ഭട്ടതിരിയുടെ പത്നിക്ക് ഒരു മകൻ പിറന്നു. ആ കുട്ടിയാണ് കാലടി മനയിലെ ആദ്യസൂര്യൻ ഭട്ടതിരി. ആ കുട്ടി വളർന്നു. കുട്ടിയുടെ ഉപനയനത്തിനുള്ള സമയമായപ്പോൾ കുട്ടി അമ്മയോട് തന്റെ അച്ഛനെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചു. അവർ ഉണ്ണിക്ക് തന്റെ പിതാവിന്റെ മരണത്തെപ്പറ്റിയും യക്ഷിയെപ്പറ്റിയുമുള്ള വിവരങ്ങൾ പറഞ്ഞു കൊടുത്തു. കുട്ടിക്ക് തന്റെ പിതാവിനെ വധിച്ച യക്ഷിയോട് കടുത്ത പകയുണ്ടായി. ഏതു വിധേനയും ആ യക്ഷിയെ വധിക്കണം എന്ന വാശി ആ കുട്ടിയുടെ മനസ്സിൽ നിറഞ്ഞു. ഉണ്ണി മന്ത്രങ്ങളും തന്ത്രങ്ങളും അഭ്യസിച്ചു. യക്ഷിയെ വധിക്കണം എന്ന ലക്ഷ്യം സാധിക്കുവാനായി ഏകാഗ്രതയോടുകൂടി സൂര്യനെ തപസ്സു ചെയ്തു. അദ്ദേഹത്തിന്റെ തപസ്സിൽ സംപ്രീതനായ സൂര്യദേവൻ അദ്ദേഹത്തിന് ഒരു മാന്ത്രികഗ്രന്ഥം നൽകി അനുഗ്രഹിച്ചു. സൂര്യദേവനിൽ നിന്നും മാന്ത്രികഗ്രന്ഥം നേടിയ ശേഷം അദ്ദേഹത്തെ സൂര്യൻ ഭട്ടതിരി എന്നും അദ്ദേഹത്തിന്റെ മന എന്നും സൂര്യകാലടി മനയെന്നും അറിയപ്പെട്ടു. അങ്ങനെ നട്ടാശ്ശേരി മന യെന്ന കാലടി മന സൂര്യകാലടി മനയായും ഈ മനയിലുള്ളവർ സൂര്യൻ എന്നും അറിയപ്പെട്ടു. സൂര്യദേവനിൽ നിന്നും ലഭിച്ച ഗ്രന്ഥം പഠിച്ച് ഉണ്ണി മാന്ത്രിക വിദ്യയിലും തന്ത്രവിദ്യകളിലും പ്രഗത്ഭനായി. പള്ളിബാണപ്പെരുമാളിന്റെ കാലത്തായിരുന്നു ഭട്ടതിരി ജീവിച്ചിരുന്നത് എന്നും വിശ്വസിക്കുന്നു. മാന്ത്രിക വിദ്യകളിൽ പ്രഗത്ഭനായപ്പോൾ തന്റെ പിതാവിനെ വധിച്ച യക്ഷിയെ വധിക്കണം എന്ന് അദ്ദേഹം നിശ്ചയിച്ചു. അതിനായി അദ്ദേഹം തന്റെ മനയിൽ തന്നെ ഹോമകുണ്ഡമൊരുക്കി പൂജകൾ തുടങ്ങി. താൻ ഹൃദിസ്ഥമാക്കിയ മന്ത്രവിദ്യകളാൽ യക്ഷികളെ ഓരോരുത്തരെയായി ആവാഹിച്ചു വരുത്തി. ഓരോ യക്ഷികളോടും തന്റെ അച്ഛനെ വധിച്ചതാരെന്നു ചോദിച്ച് നിലവിളക്കു പിടിച്ച് സത്യം ചൊല്ലിച്ചു വിട്ടയച്ചു. ഒടുവിൽ ഒരു യക്ഷി താനാണ് ഭട്ടതിരിയെ വധിച്ചത് എന്നു സത്യം ചെയ്തു പറഞ്ഞു. ആ യക്ഷി തന്നെ വിട്ടയക്കണം എന്ന് ഭട്ടതിരിയോടപേക്ഷിച്ചു. തന്നെ ഹോമിച്ചാൽ ഇന്നേക്കു 41-ാം ദിവസം നിങ്ങൾ മരിക്കും എന്ന് യക്ഷി ഭട്ടതിരിയെ ശപിച്ചു. തന്നെ വിട്ടയച്ചാൽ 41 ദിവസങ്ങൾക്കകം തിരുവാലൂരപ്പനെ കണ്ടു തൊഴുതാൽ നിങ്ങൾക്ക് മരണഭയത്തിൽ നിന്ന് രക്ഷ നേടാം എന്നും യക്ഷി ശാപമോക്ഷവും നൽകി. യക്ഷിയുടെ അപേക്ഷകൾ നിരസിച്ച ഭട്ടതിരി യക്ഷിയെ ഹോമിക്കുകയും അങ്ങനെ യക്ഷിയുടെ ശാപം ഏറ്റു വാങ്ങുകയും ചെയ്തു.

കോഴിക്കോട് കോവിലകത്തെ സാമൂതിരിയുടെ പത്നിക്ക് ഒരു ഗന്ധർവ്വന്റെ ബാധയുണ്ടായി. ഈ ബാധയെ ഒഴിപ്പിക്കുവാൻ പലരും ശ്രമിച്ചിട്ടും സാധിച്ചില്ല. സാമൂതിരിയുടെ പത്നിയുടെ ബാധ സൂര്യകാലടി ഭട്ടതിരി ഹോമിച്ച യക്ഷിയുടെ ഗന്ധർവ്വന്റേതായിരുന്നു. വാദപ്രതിവാദത്തിൽ തന്നെ തോല്പിക്കുകയെന്നതായിരുന്നു ഗന്ധർവ്വന്റെ നിബന്ധന. പല മാന്ത്രികരും വാദപ്രതിവാദത്തിൽ ഗന്ധർവ്വനോടു തോറ്റു പിൻവാങ്ങി. സാമൂതിരി ഭട്ടതിരിയെ സമീപിച്ച് തന്റെ ഭാര്യയെ രക്ഷിക്കണം എന്നറിയിച്ചു. ഭട്ടതിരി ബാധയെ ഒഴിപ്പിക്കാം എന്ന് സാമൂതിരിക്കു വാക്കു നൽകുകയും ചെയ്തു. വാദപ്രതിവാദത്തിൽ ഭട്ടതിരിയെ തോല്പിക്കുവാൻ തനിക്കു സാധിക്കില്ല എന്നു മനസ്സിലാക്കിയ ഗന്ധർവ്വൻ തന്നെ ഉച്ചാടനം ചെയ്യരുതേ എന്ന് ഭട്ടതിരിയോടപേക്ഷിച്ചു. അങ്ങ

യുടെ പിതാവിനെ വധിച്ചതും അങ്ങു ഹോമിച്ചതുമായ യക്ഷിയുടെ ഗന്ധർവ്വനാണ് ഞാൻ എന്നും ഗന്ധർവ്വൻ ഭട്ടതിരിയെ അറിയിച്ചു. ഭട്ടതിരി ഗന്ധർവ്വനോട് താൻ സാമൂതിരിക്ക് ബാധയെ ഒഴിപ്പിക്കാം എന്ന് വാക്കു കൊടുത്തു പോയി, ഇനി പിൻമാറാൻ സാദ്ധ്യമല്ല, വാക്കു പാലിച്ചേ മതിയാവൂ എന്നറിയിച്ചു. ഭട്ടതിരി പിൻമാറില്ല തന്നെ ഉച്ചാടനം ചെയ്യും എന്നു മനസ്സിലാക്കിയ ഗന്ധർവ്വൻ മൂത്രം മുട്ടി മരിക്കാനിടയാകട്ടെയെന്ന് ഭട്ടതിരിയെ ശപിച്ചു. ഭട്ടതിരി ഗന്ധർവ്വബാധയിൽ നിന്നും സാമൂതിരി പത്നിയെ രക്ഷപ്പെടുത്തി. അങ്ങനെ യക്ഷിയുടെ ശാപത്തോടൊപ്പം ഗന്ധർവ്വ ശാപവും ഭട്ടതിരി ഏറ്റുവാങ്ങി. യക്ഷിശാപത്തിൽ നിന്നും മോചനം നേടാനായി ഭട്ടതിരി തിരുവാലൂർ മഹാദേവ ദർശനത്തിനായി പുറപ്പെട്ടു. ക്ഷേത്രദർശനത്തിനെത്തിയ ഭട്ടതിരിക്ക് തിരുവാലൂരപ്പനെ ദർശിക്കുവാൻ കഴിഞ്ഞില്ല. അതേ ദിവസം ഇന്ന് ഒരാൾ തൊഴാൻ വരുന്നുണ്ട് നേരത്തെ പൂജ കഴിച്ച് നടയടച്ചോളൂ എന്ന് തിരുവാലൂർ ക്ഷേത്രത്തിൽ ഒരശ്ശരീരി കേൾക്കുകയും പതിവിലും നേരത്തെ പൂജകഴിച്ച് നടയടക്കുകയും ചെയ്തു. തിരുവാലൂരപ്പനെ ദർശിക്കുവാനെത്തിയ ഭട്ടതിരിക്ക് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന മൂത്രശങ്കമൂലം ക്ഷേത്രനടയടയ്ക്കും മുമ്പ് ക്ഷേത്രഗോപുരവാതിക്കലെത്താനേ സാധിച്ചുള്ളു. അവിടെ വച്ച് അദ്ദേഹം ഗ്രന്ഥത്തിൽ കണ്ടതുമാത്രമല്ലേ ഞാൻ ചെയ്തിട്ടുള്ളൂ എന്ന് ഭഗവാനോടു സങ്കടപ്പെട്ടു. അപ്പോൾ അത് ഭട്ടതിരി തന്നെ ചെയ്യണം എന്ന് ഗ്രന്ഥത്തിൽ പറഞ്ഞിരുന്നോ എന്നൊരു മറു ചോദ്യം ഭട്ടതിരി കേട്ടു. ഭട്ടതിരി തന്റെ മരണാസന്ന സമയത്ത് തിരുവാലൂരമ്പലം അഗ്നിക്കിരയാകട്ടെയെന്ന് ശപിക്കുകയും ഗോപുരവാതിൽക്കൽ വച്ചു തന്നെ മൂത്രം മുട്ടി മരിക്കുകയും ചെയ്തു. മരണവെപ്രാളത്തിൽ അദ്ദേഹത്തിന്റെ കാലിന്റെ ഉപ്പൂറ്റി തിരുകിയ പാടുകൾ തിരുവാലൂർ ക്ഷേത്രത്തിന്റെ പടിഞ്ഞാറേ ഗോപുരവാതിൽക്കൽ കൽപ്പടികളിൽ ഇന്നും കാണാവുന്നതാണ്. അങ്ങനെ യക്ഷിയുടെയും ഗന്ധർവ്വന്റെയും ശാപം ഫലിച്ചു. ഭട്ടതിരിയുടെ ശാപഫലമോ എന്തോ പിന്നീട് തിരുവാലൂരമ്പലം അഗ്നിക്കിരയാവുകയും ക്ഷേത്രത്തിനു കേടുപാടുകളുണ്ടാവുകയും ശിവലിംഗത്തിനു വിള്ളലുണ്ടാവുകയും ചെയ്തു. ഇന്നും അതേ ശിവലിംഗം തന്നെയാണ് തിരുവാലൂരപ്പന്റെ ശ്രീകോവിലിൽ കാണപ്പെടുന്നത്. യക്ഷിയാൽ വധിക്കപ്പെട്ട ഭട്ടതിരിയുടെ മകൻ മന്ത്രതന്ത്രവിദ്യകളിൽ നിപുണനായി. തന്റെ മനയുടെ യശ്ശസ്സുയർത്തി. നട്ടാശ്ശേരി മനയെന്ന കാലടി മനയെ സൂര്യകാലടി മനയെന്ന് പ്രസിദ്ധമാക്കി. ഈ മനയിൽ ജന്മം കൊള്ളുന്നവരെയെല്ലാം സൂര്യൻ എന്ന പേരിന്നുടമകളാക്കി. എങ്കിലും തന്റെ പിതാവിന്റെ ദുർമരണത്തിനു കാരണക്കാരാരോ അവരെ വധിക്കണം എന്ന പ്രതികാര ചിന്ത അദ്ദേഹത്തെ ശാപഗ്രസ്തമായ ദുർമരണത്തിലെത്തിച്ചു. ഭട്ടതിരിയുടെ മന്ത്രതന്ത്രവിദ്യാപാടവം പിൻ തലമുറകളിലൂടെ രോഗികൾക്കും ബാധയ്ക്കും ബാധിതർക്കും ഉപകാരപ്പെടുന്നു.

ഭട്ടതിരിയുടെ കാലത്ത് ഒരു ജന്മിയുടെ തോട്ടത്തിൽ കാവൽക്കാരനായി ഒരു മൂത്ത ചേകവൻ ഉണ്ടായിരുന്നു. ചേകവൻ ദിവസവും തീ കൂട്ടി അതിൽ കൊട്ടത്തേങ്ങയിട്ട് ചുട്ടു തിന്നുമായിരുന്നു. കൊട്ടത്തേങ്ങ ചുട്ടതു തിന്നുവാനായി ഒരു ആനകുട്ടി ദിവസവും ചേകവന്റെ അടുത്തെത്തും. അയാൾ തേങ്ങ ചുട്ടത് കുട്ടിയാനയ്ക്കും കൊടുക്കുമായിരുന്നു. പതിവായി ചുട്ട തേങ്ങ തിന്നുവാനെത്തുന്ന ആനക്കുട്ടിയെ ഒരു ദിവസം ഭട്ടതിരി കാണുവാനിടയായി. ഇത് സാധാരണ ആനക്കുട്ടിയല്ല എന്ന് ഭട്ടതിരിക്കു മനസ്സിലായി. ഭട്ടതിരി ഒരു നെരുപ്പോടുണ്ടാക്കി അതിൽ തേങ്ങ ഇട്ടു ചുട്ട് ആനക്കുട്ടിക്കു കൊടുത്തു. ഭട്ടതിരിയുടെ അടുത്തെത്തി ആനക്കുട്ടി ചുട്ട തേങ്ങ കഴിക്കുകയും ചെയ്തു. ആനക്കുട്ടിയെ അദ്ദേഹം തന്റെ മനയിലേക്കു കൂട്ടിക്കൊണ്ടു പോയി. മനയിലെത്തിയ ആനക്കുട്ടി സാക്ഷാൽ ഗണപതി രൂപത്തിൽ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷനായി. ഭട്ടതിരി തന്റെ തേവാരമൂർത്തികൾക്കൊപ്പം ഗണപതിയെ പ്രത്യേകസ്ഥാനം നൽകി പ്രതിഷ്ഠിച്ചു. ഗണപതി ഭഗവാൻ ഇന്നും കാലടി മനയുടെ ഐശ്വര്യമായി മനയിലെ നാലുകെട്ടിൽ കുടിക്കൊള്ളുന്നു. മനയുടെ നാലുകെട്ടിൽ പടിഞ്ഞാട്ടു ദർശനമായി കുടിക്കൊള്ളുന്ന ഗണപതി ഭഗവാൻ സൂര്യകാലടി മനയുടെ മാന്ത്രിക വെളിച്ചമാണ്. സമാവർത്തനം കഴിഞ്ഞാൽ ഇല്ലത്തുള്ളവർ എല്ലാവരും ഗണപതി ഹോമം നടത്തണം എന്നതാണ് ഇവിടുത്തെ രീതി. തേവാരവും ഗണപതിഹോമവും മുടങ്ങാതെ നടത്തുവാൻ പുരുഷന്മാരിലാരെങ്കിലും ഇല്ലത്തുണ്ടാകണം എന്ന നിർബന്ധവും ഈ മനയിലുണ്ട്. വർഷത്തിൽ എല്ലാ ദിവസവും ഇവിടെ ഗണപതി ഹോമം നടക്കുന്നുണ്ട്. ഇന്നും ഈ നിബന്ധന മുടക്കം കൂടാതെ പാലിച്ചു പോരുന്നു. സാധാരണയായി ഗണപതി ഹോമത്തിനു സാക്ഷിയായി നിലവിളക്കു വയ്ക്കുമ്പോൾ സൂര്യകാലടി മനയിൽ ഗണപതി ഹോമത്തിന് സാക്ഷി സൂര്യനാണ്. ഈ മനയിൽ പൂജാദികൾക്ക് നേതൃത്വം നൽകുന്നയാൾ സൂര്യൻ എന്നാണറിയപ്പെടുന്നത്. യക്ഷിയാൽ വധിക്കപ്പെട്ട

ഭട്ടതിരിയെ ബ്രഹ്മരക്ഷസ്സായി ഈ മനയിൽ കുടി യിരുത്തിയിട്ടുണ്ട്.

ഒരിക്കൽ ഭട്ടതിരി കോഴിക്കോടു തളിക്ഷേത്ര ത്തിൽ പട്ടത്താനത്തിൽ പങ്കെടുക്കുവാനെത്തി. അക്കാലത്ത് കവണയാറിന്റെ വടക്കെ കരയിലുള്ളവ രെ മാത്രമേ പട്ടത്താനത്തിൽ പങ്കെടുപ്പിച്ചിരുന്നുള്ളു. അന്ന് കവണയാറിന്റെ തെക്കേ കരയിലായിരുന്നു സൂര്യകാലടിമന സ്ഥിതി ചെയ്തിരുന്നത്. താനത്തിൽ പങ്കെടുക്കുവാൻ വേണ്ടി ഭട്ടതിരി തന്റെ മന ആറിന്റെ വടക്കെകരയിലാണെന്ന് പറഞ്ഞു. ഭട്ടതിരിയുടെ മന ആറിന്റെ തെക്കെ കരയിലാണെന്നറിയാവുന്നവർ ഭട്ടതിരി താനത്തിൽ പങ്കെടുക്കുന്നതിനെ എതിർ ക്കുകയും സാമൂതിരിയെ വിവരം അറിയിക്കുകയും ചെയ്തു. സാമൂതിരി സത്യാവസ്ഥ അറിഞ്ഞു വരു ന്നതിനായി ഭടന്മാരെ അയച്ചു. ഭട്ടതിരി പറയുന്നത് കളവാണെങ്കിൽ താനത്തിൽ കിട്ടുന്ന കിഴി തിരിച്ചു തരികയും ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടി വരു മെന്നും സാമൂതിരി ഭട്ടതിരിയെ അറിയിച്ചു. തന്റെ മന ആറിന്റെ വടക്കെ കരയിൽ തന്നെയെന്ന് ഭട്ടതിരി തർക്കിച്ചു. സാമൂതിരിയുടെ ഭടന്മാർ അന്വേഷിച്ചു ചെന്നപ്പോൾ മനയുടെ തെക്കു ഭാഗത്തുകൂടി പുഴ കിഴക്കോട്ടൊഴുകുന്നതാണ് കണ്ടത്. ഭട്ടതിരിയുടെ മന കവണയാറിന്റെ വടക്കെ കരയിലാണ് എന്ന് ഭടന്മാർ സാമൂതിരിയെ അറിയിച്ചു. ഇത് ഗണപതി ഭഗവാന്റെ കടാക്ഷത്താൽ സംഭവിച്ചതാണ് എന്നു വിശ്വസിക്കുന്നു. മനയുടെ വടക്കു വശത്തുകൂടി ഒഴു കിയിരുന്ന പുഴയെ ഗണപതി തന്റെ ഒറ്റക്കൊമ്പു കൊണ്ടു കുത്തി മനയുടെ തെക്കു വശത്തുകൂടി ഒഴുക്കി വിട്ട് ഭട്ടതിരിയെ രക്ഷിച്ചു എന്നാണ് ഐതി ഹ്യം. ഇന്ന് മീനച്ചിലാറ് മനയുടെ തെക്കുവശത്തുകൂടി ഒഴുകി കൊണ്ടിരിക്കുന്നു. പണ്ട് ആറ് ഒഴുകിയിരുന്നു എന്നു പറയുന്ന വടക്കു ഭാഗത്ത് ഒരു തോടുണ്ട് . ഈ തോട്ടിലൂടെയും വെള്ളം ഒഴുകുന്നുണ്ട്. മനയു ടെ തെക്കുവശത്തു പുഴയിലേക്കിറങ്ങി കുളിക്കു വാൻ പടവുകൾ കെട്ടി മേൽക്കൂരയും കെട്ടി തയ്യാ റാക്കിയിട്ടുണ്ട്. ഇവിടെയിറങ്ങി ഒന്നു മുങ്ങിക്കുളിച്ചു മനയിലെ ദിവ്യചൈതന്യമാർന്ന ഗണപതി ഭഗവാ നേയും കണ്ടു തൊഴുത് ഇവിടെ കുറച്ചു സമയം വിശ്രമിച്ചാൽ ഐതിഹ്യകഥകളേക്കാൾ നിറമുള്ള കഥകളും ചിത്രങ്ങളും നമ്മുടെ മനസ്സിൽ കൂടുകൂ ട്ടും എന്നതാണ് സത്യം.

കാലങ്ങൾ കഴിയുന്തോറും പഴങ്കഥകൾക്ക് ഭംഗിയും ഭാവവും നിറയും. യാഥാർത്ഥ്യങ്ങളും മാ ന്ത്രിക കഥകളും ചേരുമ്പോൾ കഥകൾക്ക് ഇമ്പമേ റും. സാധാരണ മനഷ്യർക്കിടയിൽ ആ കഥകൾ വിശ്വാസത്തിന്റെയും അതിശയത്തിന്റെയും കഥക ളായി മാറുന്നു. ഐതിഹ്യങ്ങൾക്കും കഥകൾക്കും എല്ലാം സാക്ഷിയായി, മനയുടെ പിന്നിലായി, വാർ ദ്ധക്യത്തെ സ്വീകരിക്കുവാൻ തയ്യാറാകാതെ ഒരു പാലമരം തലയുയർത്തി നില്ക്കുന്നുണ്ട്. ഇതാണ് സൂര്യകാലടി മനയുടെ ചരിത്രത്തിലെ ഒരു പ്രധാന കണ്ണിയായ യക്ഷിപ്പാല. ഈ മുത്തശ്ശി വൃക്ഷത്തിനു കൂട്ടായി വിശാലമായ ഒരു കുളവും നക്ഷത്രവനവും മറ്റു പലതരം അമൂല്യവൃക്ഷങ്ങളും ഇവിടെ കാണാം.

പ്രപഞ്ചത്തിന് വ്യക്തിയെ സ്വാധീനിക്കുവാൻ കഴിയുന്നു എങ്കിൽ വ്യക്തിക്കു പ്രപഞ്ചത്തേയും സ്വാ ധീനിക്കുവാൻ കഴിയും എന്നു പറയാതെ പറഞ്ഞ പൂർവ്വികരാണ് സൂര്യകാലടി മനയിൽ ജീവിച്ചിരുന്ന വർ. ഈ കാലഘട്ടത്തിലെ മനുഷ്യരുടെ നന്മയ്ക്കാ യി എന്തൊക്കെയോ ഇവിടെ കരുതിയിട്ടുണ്ട് എന്നു നമുക്കു വിശ്വസിക്കാം. സൂര്യകാലടിമന സൂര്യഭഗ വാന്റെ വരദാനം തന്നെ.

## നായർ സ്ത്രീസമാജം 2018 ഡിസംബർ മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 18.12.2018 | അംഗങ്ങളുടെ ഒത്തുചേരൽ<br>തുടർന്ന് പ്രശസ്ത ആയുർവ്വേദ ഡോക്ടർ ദേവിദാസ് വെള്ളോടി<br>'ആർത്തവ വിരാമവും അസുഖങ്ങളും' എന്ന വിഷയത്തെ പറ്റി സംസാരിക്കുന്നു. | 4.00 p.m. |
| 22.12.2018 | മകയിരം നൊയ്മ്പ് | |


## ചൈത്രം

**എറണാകുളം കരയോഗത്തിന്റെ സാമൂഹ്യസേവന വിഭാഗമായി പ്രവർത്തിക്കുന്ന വൈകാരിക പിന്തുണാകേന്ദ്രമാണ് ചൈത്രം. ചൈത്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സന്നദ്ധപ്രവർത്തകരെ ആവശ്യമുണ്ട്. 25-60 വയസ്സിന് ഇടയിലുള്ളവർക്ക് അപേക്ഷിക്കാം.**

**വിളിക്കേണ്ട നമ്പർ : 0484- 2361161 സമയം 2-5 p.m.**

# ചിദാനന്ദപുരി

എസ്. രമേശൻ നായർ



ചിരിയും ചിന്തയും ഭസ്മ-
ക്കുറിയും ചേർന്ന സംസ്കൃതി;
ചിദാനന്ദപുരിക്കെന്റെ
ചിരകാല നമസ്കൃതി !

ആഴിയേഴുമകത്താക്കി-
ത്താഴിട്ടോൻ, തപ്തകാഞ്ചനൻ
വേദവാക്യ കുബേരത്വം
വായ്ക്കിലും താനകിഞ്ചനൻ.

അയോധൂളികളായ്ച്ചുറ്റു-
മലയും മാനസങ്ങളെ
അയസ്ക്കാന്തസമം തന്നി-
ലടുപ്പിക്കും തപോധനൻ.

വിജ്ഞാനദാഹശമനി
വിശിഷ്ടാദ്വൈതസദ്ഖനി
കലികാലതമസ്സിൽക്കൈ-
വിളക്കാം കുറുമാമുനി.

അന്തിവാനിൻ മൺകലത്തിൽ
കാവിമുക്കിയുടുക്കുവോൻ
അണിനക്ഷത്രദീപങ്ങൾ
ആശ്രമത്തിൽക്കൊളുത്തുവോൻ.

അല്പത്വച്ചോദ്യസന്ദേഹി-
ക്കുത്തരാർത്ഥം പകുക്കുവോൻ
അർത്ഥമത്തരിൽ വാഗർത്ഥ-
പ്രസ്ഥാനത്രയമാകുവോൻ.

താളിയോലകളിൽത്തത്ത്വ-
ക്കടൽ നീന്തിക്കടന്നവൻ
നാലുവേദക്കാലിലോല-
ക്കുടിലിൽത്താമസിക്കുവോൻ .

സനാതനമഹാധർമ്മം
പൊഴിക്കും മേഘമേദുരൻ
സർവ്വസമ്മതസദ്ഭാവം
സദാ കൺകളിലാണ്ടവൻ.

കലികാലത്തു കാഷായ-
ക്കാപട്യം തലപൊക്കവേ
കാലകാലസമംമുക്ക-
ണ്ണാലെ ഭസ്മീകരിക്കുവോൻ.

ആട്ടിൻതോലിട്ട ചെന്നായ്ക്കൾ-
ക്കൊപ്പമാ സൂത്രശാലികൾ
ആൾമാറാട്ടം നടത്തുന്നോ-
രരങ്ങിൽത്തീപടർത്തുവോൻ.

കള്ളമാർജ്ജാരജന്മങ്ങൾ
കണ്ണടയ്ക്കുമിരുട്ടുകൾ
പാൽനുണയ്ക്കുന്ന വേരം മൺ-
കലം തല്ലിയുടയ്ക്കുവോൻ

ഭഗവദ്ഗീതയെബ്ഭിക്ഷാ-
പാത്രമാക്കുന്ന വഞ്ചകർ
ഒളിസേവ നടത്തുമ്പോ-
ളിടിത്തീയായ്പ്പതിക്കുവോൻ.

ദുഷ്ടവാസനകൾക്കെല്ലാം
ദുർവ്വാസാവായ്ബ്ഭവിച്ചവൻ
'നോം നോ' മെന്നേ കുരച്ചീടും
നായ്ക്കളെക്കൂട്ടിലേറ്റുവോൻ.

വിദേശശത്രുക്കളേക്കാൾ
വിഷം ചീറ്റി നടക്കുവോർ
പെറ്റനാടിനെയന്യർക്കാ-
യൊറ്റുവാൻ മടിയറ്റവർ !

എന്തുകിട്ടു ? മതിൻപേരിൽ
സ്വന്തമാം ലാഭമെത്രയാം?
മറയായ്ക്കാവിയും ചുറ്റി
നെറികേടിനിറങ്ങുവോർ.

ഉദരത്തിൻ പൂരണാർത്ഥം
നരമാംസം നുണയ്ക്കുവോർ
ഭക്തിവിശ്വാസാർപ്പണത്തിൻ
രക്തമൂറ്റിക്കുടിക്കുവോർ.

ബ്രഹ്മചര്യം പുതച്ചോരോ
ജന്മപാപം വിതയ്ക്കുവോർ
ആളുകാണാതുടൻപോയ്ത്തൻ
മാളങ്ങളിലൊളിക്കുവോർ!

അന്തരംഗത്തിലും സ്വന്തം

നരകംതീർത്ത കാമികൾ
അവരെപ്പോറ്റണോ നമ്മൾ
ആർഷഭാരതവാസികൾ ?

അവർക്കായ്ച്ചാട്ടവാർ നാവിൽ-
ച്ചുഴറ്റും മുനിയീമുനി
സ്ഫടികംപോലൃഷിത്വത്തെ
സ്ഫുടംചെയ്യുന്നതാരിനി ?

പഞ്ചനക്ഷത്രസായൂജ്യം
പതിവാക്കും നികൃഷ്ടരെ
പതയുന്നസുഖം മൊത്തി-
ക്കുടിക്കും മദമത്തരെ,

സീതമാരെയൊളിപ്പിക്കും
രാവണന്മാരെ, നിഷ്കൃപം
എയ്തൊടുക്കും രാമബാണം
തന്നെയാണീ മഹാമുനി !

ആർഷഭാരതമേ നിന്നി-
ലാത്മീയത വിതച്ചവർ
ജ്ഞാനവിജ്ഞാനാഭിമാനം
മാനത്തോളമുയർത്തിയോർ

ഇതിഹാസപുരാണങ്ങൾ
ഇഴനെയ്തു നിറച്ചവർ
അനാദികാലംമുതൽക്കേ
അറിവായിജ്ജ്വലിച്ചവർ

ത്രികാലജ്ഞാനികൾ, സത്യാ-
ന്വേഷികൾ, സൂക്ഷ്മവൃത്തികൾ
നിഗ്രഹാനുഗ്രഹം പെയ്യും
നിത്യമേഘസമൃദ്ധികൾ

വേദവേദാന്തങ്ങളെക്കൈ-
വിരൽത്തുമ്പിൽച്ചുഴറ്റിയോർ
ഓംകാരനാദമന്ത്രത്താ-
ലായിരം കടൽ തീർത്തവർ.

രാജവംശങ്ങൾക്കു മാർഗ്ഗം-
തെളിക്കും ധർമ്മചാരികൾ
ഭാരതോർവ്വീരഥത്തിന്റെ
സാരഥ്യം കയ്യിലാണ്ടവർ.

ആ പരമ്പരയിൽച്ചേരാ-
നർഹരുണ്ടായിരങ്ങളായ്
അവരല്ലീ നയിക്കേണ്ടൂ
നമ്മളെദ്ധീരശാന്തരായ് ?

അവർക്കുള്ളിൽ തന്ത്രപൂർവം
നുഴഞ്ഞേറുമിവറ്റയെ
കഴുവേറ്റാൻ നമുക്കില്ലേ
കഴിവും കർമ്മശേഷിയും ?

വ്യാസൻ ഗർഗ്ഗൻ വസിഷ്ഠൻതൊ-
ട്ടനേകം ജ്ഞാനമൂർത്തികൾ
നമുക്കില്ലേ ? നമിപ്പൂ ഞാൻ
'വന്ദേ ഗുരുപരമ്പരാം'.

അഷ്ടാദശപുരാണങ്ങൾ
ആരണ്യകസമൃദ്ധികൾ
ശരിതെറ്റുകളൊന്നൊന്നായ്
വേർതിരിക്കുമതിർത്തികൾ.

ഈശാവാസ്യം കഠം കേനം
ഛാന്ദോഗ്യം തൈത്തിരീയവും
ബൃഹദാരണ്യകം പ്രശ്നം
മാണ്ഡൂക്യം ഐതരേയവും

കയ്യിലാമലകംപോൽ നൂ-
റ്റെട്ടുമുൾക്കൊണ്ട ദേശികൻ
നൂറ്റെട്ടുപനിഷത്തിൻ നൂൽ
നൂറ്റു നെയ്യാനിരിക്കുവോൻ.

ഓരോ കുഗ്രാമവും ഗീതാ-
ഗ്രാമമാക്കുന്ന സാത്വികൻ
ശാന്തിമേഘം കണക്കെങ്ങും
സമാധാനം പൊഴിക്കുവോൻ.

യുക്തിവാദവനം താണ്ടി
മുക്തിമണ്ഡലമേറ്റുവോൻ
വ്യാജകാഷായഹന്താവാ-
മീയഗസ്ത്യനു വന്ദനം !

ശിവാനന്ദം ചിരാനന്ദം
ചിദാനന്ദം ഭവിക്കുക
ധ്യാനാനന്ദം സദാനന്ദം
ബ്രഹ്മാനന്ദം നിറയ്ക്കുക !

പലജന്മങ്ങളീയൊറ്റ-
ജന്മത്തിൽപ്പൂർത്തിയാക്കുവോൻ
പരാത്പര ചിദാനന്ദ-
പുരിക്കെൻ കവിതാഞ്ജലി !

കൊളത്തൂരാശ്രമത്തിന്റെ
കൊടിക്കൂറപ്രഭാതമേ
ഉദിക്കുന്നു നിന്നിലിന്നെൻ
ഉയിരിൻ സൂര്യമാനസം !

# മഹാഭാരത കഥ പ്രാധാന്യം, വിവരിച്ച സന്ദർഭം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

## പരീക്ഷിത്തിന്റെ കഥ

ജനമേജയൻ മുനിമാരിൽനിന്നും പരീക്ഷിത്തിന്റെ കഥ മനസിലാക്കി. അർജ്ജുനന്റെ പുത്രന്റെ പുത്രൻ അഭിമന്യുവിന് ഉത്തരയിൽ ജനിച്ച പരീക്ഷിത്ത് 36–ാം വയസിൽ ഭാരതചക്രവർത്തിയായി. പിന്നീട് വർഷങ്ങൾക്കു ശേഷം ഒരിക്കൽ നായാട്ടിനുപോയ പരീക്ഷിത്ത് ദാഹശമനത്തിനായി ഒരു പർണ്ണശാലയിലേക്കു ചെന്നു. അവിടെ ധ്യാനനിമഗ്നനായിരുന്ന സന്യാസിയോട് വെള്ളമാവശ്യപ്പെട്ടു. മറുപടി കിട്ടാതെ കോപാകുലനായ ചക്രവർത്തി അടുത്തുകിടന്ന ചത്ത പാമ്പിനെയെടുത്ത് മഹർഷിയുടെ ശരീരത്തിലേക്കിടുകയും മകനായ ശൃംഗി ഇതുകണ്ട് ഇതു ചെയ്തയാളെ 7–ാം ദിവസം തക്ഷകൻ കടിച്ചുകൊല്ലുമെന്നു ശപിക്കുകയും ചെയ്തു. ധ്യാനത്തിൽ നിന്നുണർന്ന മുനി സങ്കടപ്പെട്ടു. പരീക്ഷിത്തിനെ വിവരം ധരിപ്പിച്ചു. കശ്യപമഹർഷിയുടെ മകനാണല്ലോ തക്ഷകൻ. എങ്ങനേയും ഇതു തടയാൻ പുറപ്പെട്ട കശ്യപനെ വഴിയിൽ തക്ഷകൻ തടഞ്ഞു സമാധാനിപ്പിച്ചയച്ചു. അസ്തികന്റെ ജന്മോദ്ദേശവും ഒക്കെ നടക്കേണ്ടതുപോലെ വരണമെന്നൊക്കെയുള്ള ചിന്തയാൽ കശ്യപൻ തിരികെ പോയി. ശാപത്തിന്റെ ദിവസം വന്നു. യജ്ഞമൊക്കെ വിജയിച്ചു. അവിടെ കണ്ട പഴത്തിലിരുന്ന കൃമിയെ എടുത്ത് ശൃംഗിശാപം മാറട്ടെയെന്നു പറഞ്ഞ് പരീക്ഷിത്ത് കഴുത്തിലുരസി. അതു തക്ഷകനായിരുന്നു. തക്ഷകൻ ദംശിച്ചു. അങ്ങനെ തക്ഷകനാൽ പരീക്ഷിത്ത് മരണപ്പെട്ടു. ഈ സമയത്ത് ജനമേജയൻ അവിടില്ലായിരുന്നു. പിന്നീട് 'ദുഃഖിതന്മാരാമമാതൃരുമാശു ശേഷക്രിയ പുത്രനേക്കൊണ്ടു ചെയ്യിച്ചാൽ' എന്നാണ്. ഇതുകേട്ട ജനമേജയന്റെ മനസ്സ് 'തദൈവ രാജേന്ദ്രോ ദുഃഖ ശോകാല്യം തോ ഭവത്' തദൈവ രാജേന്ദ്രോ ദുഃഖ ശോകാല്യം തോ ഭവത് രാജാവിന്റെ മനസിൽ ദുഃഖം ഇരട്ടിച്ചുവെന്നാണ് പറയുന്നത്. പരീക്ഷിത് രാജാവിന്റെ മരണം തക്ഷകന്റെ സൂത്രമാണ്. കൂടാതെ തക്ഷകൻ ഒളിച്ചിരുന്ന വനം നശിപ്പിക്കാൻ അഗ്നി ശ്രമിച്ചുവെന്നും ഇന്ദ്രൻ മഴ പെയ്യിപ്പിച്ചുവെന്നും ജനമേജയന്റെ പിതാമഹനായ അർജ്ജുനന്റെ സഹായത്താൽ ഖാണ്ഡവം എന്ന വനം മുഴുവൻ ദഹിപ്പിച്ചു വെന്നും. തക്ഷകന് അർജ്ജുനസന്തതികളോട് വിരോധമുണ്ടെന്നും അങ്ങനെ ധർമ്മിഷ്ടരിൽ അഗ്രഗണ്യനായ പരീക്ഷിത്തിന്റെ മരണവും ഒക്കെ കാരണമായെന്നും അതുകൊണ്ട് ജനമേജയൻ സർപ്പയാഗമാണ് നടത്തേണ്ടതെന്നും പറഞ്ഞു പ്രതികാരം ഉറപ്പിച്ചു. അവസാനം ജനമേജയൻ പറഞ്ഞു,

'പ്രതി കർത്തവ്യമിത്യേവം യേന മേ ഹിംസിതഃ പിതാ
ശൃങ് ഗിണം ഹേതുമാത്രം യഃ കൃത്വാ ദഗ്ധ്വാ ച പാർത്ഥിവം'

തന്റെ പിതാവിന്റെ ഘാതകനായ തക്ഷകനെ കൊല്ലാനുള്ള സമയമായി എന്നു പറഞ്ഞു സർപ്പയാഗം തുടങ്ങാനാരംഭിച്ചു. ആ സമയം വേദാർത്ഥസംഗ്രഹിയായ ഒരു സുതൻ പറഞ്ഞു:

'യസ്മിൻദേശേ ച കാലേ ച മാപനേയം പ്രവർത്തിതാ
ബ്രാഹ്മണം കാരണം കൃത്വാ നായം സംസ്ഥാസ്യതേ കൃതും'

യാഗസ്ഥലവും സമയവും നോക്കുമ്പോൾ ഒരു ബ്രാഹ്മണൻ മൂലം യാഗം മുടങ്ങുമെന്നും ഇതുകേട്ട രാജാവ് ആരേയും കടത്തിവിടരുതെന്ന ആജ്ഞയും കൊടുത്തു.

അങ്ങനെ സർപ്പയാഗം തുടങ്ങി. സർപ്പങ്ങൾ വെന്തുമരിച്ചു തുടങ്ങി. തക്ഷകൻ ദേവേന്ദ്രനെ ശരണം പ്രാപിച്ചു. ഇന്ദ്രനും തക്ഷകനും ഒരുമിച്ച് യാഗാഗ്നിയിൽ വീഴുമെന്നായപ്പോൾ ഇന്ദ്രൻ തക്ഷകനെ തടഞ്ഞു. വാസുകി ഇതെല്ലാമറിഞ്ഞു ജഗൽകാരുവിന്റെ അടുത്തു ചെന്ന് അസ്തികനെ കണ്ടു. 'അസ്തികനെക്കനിഞ്ഞാശ്ലേഷവും ചെയ്തു മസ്തകത്തിങ്കൽ മുകർന്നു ചൊല്ലീടിനാർ' . അസ്തികൻ പുറപ്പെട്ടു യാഗസ്ഥലത്തെത്തി. ആസ്തികൻ വന്ന് ജനമേജയന്റെ യാഗത്തേക്കുറിച്ച് ആദ്യം പുകഴ്ത്തി പറഞ്ഞു. എന്നിട്ടിങ്ങനെ പറഞ്ഞു:

'നേഹത്വദന്യേ വിധതേജീവലോകേ
സമേ നൃപഃ പാലയിതാ പ്രജാനാം'

എന്നു തുടങ്ങി പല നിലകളിലുള്ള മഹാന്മാരോടൊപ്പമാണ് ജനമേജയനെന്നു പുകഴ്ത്തി. അപ്പോൾ ജനമേജയൻ പറഞ്ഞു:

'ബലോ വ്യയം സ്ഥവിർജവാവ ഭാഷതേ
നായം ബലം സ്ഥവിരോ യം മനോമേ'

കണ്ടാൽ ബാലകനാണെന്നു തോന്നാമെങ്കിലും ജ്ഞാനിയേപ്പോലെ സംസാരിക്കുന്നു. എന്താണാവശ്യം.അസ്തികന്റെ വിവരങ്ങൾ മനസ്സിലാക്കിയ ജനമേജയൻ സന്തുഷ്ടനായി. അവസാനം ജനമേജയൻ ഇന്ദ്രന്റെ സമീപം ആശ്രയത്തിനായി നിൽക്കുന്ന തക്ഷകനേയും ഇന്ദ്രനേയും ഒരുമിച്ച് നശിപ്പിക്കാനുള്ള ശ്രമം തുടങ്ങി. ഈ സമയം ആസ്തികൻ പറഞ്ഞു, അങ്ങു തരാമെന്നു പറഞ്ഞ വരം തരണം.

'വരം ദദാസി വൃണോമി ജനമേജയാ
സത്രം തേ വിരാമത്വേ തത്ര പതേയുരിഹേരണാഃ'

ഞാൻ ആവശ്യമപ്പെടുന്നത് ഈ യാഗം നിർത്തണമെന്നാണ്. ജനമേജയൻ മറുപടിയായി സ്വർണ്ണവും മറ്റും തരാമെന്നു പറഞ്ഞു.

'സമാപ്യതാമിദം കർമ്മ പന്നഗാഃ സന്ത്വനാമയാഃ
പ്രിയനാമയമാസ്തികഃ സത്യം സൂതവചോ ഉസ്തുതത്'

അസ്തികൻ പ്രാണിഹിംസയുടെ ദോഷഫലങ്ങൾ പറഞ്ഞു. തക്ഷകനെ രക്ഷിക്കാനായി അപേക്ഷിച്ചു. 'പന്നഗസത്രത്തെയിന്നു മാറ്റീടുകിൽ നന്നതല്ലായ്കിൽ പ്രപഞ്ചം മുടിഞ്ഞുപോം'

അവസാനം ജനമേജയൻ പറഞ്ഞു, യാഗം നിർത്തൂ, സർപ്പങ്ങളേ രക്ഷിക്കൂ. തക്ഷകൻ രക്ഷ നേടട്ടേ. സൂതന്റെ പ്രവചനം നടക്കട്ടേയെന്ന്.

'അസ്തിക വാഞ്ചിനാം നല്കകെന്നു ഗുരു സത്യപാരായണന്മാരാം മുനികളും

മൗനാനുവാദമോടേ ജനമേജയൻ താനും മഖവര ദക്ഷിണയും ചെയ്താൻ:

അപ്പോൾ അസ്തികൻ 'വഹ്നിയിൽ വീഴായ്ക തക്ഷകനെന്നാശുമന്നേരം മൂന്നുരു ചൊല്ലിനാനാസ്തികൻ'. അസ്തികനെ അനുഗ്രഹിച്ച് തക്ഷകൻ മറഞ്ഞു. അസ്തികന്റെ വിവരങ്ങൾ മനസ്സിലാക്കിയ ജനമേജയൻ സന്തുഷ്ടനായി.

'കൗന്തേയന്മാരായ പാണ്ഡവന്മാരുടെ ശാന്തഗുണമെല്ലാം ചൊല്ലാവതല്ലല്ലോ

തൽപുത്രപൗത്രനായുണ്ടായ നിന്നുടെ സദ്ബോധമേതുമൊരത്ഭുതമല്ലല്ലോ'

യെന്നു പറഞ്ഞു അസ്തികൻ ജനമേജയനോടു യാത്രപറഞ്ഞു. തന്റെ പൂർവ്വികരുടെ കഥ പറയണമെന്നാവശ്യപ്പെട്ട ജനമേജയനോട് വ്യാസനല്ലാതെ മറ്റാർക്കും സാധിക്കയില്ലായെന്നു പറഞ്ഞു. അസ്തികൻ ഒന്നുകൂടി പറഞ്ഞു. സന്ധ്യാകാലത്തിങ്കലെന്റെ ചരിത്രങ്ങൾ ചിന്തിക്കയും ചൊൽകയും കേൾക്കയും ചെയ്കിൽ പന്നഗജാതകളാലവർക്കാകുമേ പിന്നെയൊരു ഭയം കൂടാതിരിക്കണം. ഇങ്ങനെ അനുഗ്രഹിച്ചു അസ്തികൻ യാത്രയായി. ഇവിടെയെല്ലാം തന്നെ സാധാരണ മനുഷ്യർക്ക് ഉണ്ടാകുന്ന കോപവും പ്രതികാരവും വാക്കുകളുടെ ശക്തിയും ശാപഭയവും എല്ലാം വിവരിക്കുന്നു. ഇതോടൊപ്പം തന്നെ തന്നേക്കാൾ പ്രായത്തിൽ ചെറുപ്പമാണെങ്കിലും ജ്ഞാനികളെ ബഹുമാനിക്കണമെന്നും അവരുടെ വാക്കുകൾ ലോകത്തിനു തന്നെ എങ്ങനെയൊക്കെ ശാന്തി നല്കുമെന്നും വിസ്തരിച്ചുപറയുന്നു. ഇതു തന്നെയാണ് വേദവ്യാസന്റെ .ഉദ്ദേശവും. മാധുര്യമേറുന്ന വാക്കുകൾ മറ്റൊരാളുടെ മനസിൽ എത്രമാത്രം മാറ്റം വരുത്താൻ സാധിക്കുമെന്നുള്ള തത്ത്വം ആദ്യം തന്നെ ആസ്തികൻ പറയുന്നുമുണ്ട്.

'നമേ വാകനൃതം പ്രാഹസ്വൈരേ സ്വദി കുതോനഥാ

തം വൈനൃപ വരം ഗത്വാ ദീക്ഷിതം ജനമേജയം
വാഗ്ഭിർ മണ്ഡല യുക്താഭി തോഷ ഇഷ്യേഥ മാതുലാ

യഥാ സയജോ നൃപതേരിനി വദിഷ്യതി സമന്ത'

എന്റെ വാക്കൊരിക്കലും തെറ്റില്ലായെന്നും ജനമേജയനെ എന്റെ വാക്കുകൾകൊണ്ട് സന്തോഷിപ്പിക്കുമെന്നും അങ്ങനെ അദ്ദേഹം സർപ്പയാഗത്തിൽ നിന്നു പിൻമാറുമെന്നും എനിക്കറിയാം. ഇവയെല്ലാം തന്നെ എങ്ങനെ ആത്മവിശ്വാസത്താൽ കാര്യങ്ങൾ എവിടെയായാലും നേടിയെടുക്കാമെന്നും നമ്മെ മനസിലാക്കിത്തരുന്നു.

അങ്ങനെ സർപ്പയാഗം അവസാനിക്കുകയും ഭാരതകഥ തുടങ്ങുകയുമായി. ശൗനകമഹർഷി പറഞ്ഞു,

'മനഃ സാഗരസംഭൂതം മഹർഷേർഭാവിതാത്മനഃ
കഥയസ്വ സതം ശ്രേഷ്ഠ സർവ്വരലമയോമിമാം'

അതിവിശാലമായ സമുദ്രത്തിന്റെ വ്യാപ്തിയിലുള്ള മനസ്സോടു കൂടിയ വിശുദ്ധാത്മാവിൽ നിന്നും ഉദയം കൊണ്ട ഈ ചരിത്രം എന്നോടു പറയുക. നിങ്ങൾ ഇതുവരെ പറഞ്ഞതു കേട്ടപ്പോൾ എന്റെ വിജ്ഞാന ദാഹം ശമിച്ചില്ല, അതു വർദ്ധിക്കുകയാണു ചെയ്യുന്നത്.

ഇങ്ങനെ ധാർമ്മികമൂല്യങ്ങൾ നിറഞ്ഞ ഒരു ചരിത്രം പറയാൻ സന്തുഷ്ടനാണെന്നു പറഞ്ഞാണ് ഇവിടെ ഉഗ്രശ്രവസ് നിർത്തുന്നതു തന്നെ

'ഹന്ത തേ കഥയിഷ്യാമി മഹദാഖ്യാനമുത്തമം
കൃഷ്ണദ്വൈപായനമതം മഹാഭാരതമാദിതഃ'

പിന്നീട വൈശമ്പായൻ വ്യാസന്റെ പക്കൽനിന്നും ഹൃദിസ്തമാക്കിയ പാണ്ഡവ കൗരവ ചരിത്രം പറയുകയാണ് ചെയ്യുന്നത്.

ഹന്ത തേ കഥയിഷ്യാമി മഹദാഖ്യാനമുത്താമ
കൃഷ്ണദ്വൈപായനമതം മഹാഭാരതമാദിതം

കൃഷ്ണദ്വൈപായന വ്യാസൻ രചിച്ച മഹാഭാരത ചരിത്രം ആദ്യം മുതൽ തന്നെ ഞാൻ പറയാം. ഇങ്ങനെ പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളോടും നീതി പുലർത്തുന്നതും, ധാർമ്മികമൂല്യങ്ങൾ കലികാലത്തും കൈവിടാതിരിക്കാൻ ജനങ്ങൾ ജാഗരൂകരാകണമെന്നുമുള്ള വ്യാസന്റെ ഉദ്ദേശം ഇവിടെ പ്രസ്താവ്യമാണ്. അതുകൊണ്ടാണ് ഇങ്ങനെ ഒരു സന്ദർഭത്തിൽ ഭാരതചരിത്രം വിശദമായി വീണ്ടും പറഞ്ഞിരിക്കുന്നത്. എന്നിൽനിന്നും കേട്ട കൗരവപാണ്ഡവ ചരിതം അതുപോലെതന്നെ ആവർത്തിക്കുക. അങ്ങനെ വൈശമ്പായൻ കഥ പറയാൻ തുടങ്ങി. ഈ കഥകൾ ചുരുക്കത്തിൽ പറഞ്ഞുതുടങ്ങി. വ്യാസോൽപ്പത്തി, ഉപരിചരരാജാവിന്റെ കഥ ഇവയിലൂടെ കടന്ന് ജനമേജയന്റെ ആഗ്രഹപ്രകാരം ദേവന്മാർ അസുരന്മാർ അപ്സരസുകൾ മനുന്മാർ യക്ഷന്മാർ തുടങ്ങിയവരുടെ ഉല്പത്തിയിൽ തുടങ്ങി ഭൂമിയുടെ ഉല്പത്തി, ബ്രഹ്മാവിന്റെ ജനനം മുതലുള്ള ചരിത്രം മുഴുവനും പറഞ്ഞു കൊടുത്തു. ഇതിൽ ജനമേജയൻ തൃപ്തനായി.

ബ്രഹ്മാവിന്റെ ജനനം മഹാവിഷ്ണുവിന്റെ നാഭിയിൽ നിന്നുമാണ് ഉണ്ടായതെന്നാണ് പറയപ്പെടുന്നത്.

വൈശമ്പായൻ പറയുന്നത്

'ഹന്തതേ കഥയിഷ്യാമി നമസ്കൃത്യ സ്വയംഭുവേ

സുരാജീനാമഹം സംഖ്യം ലോകാനാം പ്രഭവാപ്യയം'

സ്വയംഭൂവായ ബ്രഹ്മാവിന്റെ മുൻപിൽ തല കുനിച്ചുകൊണ്ട് ഞാൻ എല്ലാ ജീവികളുടെയും ചരിതം പറയുകയാണെന്നാണ്.

ഭൂമി മുഴുവൻ പ്രളയത്തിൽ നശിച്ചതിനുശേഷം മഹാവിഷ്ണുവിന്റെ നാഭിയിൽനിന്നും ബ്രഹ്മാവ് ഉണ്ടായി. മഹാവിഷ്ണുവിന്റെ ആഗ്രഹപ്രകാരം ബ്രഹ്മാവ് സ്വർഗ്ഗവും ഭൂമിയും പാതാളവും സൃഷ്ടിച്ചു. മരീചി, അത്രി, പുലസ്ത്യൻ തുടങ്ങിയ സപ്ത താപസന്മാരും വസിഷ്ഠൻ, നാരദൻ തുടങ്ങി 8 ബ്രഹ്മ സന്തതികളും ഉണ്ടായി. ബ്രഹ്മപുത്രനായ കശ്യപ പ്രജാപതിക്ക് 9 പുത്രന്മാരുണ്ടായി. പുലസ്ത്യന്റെ പുത്രനായ വിശ്രവസിന്റെ മകനാണ് രാവണൻ. ബ്രഹ്മാവിന്റെ പുത്രനായ ദക്ഷന്റെ പുത്രന്മാരാണ് അഷ്ടവസുക്കൾ. ദിതിയുടെ മക്കളെ ദൈത്യന്മാർ എന്നറിയപ്പെടുന്നു. മൂത്തപുത്രൻ ഹിരണ്യകശിപു. ദക്ഷന്റെ 13 പെൺമക്കളെ കശ്യപൻ വിവാഹം കഴിച്ചു. ഇങ്ങനെ തുടങ്ങി സർവ്വ ജീവജാലങ്ങളുടെയും സൃഷ്ടാവ് കശ്യപനായതുകൊണ്ട് കശ്യപ പ്രജാപതി എന്നദ്ദേഹത്തെ വിളിച്ചു. 13 പേരിലൊരാളായ അദിതിയുടെ പുത്രൻ ആദിത്യൻ, ആദിത്യന്റെ മകനാണ് മനു. യമനും സൂര്യപുത്രനാണ്. മനുവിന്റെ പുത്രനാണ് ഇളൻ. പിന്നീട് ഇളയായി മാറി. ബുധൻ ഇളയെ വിവാഹം കഴിച്ചു. ഇവരുടെ പുത്രനാണ് പുരുരവസ്. (ആദ്യ ചന്ദ്രവംശ രാജാവ്). ഇദ്ദേഹത്തിന് ഉർവ്വശിയിൽ ആയുസ് എന്ന പുത്രനുണ്ടായി. ആയുസിന്റെ പുത്രൻ നഹുഷൻ. അദ്ദേഹത്തിന്റെ പുത്രൻ യയാതി. യയാതിയുടെ ഭാര്യമാരാണ് ദേവയാനിയും ശർമ്മിഷ്ടയും. ദേവയാനിയിൽ യദു, തുർവസു എന്ന രണ്ടുപേരും ശർമ്മിഷ്ഠയിൽ ദ്രഹു, അനുദ്രുഹു, പുരു എന്ന മൂന്നു പേരും ഉണ്ടായി. ഇതിൽ യയാതിക്ക് ശേഷം രാജാവായ പുരുവിന്റെ വംശം പുരുവംശം. പുരുവിൽ നിന്നും 17 -ാമത്തെ തലമുറയിൽ ദുഷ്യന്തനും പിന്നീട് ഭരതനുമുണ്ടായി. ഈ ഭരതമഹാരാജാവിന് സുനന്ദയിൽ ജനിച്ച മകനാണ് ഭൂമന്യു. അദ്ദേഹം ദാശാർഹ രാജപുത്രിയായ സുവർണ്ണയെ വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ പുത്രനായ സുഹോത്രൻ ഇക്ഷാകുവംശജനായ ജയന്തിയെ വിവാഹം കഴിച്ചതിലുണ്ടായ പുത്രനാണ് ഹസ്തി. ഹസ്തിനപുരസ്ഥാപകനാണിദ്ദേഹം. ഹസ്തിയുടെ പുത്രന്റെ പുത്രനായ സംവരണൻ സൂര്യപുത്രിയെ വിവാഹം കഴിച്ചു. സൂര്യപുത്രിയായ സപതിയിൽ ഉണ്ടായ പുത്രനാണ് കുരു. അദ്ദേഹത്തിന്റെ തപശക്തി കൊണ്ടുണ്ടാക്കിയതാണ് കുരുക്ഷേത്രം. ഈ പരമ്പരയിലെ പ്രതീപന്റെ മകനാണ് ശന്തനു. ശന്തനുവിന് ഗംഗാദേവിയിൽ ഉണ്ടായ പുത്രനാണ് ഗംഗാദത്തൻ (ഭീഷ്മർ). ശന്തനുവിന് സത്യവതിയിലുണ്ടായവരാണ് ചിത്രാംഗദൻ, വിചിത്രവീര്യൻ. ചിത്രാംഗദന്റെ മരണശേഷം വിചിത്രവീര്യൻ രാജാവായി. കാശിരാജാവിന്റെ പുത്രിമാരായ അംബ,അംബിക, അംബാലിക, ഇവരെ ഭീഷ്മർ ഹസ്തിനപുരിയിൽ കൊണ്ടുവന്നു. ഇതിൽ അംബ സ്വാല്യഭൂപതിയുമായി സ്നേഹത്തിലാ യിരുന്നതുകൊണ്ട് തിരികെ പോയി. പക്ഷെ സ്വാലരാജാവ് സ്വീകരിച്ചില്ല. ഭീഷ്മരും തള്ളി. അവർ തപസ്സു ചെയ്തു. സുബ്രഹ്മണ്യൻ കൊടുത്ത മാലയുമായി നടന്നു. പാഞ്ചാല രാജ്യത്തു ചെന്ന് ശക്തിയുള്ള മാല അവിടെവെച്ചു. ഈ മാല ധരിക്കുന്നവർ ഭീഷ്മരെ കൊല്ലുമെന്നുള്ള പ്രവചനം കാരണം എല്ലാവരും ഭയന്നിരുന്നു. യജ്ഞസേന പുത്രിയായ ശിഖണ്ഡിനി ഈ മാലയെടുത്തു ധരിച്ചു. രാജാവ് മകളെ ഉപേക്ഷിച്ചു. അവസാനം ശിഖണ്ഡിനി ഗന്ധർവ്വാനുഗ്രഹത്താൽ പുരുഷനായി മാറി. അംബ ശരീരം ത്യജിച്ചു. ശക്തി ശിഖണ്ഡിയിൽ ലയിപ്പിച്ചു. ഈ

ശിഖണ്ഡിയെ മുൻനിർത്തിയാണ് കുരുക്ഷേത്ര യുദ്ധത്തിൽ പാണ്ഡവർ വിജയം നേടിയത്.

വിചിത്രവീര്യന്റെ മരണശേഷം സന്താനോൽപത്തിക്കായി സത്യവതി അവർക്ക് പരാശരനിലുണ്ടായ മകനായ കൃഷ്ണദ്വൈപായ വ്യാസനെ സമീപിച്ചു. അങ്ങനെ ധൃതരാഷ്ട്രരും പാണ്ഡുവും ജനിച്ചു. വ്യാസന് ശൂദ്രസ്ത്രീയിൽ വിദുരരും ജനിച്ചു. ധൃതരാഷ്ട്രർക്ക് 100 പുത്രന്മാരും ദുശ്ശള എന്ന പുത്രിയും പാണ്ഡുവിന് 5 പുത്രന്മാരും ഉണ്ടായി.

ഈ അഞ്ചുപേർക്കും പല ഭാര്യമാരിലായി 13 മക്കളുണ്ടായി. അർജ്ജുനന്റെ ഭാര്യമാരിലൊരാളായ സുഭദ്രയിലുണ്ടായ മകനാണ് അഭിമന്യു. അഭിമന്യുവിന്റെ മകൻ പരീക്ഷിത്. പരീക്ഷിത്തിന്റെ മകൻ ജനമേജയൻ. ജനമേജയന്റെ മക്കളാണ് ശങ്കു, ശതാനികൻ. ഇങ്ങനെ ഏകദേശം പുരുവംശവും കുരുവംശവും അവസാനിക്കുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ വിശ്വാമിത്രനും പരശുരാമനും ഒക്കെ ഇതിൽപെടുന്നു. ഈ രണ്ടുപേരും രാമായണത്തിലും ഒക്കെയായി വളരെയധികം കേൾക്കുന്നുമുണ്ട്. ഈ ചരിത്രങ്ങളിലൂടെ ഒരു പ്രാവശ്യം കടന്നുപോകുക എന്നത് പ്രയാസകരമാണ്. കാരണം എല്ലാവരും വൈജ്ഞാനികരും മനുഷ്യ സ്നേഹികളുമാണ്. സന്ദർഭോചിതമായ വാക്കുകളിലൂടെ വായനക്കാരെ കൊണ്ടുപോകുന്ന ഈ വർണ്ണനാപാടവം ഭാരത സാമൂഹ്യ സാംസ്കാരിക ചരിത്ര മണ്ഡലങ്ങളിലെ


ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ


## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്
## 94-ാമത് സ്ഥാപകദിനവും, കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 94-ാമത് സ്ഥാപകദിനവും, കുടുംബസംഗമവും 2018 ഡിസംബർ 25ന് രാവിലെ 10.00 മണിയ്ക്ക് ടി.ഡി.എം. ഹാളിൽ ആരംഭിക്കും. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന കരയോഗാംഗങ്ങൾക്ക് ഭക്ഷണ കൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കരയോഗം ഐഡന്റിറ്റി കാർഡ് ഹാജരാക്കി കൂപ്പണുകൾ കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു. അംഗങ്ങൾക്ക് 50 രൂപയുടേയും അവരുടെ അതിഥികളായി വരുന്നവർക്ക് 100 രൂപയുടെയും കൂപ്പണുകൾ എടുക്കേണ്ടതാണ്. 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൂപ്പണുകൾ എടുക്കേണ്ടതില്ല. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം ഉറപ്പു വരുത്തുന്നതിനും ക്രമാതീതമായ തിരക്ക് നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഈ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. എല്ലാ കരയോഗാംഗങ്ങളുടെയും സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി

## ശ്രീമന്നാരായണീയ ദിനം 2018

2018 ഡിസംബർ 14-ാം തീയതി (വെള്ളിയാഴ്ച) നാരായണീയ ദിനത്തിൽ ശ്രീമതി.രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ ടി.ഡി.എം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.

ജനറൽ സെക്രട്ടറി

# ഉത്തര രാമായണത്തിലൂടെ

**കല്പകം സോമരാജൻ ഫോൺ : 9895453072**

ശ്രീരാമചന്ദ്ര മഹാരാജാവ് അയോദ്ധ്യാധിപതിയായി അഭിഷിക്തനായി രാജ്യഭരണം തുടങ്ങുന്നു. ഈ സമയത്ത് ഭൂമണ്ഡലത്തിലെ നാനാപ്രദേശങ്ങളിൽ നിന്നുള്ള മുനിജനവൃന്ദവും രാജശ്രേഷ്ടരും പൗരാവലിയും സന്തുഷ്ടനായ ഭരണ കർത്താവിനെ സന്ദർശിക്കുന്നതിനായി രാജധാനിയിൽ എത്തുന്നു. അഗസ്ത്യാദി മുനിപുംഗവന്മാരേയും മറ്റുള്ളവരേയും രാജാവ് യഥാവിധി സ്വീകരിച്ച് സൽക്കരിക്കുന്നു. സംസാരമദ്ധ്യേ അത്യന്തം സന്തുഷ്ടരായ ഈ മുനിജനങ്ങൾ രാവണാദികളുടെ സൗഷ്ടവത്തെ പലേ രീതീയിൽ പ്രശംസിക്കുന്നു. രക്ഷോഗണത്തിന്റെ യുദ്ധനൈപുണിയും വിപതിധൈര്യവും പ്രശംസിക്കപ്പെടുന്നു. ഇവരെ കീഴ്പ്പെടുത്തുകയും പ്രത്യേകിച്ച് രാവണനെയും രാവണിയെയും വധിക്കുകയും ചെയ്ത ശ്രീരാമചന്ദ്ര പ്രഭുവിന്റെ മാഹാത്മ്യം ശ്ലാഘിക്കപ്പെടുന്നു.

ഈ സന്ദർഭത്തിൽ രാജാവിന്റേയും ഇതരരുടേയും അറിവിലേക്കായി രാവണ കുലോത്ഭവത്തെക്കുറിച്ച് അഗസ്ത്യമുനി പറഞ്ഞു തുടങ്ങുന്നു. ഉത്തര രാമായണാരംഭം ഇപ്രകാരമാണ്.

ബ്രഹ്മപുത്രനായ പുലസ്ത്യതപസ്വി മഹാമേരുവിന്റെ പ്രാന്തപ്രദേശത്ത് തൃണബിന്ദ്വാശ്രമത്തിൽ തപോനിഷ്ഠയോടെ കാലം കഴിക്കുന്നു. ആ സമയത്ത് തൃബിന്ദുരാജാവിന്റെ പുത്രിയും സഖിമാരായ മറ്റു തരുണിമാരും ആ പ്രദേശത്ത് വിനോദത്തിനായി എത്തുക സാധാരണമായിരുന്നു. കന്യകമാരുടെ ഈ കേളീസന്ദർശനം പുലസ്ത്യനെ അസ്വസ്ഥനാക്കുന്നു. ഇതിനൊരു നിവാരണം വേണമെന്ന ചിന്തയിൽ ഈ ആശ്രമ പ്രാന്തത്തിലെത്തുന്ന കന്യകകൾ ഗർഭവതികളാകട്ടെ എന്ന് മുനി ശപിക്കുന്നു. എന്നാൽ തൃണബിന്ദുപുത്രി ഈ ശാപവൃത്താന്തം അറിയാതെ ആശ്രമപ്രാന്തത്തിൽ എത്തുകയും ശാപഫലത്താൽ ഗർഭിണിയാകുകയും ചെയ്യുന്നു. പുത്രിയുടെ കദന കഥ ശ്രവിച്ച ഭൂപതി ശാപമുക്തിക്കായി പുലസ്ത്യമുനിയെ തന്നെ അഭയം പ്രാപിച്ചു, മുനിയാകട്ടെ കന്യകയെ സ്വീകരിക്കുകയും ചെയ്തു. അവർക്ക് പുത്രസന്താനം ഉണ്ടാകുന്നു. ആ കുമാരന് മുനി വിശ്രവസ്സെന്നു നാമകരണം ചെയ്യുന്നു. യൗവ്വന യുക്തനായ വിശ്രവസ്സിന് ഭരദ്വാജ മുനി തന്റെ പുത്രിയെ വധുവായി നൽകി. ഇവരുടെ പുത്രനായി വൈശ്രവണ കുമാരൻ ഭൂജാതനാകുന്നു. ഉത്കർഷേച്ഛുവായ വൈശ്രവണൻ ഉന്നമനത്തിനായി അതികഠിനമായ തപസ്സിലേർപ്പെടുന്നു. നാൽപത്തൊൻപതിനായിരം ദിവ്യ വത്സരം ബ്രഹ്മാവിനെ തപസ്സു ചെയ്തു എന്നാണ് കവി വാക്യം. തപസ്സിൽ പ്രസന്നനായിത്തീർന്ന ദേവൻ എല്ലാവിധ അധീശത്വവും പുഷ്പക വിമാനവും വൈശ്രവണനായി കൊടുക്കുന്നു, വിജയശ്രീലാളിതനായ വൈശ്രവണൻ തനിക്കു സ്വസ്ഥമായിരിക്കുവാൻ ഒരിടം വേണമെന്ന് സ്വപിതാവിനോട് ആവശ്യപ്പെടുന്നു. പിതൃനിയോഗത്തോടെ വിശ്വകർമ്മാവിനാൽ നിർമ്മിതമായ ലങ്കാപുരത്ത് ചെന്ന് അധീശത്തോടെ വൈശ്രവണൻ വാണരുളുന്നു.

എന്നാൽ പുലസ്ത്യകുലോത്പത്തിക്കു മുൻപ് നിശാചരവീരർ ഉണ്ടായതും ലങ്കാനഗരിയിൽ വാണിരുന്ന കഥകളുമെല്ലാം ചൊല്ലിത്തരണമെന്ന ശ്രീരാമചന്ദ്രന്റെ ആവശ്യം മാനിച്ച് അഗസ്ത്യമുനി കഥ തുടരുന്നു. ബ്രഹ്മാവ് തപശക്തിയാൽ അംഭസ്സിലൊരു പുരവും അതിൽ ചിലരെയും സൃഷ്ടിക്കുന്നു. ഇക്കൂട്ടർക്കുള്ള പൈദാഹാദികൾക്കുള്ള മാർഗ്ഗം എന്തെന്ന് ബ്രഹ്മാവിനോട് ആരായുന്നു. ഈ സമയത്തെ രക്ഷ്യതാം എന്ന ബ്രഹ്മവാക്യത്തെ രക്ഷ്യാമോ വയം എന്ന് കുറെ പേരും യക്ഷ്യാമോ വയം എന്ന് കുറേ പേരും കേൾക്കുന്നു. ഇവർ ഇങ്ങനെ കേട്ടു പറയുകയും ഇക്കാരണത്താൽ ഇവർ രണ്ടു വിഭാഗമായി രക്ഷസ്സുകളും യക്ഷന്മാരുമായി തീർന്നു എന്നു യക്ഷരക്ഷസ്സുകളുടെ കഥ.

ഇതിൽ രക്ഷോജാതിയിൽ ഉത്തമന്മാരായി പ്രഹേതിയും, ഹേതിയും ഉണ്ടായി. ഇവരിൽ ഹേതി സന്ധ്യാനന്ദനയെ (സാലം കടക) പാണീഗ്രഹണം ചെയ്തു. ഇവർ തങ്ങൾക്കുണ്ടായ ആദ്യപുത്രസന്താനത്തെ മന്ദരഗിരി തടത്തിൽ ഉപേക്ഷിച്ചു. സ്വസുഖം മാത്രം കാംക്ഷിച്ച് ജീവിതസുഖങ്ങളിൽ മുഴുകി. എന്നാൽ ഈ ബാലന്റെ കരച്ചിൽ ആകാശചാരികളായ ഉമാമഹേശ്വരന്മാർ കേൾക്കുകയും ദേവിയുടെ ആഗ്രഹപ്രകാരം ആകാശമാർഗ്ഗത്തിൽ നിന്ന് താഴെയെത്തി ആ കുഞ്ഞിനെയെടുത്ത് ലാളിച്ച് പരിപാലിക്കുന്നു. അവനൊരു ഗേഹവും ചമച്ചു കൊടുക്കുന്നു. നിമിഷാർദ്ധത്തിൽ യൗവ്വനയുക്തനായിത്തീർന്ന അവന് സുകേശനെന്നു നാമകരണം ചെയ്തു. പുത്ര ധന ധാന്യ സമൃദ്ധിയോടെ വാഴുകെന്ന് അനുഗ്രഹവും കൊടുത്ത് അവർ അപ്രത്യക്ഷരാകുന്നു. സുകേശിയുടെമഹിമാതിരേകത്തിൽ ആകൃഷ്

ടനായ ഗന്ധർവ്വ പ്രവരൻ ഗ്രാമണി തന്റെ പുത്രിയെ അദ്ദേഹത്തിനു വിവാഹം ചെയ്തു കൊടുത്തു. ഈ സുകേശി വേദവതി ദമ്പതിമാർക്ക് മാല്യവാൻ , മാലി, സുമാലി എന്നു മൂന്നു പുത്രന്മാർ ജനിച്ചു. ഇവർ അതി കഠിന തപസ്സിനാൽ ബ്രഹ്മാവിനെ പ്രസാദിപ്പിച്ചു. പ്രസന്നനായ നാന്മുഖൻ അവർ ചോദിച്ച വരമെല്ലാം നൽകി അനുഗ്രഹിച്ചു. തതനന്തരം അവർ ചോദിച്ച വരമെല്ലാം നൽകി അനുഗ്രഹിച്ചു. തദനന്തരം അവർ ദേവശില്പിയെ വിളിച്ച് തങ്ങൾക്കായി വിസ്മയകരമായൊരു ഗേഹം നിർമ്മിച്ചു നൽകണമെന്നാവശ്യപ്പെട്ടു. ദേവ ശില്പിയുടെ മറുപടി ഇപ്രകാരമായിരുന്നു. ഞാൻ ദേവേന്ദ്ര നിയോഗത്താൽ ദക്ഷിണ സമുദ്ര മദ്ധ്യത്തിൽ തൃകുടാചലോപരി രമ്യമായ ലങ്കാനഗരം തീർത്തിട്ടുണ്ട്. ശത്രുപീഢയില്ലാത്ത മുപ്പതു കാതദ്വയം വിസ്തീർണ്ണമുൾക്കൊണ്ട അതി ശില്പചാതുരി നിറഞ്ഞ ആ മനോഹര നഗരത്തിൽ നിങ്ങൾ വസിച്ചാലും. ഇതായിരുന്നു ദേവശില്പിയുടെ അരുളപ്പാട്. നർമ്മദ എന്ന ഗന്ധർവ്വ സ്ത്രീ തന്റെ പുത്രിമാരേയും അവർക്കായി നൽകി. അങ്ങനെ വർദ്ധിച്ച പുത്ര സമ്പത്തോടെ ഈ സഹോദരങ്ങൾ സസുഖം ജഗത്തടക്കി വാണു.

ഇതിൽ മാല്യവാൻ സുന്ദരി ദമ്പതിമാർക്ക് മത്തൻ, ഉന്മത്തൻ, വജ്രദംഷ്ട്രൻ, സുപ്തഘ്നൻ, വിരൂപാക്ഷൻ, ദുർമുഖൻ, യജ്ഞാന്തകൻ എന്നീ പുത്രന്മാരും അനല എന്ന പുത്രിയും ജനിച്ചു.

സുമാലി കേതുമതി ദമ്പതിമാർക്ക് പ്രഹസ്തൻ, വികടൻ, ധൂമ്രാക്ഷൻ, അകമ്പൻ, സുപാർശ്വൻ, ദണ്ഡൻ, സംഹ്രാദി, പ്രജംഘൻ, കാലധനുസ്സ്, ഭാസ്രസവണൻ, ബകൻ, എന്നീ പുത്രന്മാരും,പുഷ്പോൽക്കട, കൈകസി, കുംഭീനസി, എന്നീ പുത്രിമാരും ഉണ്ടായി.

മാലി വസുധ ദമ്പതിമാർക്ക് അനലൻ, അനിലൻ, വരദൻ , ഡമ്പാ എന്നീ പുത്രൻമാരും ജനിച്ചു. സന്തുഷ്ടരായ ഇവർ സ്വേച്ഛായ ഭരണം നടത്തി വാണു.

ദേവതാപസയക്ഷകിന്നരഗന്ധർവ്വന്മാരെല്ലാം ഇവരുടെ ഭരണത്തിൻ കീഴിൽ പീഡിതരായിത്തീർന്നു. ഭയപ്പെട്ടോടിയ ഇക്കൂട്ടർ നിവൃത്തിയില്ലാതെ കൈലാസാധിപതിയെ ശരണം പ്രാപിച്ചു. അദ്ദേഹമാകട്ടെ ഇവരെ ക്ഷീരസാഗരവാസിയായ കല്ല്യാണമൂർത്തിയുടെ അനുഗ്രഹത്തിനായി നിയോഗിക്കുന്നു. പ്രസന്നനായ ഭഗവാൻ ഏതു സമയത്തായാലും നിങ്ങളുടെ രക്ഷാർത്ഥം ഞാൻ പക്കത്തു തന്നെ ഉണ്ടെന്നു പറഞ്ഞ് അവരെ യാത്രയാക്കുന്നു. ഈ വൃത്താന്തം അറിഞ്ഞ മാല്യവാൻ തന്റെ പാർശ്വവർത്തികളോട് വിവരങ്ങൾ പറഞ്ഞ് അവരെ ഉൽബുദ്ധരാക്കുന്നു. ശ്രീഭഗവാൻ ദാനവകുലനാശം പണ്ടും ചെയ്തിട്ടുണ്ട്. ആയതിനാൽ നമ്മൾ എപ്പോഴും കരുതിയിരിക്കണം. നമ്മെയും നശിപ്പിക്കും. അക്കാരണത്താൽ നാം ആവുംവിധം പട കൂട്ടണം.അങ്ങനെ അവർ പടകൂട്ടി തയ്യാറെടുക്കുന്നു. താമസിയാതെ യുദ്ധം ആരംഭിക്കുന്നു. ഒന്നാം അദ്ധ്യായം ഇവിടെ തീരുന്നു.

## ഇനി രണ്ടാം അദ്ധ്യായം

മാല്യവാന്റെ വചനം സോദരരെ അസ്വസ്ഥരാക്കി. ദേവന്മാരെ എത്രയും വേഗം എതിർത്ത് തോൽപ്പിക്കണമെന്ന് അവർ തീരുമാനിക്കുന്നു. നിശാചരർ എല്ലാവരും ഒത്തുചേർന്ന് സർവ്വസന്നാഹങ്ങളോടെ പുറപ്പെടുന്നു. ഈ വൃത്താന്തം ദേവേന്ദ്രദൂതൻ നാരായണ സ്വാമിയെ അറിയിക്കുകയും അദ്ദേഹം യുദ്ധത്തിനായി തയ്യാറെടുക്കുകയും ചെയ്യുന്നു. യുദ്ധം ആരംഭിക്കുന്നു. യുദ്ധാരംഭത്തിൽ തന്നെ പരാജയ ഭീതിയോടെ നിശാചരർ പാതാളത്തിൽ ഒളിക്കുന്നു. ശ്രീ ഭഗവാന്റെ ശംഖനാദ ധ്വനിയാൽ സംഭീതരായും അസ്ത്രജാലത്താൽ മുറിവേറ്റും നിശാചരർ മണ്ടി നാലുപാടും അകലുന്നു. ഇതു കണ്ട സുമാലി കോപിച്ചടുക്കുന്നു. സുമാലി ആകും വണ്ണം പൊരുതുന്നു. മാലി ക്രൂദ്ധനായി ഗരുഡനെ താഡിക്കുന്നു. ഇതു കണ്ട ഭഗവാൻ തൃച്ചക്രത്താൽ അവന്റെ ഗളനാളം മുറിക്കുന്നു. മാലി വീഴുന്നതു കണ്ട് നിശാചരരെല്ലാം പരാജയപ്പെട്ട് മണ്ടിത്തുടങ്ങുന്നു. ഇവരെ ഭഗവാൻ പിൻതുടർന്ന് നാശം ചെയ്യുന്നു. ഇതു കണ്ട മാല്യവാൻ ഇപ്രകാരം പറയുന്നു. യുദ്ധത്തിൽ പരാജയപ്പെട്ടു മണ്ടുന്നവരെ പിൻതുടർന്ന് നിഗ്രഹിക്കുന്നത് യുദ്ധധർമ്മമല്ല, അത് അങ്ങേക്ക് അറിയാമല്ലോ. എന്നാൽ മാല്യവാന്റെ ഈ വാക്കുകളെ അവഗണിച്ച് യുദ്ധം തുടരുകയും അനേകർ മരിച്ചു വീഴുകയും ചെയ്യുന്നു. ഇതെല്ലാം കണ്ട് സംഭീതനായ സുമാലി ശേഷിച്ച രക്ഷോഗണങ്ങളുമായ് പാതാളലോകം ലക്ഷ്യമാക്കി ഓടിത്തുടങ്ങി. ഇതു കണ്ട് മാല്യവാനും അവരോടു കൂടി ഓടിത്തുടങ്ങി. അവരോടു ചേർന്നു അവർ സന്തുഷ്ടരായി കാലം കഴിച്ചു. കാലചക്രം തിരിഞ്ഞു കൊണ്ടിരുന്നു.

ഈ സമയം ഭൂലോക വിശേഷങ്ങൾ അറിയുവാൻ വ്യഗ്രതപൂണ്ട സുമാലി തന്റെ പുത്രി കൈകസിയോടു കൂടെ ഭൂമണ്ഡലം ചുറ്റിക്കാണുവാൻ പുറപ്പെടുന്നു. ഈ സമയത്തു തന്നെ അതീവ സുന്ദരരൂപിയായ വിശ്രവസ്സ് സ്വപിതാവിനെ ദർശിക്കുവാനായി പുറപ്പെടുന്നു. സർവ്വാലങ്കാര വിഭൂഷിതനായി പുഷ്പകത്തിലേറി യാത്ര ചെയ്യുന്ന വിശ്രവസ്സിനെ സുമാലി കാണുന്നു. തന്റെ പുത്രിക്ക് വല്ലഭൻ ഇവൻ തന്നെ എന്ന് അദ്ദേഹം നിനക്കുന്നു. പൗലസ്ത്യ കുലജാതനായ വിശ്രവസ്സിനെ നീ ഭർത്താവായി വരിക്കണമെന്ന് പുത്രിയെ അനുനയിപ്പിക്കുന്നു. നിനക്ക് സത് പുത്രപ്രാപ്തിയുണ്ടാകുമെന്ന് അനുഗ്രഹിക്കുന്നു. അങ്ങനെ വിശ്രവസ്സും കൈകസിയും

വളരെ ആനന്ദത്തോടെ ജീവിച്ചു വരവെ വിശ്രുതനായ വിശ്രവസ്സ് തപസ്സനുഷ്ടിക്കുന്നു. അന്നൊരു നാളിൽ വിശ്രവസ്സ് സന്ധ്യാവന്ദനം ചെയ്യുന്ന വേളയിൽ സന്താനദാനം വേണമെന്നു കൈകസി ശഠിക്കുന്നു. പലതും പറഞ്ഞ് ഈ ഉദ്യമത്തിൽ നിന്ന് കൈകസിയെ പിൻതിരിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും അവർ അതിനൊന്നും വഴിപ്പെട്ടില്ല. അശുഭ സമയമായ സന്ധ്യാവേളയിൽ ലഭിക്കുന്ന പുത്ര പ്രജകൾ അതീവ ക്രൂര സ്വഭാവികളായി വരുമെന്ന മുന്നറിയിപ്പോടെ അദ്ദേഹം അവളുടെ ഇംഗിതം സാധിപ്പിച്ചു കൊടുക്കുന്നു. ഉത്തമ തപോനിഷ്ടനായ അങ്ങയുടെ പുത്രന്മാർ ഒരു കാരണത്താലും ദോഷൈകദൃക്കുകളാകുകയില്ല എന്ന് സ്വയം ആശ്വസിക്കുന്ന കൈകസിയോട് നിനക്ക് അവസാനത്തെ പുത്രനായി ലഭിക്കുന്ന പുത്രൻ വിഷ്ണു ഭക്തനും വിവേകിയും ഉത്തമനുമായിരിക്കുമെന്നു അനുഗ്രഹേണ ആശ്വസിപ്പിക്കുന്നു.

ഗർഭം പൂർണ്ണമായി വന്നു. പത്തു തലയും ഇരുപതു കൈകളുമായി ആദ്യത്തെ സന്താനം പിറന്നു. നീല ശൈലം പോലെ രണ്ടാമനും ഭൂജാതനായി. മൂന്നാമത് സ്ത്രീ ജന്മം കൊണ്ടും നാലാമത് സ്വാത്വീക ജന്മം കൊണ്ടും ഉണ്ണികൾ പിറന്നു. രാവണൻ, കുംഭകർണ്ണൻ, ശൂർപ്പണഖ, വിഭീഷണൻ. എന്നിങ്ങനെ യഥാക്രമം നാമകരണം ചെയ്ത് ബാലകരെ കൈകസി ഓമനകളായി വളർത്തി. ഈ സമയത്തൊരിക്കൽ ആകാശമാർഗ്ഗേ പുഷ്പക വിമാനത്തിൽ സഞ്ചരിക്കുന്ന വൈശ്രവണനെ കൈകസി തന്റെ പുത്രന്മാർക്ക് കാട്ടിക്കൊടുക്കുന്നു. പുലസ്ത്യ പുത്രന്മാരുടെ ജീവിത മഹാത്മ്യത്തെ പ്രകീർത്തിച്ച് കേൾപ്പിക്കുന്നു. ആ ഐശ്വര്യം സ്വന്തം കൈപ്പിടിയിൽ ഒതുക്കുവാനുള്ള ഉത്തേജനം സ്വപുത്രന്മാർക്ക് ഓതിക്കൊടുക്കുന്നു.

മാതൃപ്രചോദനം ഉൾക്കൊണ്ട് കാര്യസാദ്ധ്യത്തിനായി മൂവരും കഠിനതപസ്സാരംഭിക്കുന്നു. ദശകണ്ഠൻ പഞ്ചാഗ്നി മദ്ധ്യത്തിൽ നീലകണ്ഠനേയും, സ്ഥലകാലങ്ങൾ മറന്ന് സൂര്യബിംബത്തിൽ ദൃഷ്ടിയുറപ്പിച്ച് കുംഭകർണ്ണനും, സാക്ഷാൽ ശ്രീ ബ്രഹ്മസ്വരൂപം ധ്യാനിച്ച് വിഭീഷണനും തപസ്സു ചെയ്യുന്നു. പത്തൊമ്പതായിരത്താമാണ്ട് തപസ്സു ചെയ്തിട്ടും ദേവപ്രസാദം ലഭിച്ചില്ല. അസഹിഷ്ണുവായിത്തീർന്ന രാവണൻ തന്റെ പത്താമത്തെ തലയും അറുത്ത് ഹോമിക്കുവാൻ തുടങ്ങുന്നു. അപ്പോൾ സന്തുഷ്ടനായ ബ്രഹ്മദേവൻ പ്രത്യക്ഷപ്പെട്ട് ആവശ്യപ്പെട്ട വരം കൊടുക്കുന്നു. നരനൊഴികെ ഭൂമിയിലുള്ള ഒരു വസ്തുക്കളാലും തനിക്ക് മൃത്യു ഭവിക്കരുതെന്ന വരം ദശകണ്ഠനും വാണീഭഗവതി ദേവഹിതം മാനിച്ച് നാവിൽ വസിക്കയാൽ സുഖനിദ്രയാണ് തനിക്കു വരമായി വേണ്ടതെന്ന് കുംഭകർണ്ണനും ഭാഗവതോത്തമനായി ഭഗവൽസ്മരണയോടെ ജീവിക്കുവാനുള്ള വരം വിഭീഷണനും ആവശ്യപ്പെടുന്നു. ഈ വരങ്ങൾ എല്ലാം ലഭിച്ച സഹോദരങ്ങൾ കൈകസീ മാതാവുമൊത്ത് സസുഖം വസിക്കുന്നു.

കഥ തുടരുന്നു

കശ്യപ പ്രജാപതീപത്നിമാരായ അദിതി ദിതിമാർക്ക് പുത്രന്മാർ ജനിക്കുന്നു. ദേവാസുരന്മാരായ ഇരു വിഭാഗക്കാരും ലോകങ്ങൾ സമസ്തം തങ്ങൾക്കധീനമാക്കണമെന്ന ചിന്തയിൽ പരസ്പരം സ്പർദ്ധയിൽ ഏർപ്പെടുന്നു. യുദ്ധം മുറുകുന്നു. സുരപക്ഷത്ത് വിഷ്ണു സാന്നിദ്ധ്യം നിലകൊള്ളുകയാൽ അസുരർ തോറ്റ് പാതാളം പ്രാപിക്കുന്നു. അവിടുന്ന് തങ്ങളുടെ പൂർവ്വികർ വാഴുന്ന ലങ്കാപുരിയിൽ വാഴുന്നതിനുള്ള അനുവാദത്തിനായി രാവണൻ പ്രഹസ്തനെ വൈശ്രവണന്റെ സന്നിധിയിലേക്ക് അയയ്ക്കുന്നു. വൈശ്രവണനാകട്ടെ ഈ ഇംഗിതം സന്തോഷപൂർവ്വം സ്വീകരിക്കുന്നു. എന്നാൽ ദശാനനന്റെ നിജസ്വരൂപത്തെ കുറിച്ച് ധാരണയുള്ള വിശ്രവസ്സ് ലങ്കാപുരി രാവണനു നൽകിയ ശേഷം അവർ ശങ്കരശൈല പ്രാന്തത്തിലെത്തി അവിടെ താമസിക്കുന്നു. രാവണനാകട്ടെ എല്ലാ സ്വജനങ്ങളോടും കൂടി ലങ്കയിലെത്തി അധിപതിയായി അഭിഷേകം നടത്തി അവിടെ വാഴുന്നു. രാവണപത്നി മണ്ഡോദരി പെറ്റുണ്ടായ മേഘനാഥാദി സന്തതികളോടും അവരുടെ ഭാര്യാപുത്രാദികളോടും ഒരുമിച്ച് മൂന്നു സഹോദരന്മാരും ലങ്കാപുരിയിൽ വാഴുന്നു. എന്നാൽ രാവണന്റെ ദുർപ്രവർത്തികൾ കേട്ട് മനം മടുത്ത വൈശ്രവണൻ രാവണനെ ഉപദേശിക്കുവാൻ ദൂതനെ അയയ്ക്കുന്നു. ക്രൂരനായ ദശാനനൻ വൈശ്രവണവാക്യത്തെ പുച്ഛിച്ചു തള്ളുകയും ദൂതനെ വധിക്കുകയും ചെയ്യുന്നു. തുടർന്നുണ്ടായ യക്ഷരക്ഷോഗണയുദ്ധത്തിൽ വിജയശ്രീലാളിതനായ ദശമുഖൻ സകല സമ്പത്തും പുഷ്പക വിമാനവും കൈക്കലാക്കി സ്വരാജധാനിയിലേക്കു മടങ്ങുന്നു.

മാർഗ്ഗ മദ്ധ്യേ ഒരു ഭൂഭാഗത്ത് എത്തിയ പുഷ്പകം അവിടെ ഉറച്ചു പോകുന്നു. ഇതിന്റെ കാരണമാരാഞ്ഞ ദശകണ്ഠനെ വാനരരൂപിയായ നന്ദീശ്വരൻ ഉപദേശിക്കന്നു. ഇത് നീലകണ്ഠ സ്വാമിയുടെ നൃത്തസ്ഥലമാണ്. ഇവിടം വെടിഞ്ഞ് പൊയ്ക്കൊള്ളൂ. എന്നാൽ നന്ദീശ്വരന്റെ ഈ ഉപദേശത്തെ വാനരജല്പനമെന്ന മാനേന പുച്ഛിച്ചു തള്ളുന്നു. ഒരു കപിനിന്റെ നാശത്തിന് കാരണമായ് ഭവിക്കും എന്ന് നന്ദീശ്വരൻ രാവണനെ ശപിക്കുന്നു. ഈ ശാപത്തെ തൃണവൽഗണിച്ച് ദശാനനൻ കൈലാസത്തെ അടർത്തിയെടുത്തുയർത്തുന്നു. ഭയവിഹ്വലരായ കൈലാസവാസികൾ ശ്രീപരമേശ്വരനെ വിളിച്ച് വിലപിക്കുന്നു. ലോകമാതാവ് ശ്രീകണ്ഠമൂർത്തിയെ

ഇറുകെ പുണർന്ന് വിടകൊള്ളുന്നു. ഈ സമയം ഭഗവാൻ സസ്മിതപൂർവ്വം തന്റെ പെരുവിരൽ മെല്ലെ ഭൂവിഭാഗത്തിൽ ഊന്നുന്നു. ദശാനനനുൾപ്പെടെ എല്ലാ ജീവജാലങ്ങളും പർവ്വതത്തിന്റെ കീഴെ പെട്ടു ഞെരുങ്ങുന്നു. എന്നാൽ ഞെങ്ങി ഞെരുങ്ങി ഈ അവസ്ഥയിലും ദശാനനൻ തന്റെ ഭക്തിസ്വരൂപമായ കാലാരിയെ സ്തുതിച്ചു കൊണ്ട് ആയിരം സംവത്സരം കഴിച്ചു എന്ന് കവി വാക്യം. പ്രസന്നചിത്തനായ ചന്ദ്രചൂഡൻ തന്റെ കാൽ വിരൽ മെല്ലെ അയക്കുകയും, വിജയശ്രീലാളിതനായി ഭക്തശിരോമണിയെ അനുഗ്രഹിച്ച് ചന്ദ്രഹാസം നൽകുന്നു.

അവിടുന്ന് യാത്ര തിരിക്കുന്ന രാവണൻ ഹിമാലയ പ്രാന്തത്തിൽ തപസ്സനിഷ്ടിക്കുന്ന കുശധ്വജ മുനീപുത്രിയായ വേദവതിയെ കണ്ടു മുട്ടുന്നു. അവളിൽ പ്രേമാർദ്രനായ ദശാനൻ തന്റെ ഹിതം മുനി പുത്രിയെ അറിയിക്കുന്നു. നിരാശാജനകമായിരുന്നു മറുപടി. സാക്ഷാൽ ശ്രീ മാധവൻ തന്റെ ഭർത്താവായി വരണമെന്ന ചിന്തയിൽ ധ്യാനനിമഗ്നയായി കഴിയുന്ന ആ മനസ്വിനിയെ അവരുടെ ഹിതം മാനിക്കാതെ ബലാല്ക്കാരേണ ദശാനനൻ കടന്നു പിടിക്കുന്നു. അവളുടെ കാർകൂന്തലിൽ ചുറ്റിപിടിച്ചുയർത്തുന്നു. നിസ്വയും വിഹ്വലയുമായ മുനികന്യക, എന്നെ സ്പർശിച്ച് അശുദ്ധയാക്കിയ നിന്നെ ഇന്നു ഞാൻ ശപിക്കുന്നില്ല , എന്നാൽ അടുത്ത ജന്മം ഞാൻ സത് വൃത്തയായ ഒരു ഭൂപതി പുത്രിയായി അയോനിജയായി ജന്മമെടുക്കും. നിന്റെ നാശത്തിനും കുലനാശത്തിനും ഞാൻ മൂലകാരണമായി ഭവിക്കും. എന്ന് ശപിച്ച് ആ തപസ്വിനി യോഗാഗ്നിയിൽ സ്വയം ആഹൂതി ചെയ്യുന്നു. സീതാദേവിയായി അടുത്ത ജന്മം ഈ തപസ്വിനി ജന്മമെടുക്കുന്നു.

അടുത്ത കഥ മരുത്ത രാജാവിന്റേതാണ്. യാത്രാമദ്ധ്യേ രാവണൻ മരുത്തന്റെ യാഗശാലയിൽ എത്തുന്നു. രാവണസാന്നിദ്ധ്യത്തിൽ സംഭീതരായ ദേവകൾ ഓടിമറയുന്നു. എന്നാൽ ശക്തനായ മരുത്തനാകട്ടെ എതിരാളിയെ നേരിടുവാൻ തുനിയുന്നു. എന്നാൽ ബ്രഹസ്പതീസോദരനായ സംവർത്ത മുനീശ്വരൻ യാഗ വിഘ്നം വരുത്തരുതെന്നും യാഗ ദീക്ഷാ സമയത്ത് അതല്ലാതെ മറ്റു ചിന്തകൾ പാടില്ലെന്നും അഥവാ അങ്ങനെ വന്നാൽ അത് അക്ഷന്തവ്യമായ പാപമാണെന്നും രാജാവിനെ ഉപദേശിക്കുന്നു. ഈ ഉപദേശം രാവണന്റെ ക്രൂര മനസ്സിനേയും അലിയിക്കുന്നു. മരുത്തനാകട്ടെ ക്രോധമടക്കി യാഗ പൂരണത്തിനായി മുതിരുന്നു. രാവണനാകട്ടെ മരുത്തന്റെ നിശ്ചയദാർഢ്യത്തെ മാനിച്ച് വിജയഭേരി മുഴക്കികൊണ്ട് അവിടെ നിന്ന് നിഷ്ക്രമിക്കുന്നു. സന്തുഷ്ടരായ ദേവകൾ തിരികെ യാഗശാലയിൽ എത്തി യാഗപൂരണക്രിയയിൽ ഭാഗഭാക്കുകളാകുന്നു.

സന്തുഷ്ടനായ ഇന്ദ്രദേവൻ മയൂരങ്ങൾക്ക് ഓരോ പീലികൾ തോറും കണ്ണുകൾ ഉണ്ടാകട്ടെ എന്നും ഭൂമി കാർമേഘ പൂരിതമായി മഴയെ ഗർഭത്തിൽ കൊള്ളുമ്പോൾ നിങ്ങൾ സന്തോഷത്താൽ പീലി വിരിച്ച് സസ്സന്തോഷം നൃത്തം ചെയ്യുക എന്ന് അനുഗ്രഹം നൽകുന്നു. കാലദേവൻ കാകൻ മാർക്ക് നൽകിയ വരം വിചിത്രമാണ്. അവർക്ക് സ്വയം മരണമില്ല.ആരെങ്കിലും കൊല്ലാതെ എത്ര വയസ്സെത്തിയാലും അവ മരിക്കുകയില്ല, തന്നെയുമല്ല മനുഷ്യർ പിതൃക്കൾക്ക് നൽകുന്ന ശ്രാദ്ധ പിണ്ഡത്തിന്റെ ഉച്ഛിഷ്ടം ഭുജിച്ച് നിങ്ങൾ ജീവിക്കുക. ഇതാണ് അവർക്കു ലഭിച്ച വരം. അന്നങ്ങൾക്കാകട്ടെ നല്ല തൂവെള്ള നിറത്തോടെ താമരവളയങ്ങൾ ഭക്ഷിച്ച് ജലാശങ്ങളിൽ ജീവിക്കുവാനുള്ള വരമാണ് വരുണ ദേവൻ നൽകിയത്. കൃകസങ്ങൾക്ക് പൊൻമയമായ കിന്നരിതൊപ്പിയുമിട്ട് ജീവിക്കുവാനുള്ള വരമാണ് കിന്നരേശ്വരൻ നൽകിയത്. അങ്ങനെ യാഗാനന്തരം സമസ്ത ജീവജാലങ്ങളും സന്തുഷ്ടരായി ഭവിച്ചു.

അങ്ങനെ എല്ലാ രാജാക്കന്മാരേയും കീഴ്പ്പെടുത്തി ദശകണ്ഠൻ യാത്ര തുടരുന്നു. വഴിമദ്ധ്യേ അയോദ്ധ്യാധിപതി അനാരണ്യൻ ദശകണ്ഠനോട് എതിർക്കുന്നു. തുടർന്നു നടന്ന യുദ്ധത്തിൽ അനാരണ്യൻ കാലഗതി പ്രാപിക്കുന്നു. അന്ത്യസമയമടുത്ത രാജാവ് എന്റെ മിത്ര വംശജനായ ദശരഥപുത്രനായി ജനിക്കുന്ന രാമനാൽ നിനക്ക് മൃത്യു സംഭവിക്കുമെന്നും നിന്റെ വംശം നാമാവശേഷമാകുമെന്നും ശപിക്കുന്നു. ഇത്തരം ശാപവാക്കുകളൊന്നും ദശാനനനെ ഒട്ടും സ്പർശിക്കുന്നില്ല. അയാൾ തന്റെ പ്രയാണം തുടരുന്നു.

കഥ ഇത്രയും അഗസ്ത്യമുനി പറഞ്ഞു നിർത്തിയപ്പോൾ സുസ്മേരവദനനായി ശ്രീരാമചന്ദ്രൻ അദ്ദേഹത്തോട് ഇപ്രകാരം ചോദിക്കുന്നു. അക്കാലത്ത് രാജാക്കന്മാർ ആരും തന്നെ എന്തുകൊണ്ടാണ് രാവണനെ എതിർത്ത് പരാജയപ്പെടുത്താതിരുന്നത്. ദശാനനൻ ഇത്രയും ശക്തനോ? ഈ ചോദ്യത്തിനുത്തരമായി മഹർഷി കഥ തുടരുന്നു. വിജയശ്രീലാളിതനായി യാത്ര തുടർന്ന ദശാനനൻ നർമ്മദാ തീരത്തെത്തുന്നു. അവിടെ അല്പസമയം വിശ്രമമാകട്ടെ എന്ന ധാരണയിൽ അദ്ദേഹം അവിടെ ഇറങ്ങുന്നു. അവിടെ ശിവലിംഗം സ്ഥാപിക്കുന്നു. എന്നിട്ട് സായാഹ്നപൂജ അവിടെ ആകാമെന്ന ചിന്തയിൽ പൂജക്കായി ഒരുക്കു കൂട്ടുന്നു. ഈ സമയം കാർത്തവീരാർജ്ജുനൻ നർമ്മദാനദിയിൽ ജലകേളികളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അദ്ദേഹം തന്റെ പ്രചുരപ്രത്യേകതയായ പഞ്ചശതദ്വയമാം കരങ്ങൾ കൊണ്ട് കേളീഭാവേന നർമ്മദയുടെ ഒഴുക്കിനെ തടയുന്നു. പെരുകി വരുന്ന വെള്ളം ഇരുകരകളും തിങ്ങെപൊങ്ങുന്നു.

തീരത്തുള്ള സകല വസ്തുക്കളും പെരുവെള്ളത്തിൽ നിമഗ്നമാകുന്നു. ദശാനനന്റെ പൂജാവിഗ്രഹും മറ്റെല്ലാ വസ്തുക്കളും തന്നിലൊളിപ്പിച്ച് ഗർവ്വോടെ നർമ്മദ തുള്ളി തുളുമ്പി നില്ക്കുന്നു. പെട്ടെന്നുള്ള വെള്ളപൊക്കത്തിന് കാരണമെന്തന്ന് ദശാനനൻ ചിന്ത ചെയ്യുന്നു. കാര്യം ഗ്രഹിച്ച് പൂജാവിഘ്നം വരുത്തിയതിന്റെ കോപത്തോടെ രാവണൻ പാഞ്ഞടുക്കുന്നു. ഭൂപതിയുടെ അമാത്യരോട് രാവണൻ യുദ്ധസന്നദ്ധനായി എത്തിയിരിക്കുന്നു എന്ന വിവരം അറിയിക്കുവാൻ ആജ്ഞാപിക്കുന്നു. അവരാകട്ടെ ഈ വാക്കുകൾ അവഗണിച്ച് ആദ്യം തങ്ങളെ പരാജയപ്പെടുത്തുവാൻ ആവശ്യപ്പെടുന്നു. ഈ കാര്യങ്ങളൊന്നും അറിയാത്ത ഭാവേന കാർത്തവീരാർജ്ജുനൻ തന്റെ സഖിമാരുമൊത്ത് ജലകേളികളിൽ മുഴുകുന്നു. എന്നാൽ പ്രഹസ്താദിയർ രാജസൈന്യത്തോട് ഏറ്റുമുട്ടുന്നു. ഇരുഭാഗത്തും നാശനഷ്ടങ്ങൾ സംഭവിക്കുന്നു. ഇത്രയുമായപ്പോൾ രാജാവ് ഗദയുമായി യുദ്ധഭൂമിയിൽ എത്തുന്നു. പ്രഹസ്ത ധ്രുമ്രാക്ഷാദികളെയെല്ലാം വീഴ്ത്തി അന്ത്യത്തിൽ രാവണനെയും അടിച്ചു വീഴ്ത്തുന്നു. ബോധശൂന്യനായ ദശമുഖനെ ബന്ധിച്ച് കാരാഗ്രഹത്തിൽ അടക്കുന്നു. ദശമുഖ മോചനത്തിനായി മാർഗ്ഗം ആരായുന്ന നിശാചരരോട് പുലസ്ത്യമുനിയെ ചെന്നു കണ്ട് കാര്യമുണർത്തിച്ചാൽ പരിഹാരം അദ്ദേഹം നിർദ്ദേശിക്കും എന്ന് മാരീചൻ പറയുന്നു. നിശാചരർ പുലസ്ത്യ സവിധത്തിൽ പാഞ്ഞെത്തി സങ്കടവൃത്താന്തം അറിയിക്കുന്നു. പുലസ്ത്യ മുനിയാകട്ടെ അത്യന്തം ഖിന്നനായി അർജ്ജുനരാജധാനിയിൽ എത്തുന്നു. രാജാവ് മുനിവര്യനെ സ്വീകരിച്ച് സൽകരിക്കുന്നു. ഈ സമയം തന്റെ ആഗമനോദ്ദേശം മുനി അറിയിക്കുന്നു. ചിത്തചാഞ്ചല്യലേശമെന്യേ പൗലസ്ത്യ പൗത്രനെ രാജാവ് തൽക്ഷണം മോചിപ്പിക്കുന്നു. അതിനു ശേഷം സൽകരിച്ച് സമ്മാനങ്ങളും നൽകി ആദരിക്കുന്നു. രാവണനാകട്ടെ ലജ്ജിച്ച് തലതാഴ്ത്തി അർജ്ജുനനോട് യാത്ര ചൊല്ലുന്നു. പുഷ്പകവും, ചന്ദ്രഹാസവുമെല്ലാം തിരികെ നൽകി രാജാവ് ദശകണ്ഠനെ മുത്തച്ഛനൊപ്പം യാത്രയാക്കുന്നു. നർമ്മദയാകട്ടെ തടസ്സങ്ങളെല്ലാം നീങ്ങി അതീവ തുഷ്ടിയോടെ ഒഴുകുന്നു.

രാവണൻ ബന്ധനത്തിൽ അകപ്പെടുന്ന രസകരമായ ഒരു കഥയാണ് അടുത്തതായി അഗസ്ത്യമുനി പറയുന്നത്. രാവണൻ അങ്ങനെ പോരുന്ന സമയത്ത് മാർഗ്ഗ മദ്ധ്യേ കിഷ്കിന്ധാപുരി ദൃഷ്ഠിഗോചരമാകുന്നു. ബാലിയെ നിഗ്രഹിച്ച് കിഷ്കിന്ധ കീഴ്പ്പെടുത്തണമെന്ന അഭിവാഞ്ച മനസ്സിലുദിക്കയാൽ രാവണൻ അതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുന്നു. ബാലിയുടെ ബലപരാക്രമണങ്ങൾ പറഞ്ഞ് രാവണനെ പിൻതിരിപ്പിക്കുവാനുള്ള ശ്രമങ്ങൾ വിഫലമാകുന്നു. ബാലിയെ അന്വേഷിച്ചെത്തുന്ന രാവണനോട് നിനക്കു മൃത്യുകാലം അടുത്തു എന്നും ആയതിനാൽ ദക്ഷിണവാരിധീതീരത്ത് ദക്ഷിണ ദിക്കുനോക്കി സ്വസ്ഥനായിരിക്കുന്ന ബാലിയെ ചെന്നു കണ്ട് യുദ്ധം ചെയ്ത് കീഴ്പ്പെടുത്തുക എന്ന് താരേയൻ പറഞ്ഞയക്കുന്നു. അങ്ങനെ വാരിധീതീരത്ത് സന്ധ്യാ വന്ദനം കഴിഞ്ഞിരിക്കുന്ന ബാലിയെ രാവണൻ കണ്ടെത്തുന്നു. ദക്ഷിണ ദിക്കു നോക്കി ഏകാഗ്രചിത്തനായിരിക്കുന്ന ബാലിയെ പിന്നാലെ ചെന്ന് പിടിച്ച് ബന്ധനസ്ഥനാക്കുവാൻ ദശാനനൻ ശ്രമിക്കുന്നു. ഈ ശ്രമം ദിവ്യദൃഷ്ടിയാലെ അറിഞ്ഞ ബാലി തന്റെ പിന്നിലെത്തിയ രാവണനെ തന്റെ വാലിൽ ബന്ധിച്ചു. അതിനു ശേഷം പശ്ചിമ പൂർവ്വ ദക്ഷിണ വാരിധികളിൽ പതിവിൻ പടി നിമജ്ഞനം ചെയ്ത് തർപ്പണം നടത്തി തിരിയെ കിഷ്കിന്ധാപുരിയിലെത്തി ഭോജനാനന്തരം ഒന്നും അറിയാത്ത രീതിയിൽ തന്റെ വാലിൽ എന്തോ കുടുങ്ങിയിരിക്കുന്നു എന്ന വ്യാജേന തിരിഞ്ഞ് അപ്പോൾ മാത്രം കണ്ട രീതിയിൽ രാവണനോട് അല്ലയോ ഭവാൻ ആരാണ്? എന്തിനിവിടെ വന്നു? എന്നു കുശലം പ്രശ്നം ചെയ്യുന്നു. പൗലസ്ത്യ പൗത്രനായ രാവണനാണ് താനെന്നും ലങ്കാധിപതിയായ താൻ താങ്കളുമായി സൗഖ്യത്തിൽ ഏർപ്പെടുവാൻ ഇച്ഛിക്കുന്നു എന്നുള്ള ഇംഗിതം അറിയിക്കുന്നു. അഗ്നിസാക്ഷിയായി സത്യം ചെയ്ത് അവർ സഖാക്കളായി തീർന്നശേഷം കിഷ്കിന്ധയിൽ സൗഖ്യമായി കുറെനാൾ താമസിച്ചതിനു ശേഷം രാവണൻ ലങ്കാപുരിയിലേക്കു മടങ്ങുന്നു.

അങ്ങനെ സ്വരാജധാനിയിലെത്തി പൗരജനങ്ങളെ സാമോദം സന്തുഷ്ടരാക്കി രാവണൻ സർവ്വ ഐശ്വര്യങ്ങളോടും കൂടെ വാഴുന്ന നാൾ ഒരു ദിനം നമ്മുടെ നാരദ മാമുനി രാവണ സന്നിധിയിൽ എത്തിച്ചേരുന്നു. വളരെ നാളുകളായി കാണുവാനായി അത്യന്തം ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നു പറഞ്ഞ് രാജാവ് മുനിവര്യനെ സ്വീകരിച്ചാനയിച്ച് സൽക്കരിക്കുന്നു. സംഭാഷണ മദ്ധ്യേ അല്പായുസ്സുകളായ, രോഗാതുരരായി വിസ്മൃതരാകുന്ന കേവല മർത്ത്യരെ ജയിച്ചാൽ അല്ലെങ്കിൽ നിഗ്രഹിച്ചാൽ നിങ്ങൾക്കെന്തു പ്രശസ്തിയാണ് ലഭിക്കുന്നത് എന്ന് നാരദർ ലങ്കേശനെ പ്രകോപിപ്പിക്കുന്നു. അങ്ങനെയാണ് കേവല ചിന്തകളുടെ നിലപാടുകളെങ്കിൽ ഞാൻ നിഷ്പ്രയാസം പാതാള ലോകവും ദേവലോകവും വശഗതമാക്കുന്നുണ്ട് എന്ന് നാരദരോട് പറയുന്നു. എന്നാൽ പാതാള ലോകത്തേക്കുള്ള മാർഗ്ഗം അന്തകപുരിക്ക് അരികേകൂടിയാണെന്നും അതിലേയുള്ള ഗമനം അസാധ്യമെന്നും നാരദർ വാദിക്കുന്നു. പൊട്ടിച്ചിരിച്ച് ഇനി അന്തകനെ കീഴ്പ്പെടുത്തലാണ് ആദ്യ കൃത്യമെന്ന് രാവണൻ പറയുന്നു. കൊത്തും കോളു

മൊപ്പിച്ച് ഹോ! നല്ലൊരു യുദ്ധകോലാഹലവും ഉടൻ കാണാമെന്നു സന്തോഷിച്ച് നാരദർ യാത്രയാകുന്നു. അവിടന്ന് നേരെ യമപുരിയിലെത്തി വൃത്താന്തമെല്ലാം യമരാജനെ അറിയിക്കുമ്പോഴേക്കും പുഷ്പകത്തിലേറി യുദ്ധ സന്നദ്ധനായി രാവണൻ അവിടേക്ക് എത്തുന്നു. നരക വർണ്ണനയാണ് അടുത്തത്. അന്തകപുരിയിലെത്തിയ രാവണൻ പാപാത്മക്കളെ ദർശിക്കുന്നതാണ് നരകവർണ്ണനയിൽ വർണ്ണിച്ചിരിക്കുന്നത്. പാപാത്മാക്കളെ അതി ക്രൂരമായി ദണ്ഡിപ്പിക്കുന്നു. പുണ്യാത്മാക്കളെ എത്രയും സുഖമായി കാത്തു സൂക്ഷിക്കുന്നു. അതാണ് അവിടത്തെ കാഴ്ച . കാലസൂത്രം അസിപാത്ര വനം ശൂല പ്രോത്രം വൈതരണി എന്നിങ്ങനെ വിവിധ സ്ഥലങ്ങളിലായി തങ്ങൾ ചെയ്ത ക്രൂരതക്കനുസൃതമായ ശിക്ഷ ഓരോർത്തർക്കും ലഭിക്കുന്നു. ചിലരെ നായും നരിയും കടിച്ചു കീറുന്നു. മറ്റു ചിലരെ കൃമി കീടങ്ങൾ കൂട്ടത്തോടെ ആക്രമിക്കുന്നു. ഇനിയും ഒരു കൂട്ടർ ചുട്ടു പഴുത്ത മണലാരണ്യത്തിലൂടെ മുട്ടിലിഴഞ്ഞു വിലപിക്കുന്നു. കൊടും കൂരിരുട്ട് നിറഞ്ഞ വൻഗർത്തങ്ങളിൽ വീണ് ഉറക്കെ കരയുന്നവരുടെ ദീനശബ്ദം മാത്രം പുറമേക്കു വരുന്നു. ആളിക്കത്തുന്ന തീയിൽ കിടന്ന് പുളഞ്ഞ് ദാഹജലത്തിനായി മുറയിടുന്നു മറ്റൊരു കൂട്ടർ. ചുട്ടു പഴുപ്പിച്ച പിച്ചള പ്രതിമകളെ കെട്ടിപ്പിടിച്ച് തഴുകുന്നു ഇനിയുമൊരു കൂട്ടർ ഇവരുടെ രോദനം നരകവും പാതാളവും ഭേദിച്ച് ഭൂമണ്ഡലത്തിലെത്തുന്നു. ചെയ്യാത്തവരെ യമകിങ്കരർ നല്ല താഡനങ്ങൾ നൽകി അങ്ങനെ ചെയ്യിക്കുന്നു. വൻകുന്നിൻ മുകളിൽ നിന്ന് ചിലരെ താഴേക്കുരുട്ടുന്നു. അവരുടെ രോദനം അന്തരീക്ഷത്തിൽ തരംഗങ്ങൾ തീർക്കുന്നു. എവിടെ നിന്നെന്നറിയാതെ ശരഗണങ്ങൾ ചിലർക്കുമേൽ ശരശയ്യതീർക്കുന്നു. ഉരുക്കിയ ഈയ്യം ചിലരെക്കൊണ്ടു കുടിപ്പിക്കുന്നു. ചിലരാകട്ടെ ശൂലാഗ്രത്തിൽ കിടന്നു പിടയുന്നു. ചിലരുടെ ചെവിയിൽ ഈയ്യം ഉരുക്കി ഒഴിക്കുന്നു. മലമൂത്ര ജല ചല രക്തങ്ങൾ നിറഞ്ഞ നദീതുല്യ സ്ഥലങ്ങളിൽ കിടന്ന് ചിലർ നീന്തിത്തുടിക്കുന്നു. കൈകാലിട്ടടിച്ച് പുളയുന്നവർ അതുതന്നെ കുടിക്കുന്നു. ചിലരാകട്ടെ ശൂലാഗ്രത്തിൽ കിടന്ന് പുളയുന്നു. മറ്റു ചിലരെ ചുട്ടുപഴുത്ത കുടിൽ കൊണ്ട് ഗളനാളങ്ങളിൽ തൂക്കിപൊന്തിക്കുന്നു. ചിലരുടെ കണ്ണുകൾ കാകനും കഴുകനും കൊത്തിവലിക്കുന്നു. നായ്ക്കൾ ചിലരെ കടിച്ചു കീറി രക്തമാംസാദികൾ ഭക്ഷിക്കുന്നു, ചിലരെ യമകിങ്കരന്മാർ വാളാൽ വെട്ടി വരയുന്നു. മുറിവുകളിൽ നിന്ന് രക്തം പൂക്കുറ്റി പോലെ ചീറ്റിതെറിക്കുന്നു. മൂക്കും വായും അമർത്തി കുത്തിപ്പിടിക്കുന്നതിനാൽ ചിലർ ശ്വാസം മുട്ടി പിടഞ്ഞ് അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. ചിലരെ കൂർത്തു മൂർത്ത മുള്ളുകളിൽ ഇട്ടുവലിക്കുന്നു. ഈ മുള്ളുകളിൽ കൂടെ നടത്തുന്നു. മുൾമുനകളിൽ ഇക്കൂട്ടരെ അമർത്തുമ്പോൾ അവരുടെ ദയനീയ രോദനത്തിനു ശക്തി കൂടുന്നു. ഇങ്ങനെ ഈ ഘോരനരകത്തിൽ കിടന്നു വിലപിക്കുന്നു. പാപികളെ കണ്ട് കണ്ട് അല്പ സമയത്തേയ്ക്ക് ചഞ്ചലചിത്തനായിത്തീർന്ന രാവണനിൽ കാരുണ്യത്തിന്റെ കനിവ് അങ്കുരിക്കുന്നു. അവരെ അവിടെ നിന്ന് രക്ഷിക്കണമെന്ന അഭിവാഞ്ഛ ഉണ്ടാകുന്നു. എന്നാൽ ഈ സമയം ഞങ്ങൾ ചെന്നു കൊണ്ടു പോരാതെ തങ്ങളുടെ രാജ്യത്ത് എത്തിയതാരെന്ന് ഉറക്കെ ചിന്തിച്ച് യമകിങ്കരന്മാർ അത്ഭുതത്തിലാകുന്നു. പത്തു തലയും ഇരുപതു കൈകളുമുള്ള നീലാദ്രിപോലുള്ള ഈ ഭീകര ജീവി ആരെന്നു ചിന്തിച്ച് യമഭടന്മാർ ആയുധങ്ങളുമായി ഓടിയണയുന്നു. ദശാനനൻ നിഷ്പ്രയാസം അവരെ ചിന്നിതെറിപ്പിക്കുന്നു. യുദ്ധം മുറുകുന്നു. ഭയങ്കര നാശനഷ്ടങ്ങൾക്കൊടുവിൽ രാവണനെ നിഗ്രഹിക്കുവാനായി തന്റെ ദണ്ഡുമായി പാഞ്ഞടുക്കുന്ന അന്തകനെ ബ്രഹ്മദേവൻ തടുക്കുന്നു. താൻ ദാനം ചെയ്തിട്ടുള്ള വരത്തെക്കുറിച്ച് വിസ്തരിച്ച് പറഞ്ഞ് അന്തകനെ തന്റെ പ്രവൃത്തിയിൽ നിന്ന് പിൻതിരിപ്പിക്കുന്നു. ഇങ്ങനെ രാവണൻ അവിടെ വിജയിയായി ഭവിക്കുന്നു. അവിടന്ന് നാഗലോകത്തെത്തി വാസുകി തുടങ്ങിയ നാഗസമൂഹത്തെ കീഴ്പ്പെടുത്തുന്നു. രാവണൻ തന്റെ യാത്ര തുടരുന്നു. നിവാതകവചന്മാരുടെ മണിമയപുരിയായിരുന്നു അടുത്ത ലക്ഷ്യം. രാവണൻ നിവാതകന്മാരെ യുദ്ധത്തിനായി ക്ഷണിക്കുന്നു. പോർവിളി ഉൾക്കൊണ്ട് അവർ യുദ്ധത്തിനൊരുങ്ങുന്നു. ബ്രഹ്മവരം ലഭിച്ചിട്ടുള്ള നിവാതന്മാരും ബ്രഹ്മവരം തന്നെ ലഭിച്ചിട്ടുള്ള രാവണനും യാതൊരു താഴ്ചയും കൂടാതെ ഒരാണ്ട് ഒപ്പം നിന്നു പൊരുതി. ഇരു ഭാഗത്തും നാശനഷ്ടങ്ങളല്ലാതെ തോൽവി എന്നത് ഉണ്ടായില്ല. ഈ സമയം ബ്രഹ്മാവു തന്നെ പ്രത്യക്ഷനായി തന്റെ വരത്തിന്റെ കാര്യം നിവാതകവചന്മാരെ അറിയിക്കുന്നു. ഇനി എത്ര ആണ്ട് ഇങ്ങനെ നിന്നു പൊരുതിയാലും നാശങ്ങൾ ഭവിക്കുമെന്നല്ലാതെ വിജയം ഇരുകൂട്ടർക്കും ലഭിക്കുകയില്ല. ആയതിനാൽ സന്ധി ചെയ്ത് സന്തോഷത്തോടെ പിരിയുക. ഇതായിരുന്നു ബ്രഹ്മവാക്യം. അങ്ങനെ രാവണനുമായി അവർ സഖ്യം ചെയ്തു. സന്തോഷത്തോടെ രാവണൻ അവരുടെ രാജധാനിയിൽ കുറച്ചുനാൾ അതിഥിയായി താമസിക്കുന്നു. താൻ സ്വന്തം ലങ്കാപുരി വിട്ടിട്ട് 100 മാസം കഴിഞ്ഞുവെന്നും അതിനാൽ തിരിച്ചു പോകണമെന്ന മോഹമുണ്ടെന്നും അറിയിച്ചു രാവണൻ നിവാതകന്മാരോട് യാത്ര ചൊല്ലുന്നു.

# ഹരിസുധാലഹരി

**നന്ദകുമാർ മേനോൻ, ഫോ:9895981809**

**ശ്ലോകം 29**

ഹേ വിഷ്ണോ തവപഞ്ജരം ഭയഹരം രക്ഷാ കരം മാനസേ

ഭാവിപ്പോനു രണാങ്കണം വിഹരണസ്ഥാനം വി നോദം രണം

ആവില്ലാർക്കുമവന്നു ശസ്ത്രഹതിയേല്പിപ്പാ നവൻ നിർഭയം

മേവീടുന്നു പിശാചഭൂതനി (മി) വഹം (കൾ) തിങ്ങും ശ്മശാനത്തിലും

**പദാർത്ഥം**

ഹേ വിഷ്ണോ = അല്ലയോ വിഷ്ണു

തവ = അവിടുത്തെ

പഞ്ജരം = കൂട്

ഭയഹരം = പേടിയെ ഇല്ലാതാക്കുന്നത്

രക്ഷാകരം = രക്ഷിക്കുന്നത്

മാനസേ = മനസ്സിൽ

ഭാവിപ്പോനു = ധ്യാനിക്കുന്നവന്

രണാങ്കണം = യുദ്ധഭൂമി

വിഹരണസ്ഥാനം = ഓടിക്കളിക്കാനുള്ള സ്ഥലം

വിനോദം രണം = യുദ്ധം കളിയാണ്

ആവില്ലാർക്കും = ആർക്കും പറ്റില്ല

അവന്നു ശസ്ത്രഹതിയേല്പിപ്പാൻ = അവനെ ആയുധങ്ങൾകൊണ്ട് മുറിപ്പെടുത്താൻ

അവൻ നിർഭയം = അവൻ ഒരു പേടിയുമില്ലാതെ

മേവീടുന്നു = താമസിക്കുന്നു

പിശാചഭൂതമിവകൾ = പിശാചുക്കൾ, ഭൂതങ്ങൾ മുതലായവ

തിങ്ങും ശ്മാശാനത്തിലും = നിറഞ്ഞു നിൽക്കുന്ന ചുടലക്കളത്തിലും

ശ്ലോകാർത്ഥം : അല്ലയോ വിഷ്ണു, അവിടുത്തെ കൂട് (രക്ഷാകവചം) ഭയം ഇല്ലാതാക്കുന്നു. രക്ഷ ചെയ്യുന്നു. (അങ്ങനെയുള്ള കവചം) മനസ്സിൽ ധ്യാനിക്കുന്നവന്. യുദ്ധഭൂമി കളിച്ചു വിലസാനുള്ള സ്ഥലം, യുദ്ധം, തമാശ അവനെ ആയുധങ്ങളാൽ മുറിപ്പെടുത്താൻ ആർക്കും കഴിയില്ല. അവൻ പിശാചുക്കളും, ഭൂതങ്ങളും നിറഞ്ഞിരിക്കുന്ന ചുടലക്കളത്തിലും അല്പം പോലും പേടിയില്ലാതെ താമസിക്കുന്നു.

**വ്യാഖ്യാ :**

ഹേ വിഷ്ണോ. അല്ലയോ വിഷ്ണു./ തവ പഞ്ജരം. അവിടുത്തെ പക്ഷിക്കൂട് പഞ്ജരത്തിന് പക്ഷിക്കൂട് എന്നാണർത്ഥം. കൂട് സൂര്യന്റെ ചൂട്. ഇടിമിന്നൽ, കാട്, മഴ മുതലായ പ്രകൃതിക്ഷോഭങ്ങളിൽ നിന്നുമുള്ള രക്ഷാകവചം. ഇവിടെ കൂടിന്റെ ഈ ഭാവാർത്ഥമാണ് ചേരുന്നത്. ശരപഞ്ജരം എന്ന വാക്കിന് അമ്പുകൾ കൊണ്ടുണ്ടാക്കിയ കിളിക്കൂട് എന്നല്ല അർത്ഥം. അങ്ങ്, വിഷ്ണുവാകുന്ന രക്ഷാകവചം എന്നർത്ഥം വാമനപുരാണത്തിൽ , മഹിഷാസുരയുദ്ധത്തിൽ, വിഷ്ണു നിർമ്മിച്ച രക്ഷാകവചത്തിനാൽ ദുർഗ്ഗാദേവി രക്ഷിതയായിരുന്നതിനെപ്പറ്റി വിവരിക്കുന്നു. ഭയഹരം. പേടിയെ ഇല്ലാതാക്കുന്നു. രക്ഷാകരം. ഉദ്ദേശിക്കപ്പെട്ട കർമ്മമായ രക്ഷ. നിർവ്വഹിക്കുന്നു. (ഇങ്ങനെയെല്ലാമുള്ള അവിടുത്തെ രക്ഷാകവചം) /മാനസേ./ ഉള്ളത്തിൽ, മനസ്സിൽ ./ഭാവിപ്പോന്. ധ്യാനിക്കുന്നവന്./ രണാങ്കണം. യുദ്ധഭൂമി വിഹരണസ്ഥാനം. കളിച്ചു വിളയാടാനുള്ള സ്ഥലം. ആഗ്രഹിക്കാത്തതാണെങ്കിലും ചെന്നു ചേർന്നാലും വിരോധമില്ലെന്നതൊരവസ്ഥ. ആഗ്രഹിച്ചിട്ടും ചെന്നു ചേരാനാവാത്തത് അടുത്ത അവസ്ഥ. ആഗ്രഹത്തോടെ ചെന്നു ചേരുന്ന സ്ഥലമാണ് വിഹരണസ്ഥാനം. ഏറ്റവും ഇഷ്ടമുള്ള സ്ഥലത്താണല്ലോ ഒരുവൻ കളിച്ചു വിളയാടാൻ, ആഗ്രഹിക്കുന്നത്. ഇവന്, യുദ്ധഭൂമിയാണ് ആ സ്ഥലം,/ വിനോദം രണം. എന്നിട്ട് ആ വിളയാട്ടു സ്ഥലത്ത് എന്താണവനു വിനോദമായിരിക്കുന്നത്. യുദ്ധം. യുദ്ധം ഇവനു വെറും കളി. ആവില്ലാർക്കും.... ഈ പ്രപഞ്ചത്തിലാർക്കും തന്നെ അവനെ ആയുധങ്ങൾകൊണ്ട് പരിക്കേല്പിക്കാൻ പറ്റില്ല. സാക്ഷാൽ ദുർഗ്ഗയെക്കൂടി രക്ഷിച്ചതാണാ കവചം. അവൻ നിർഭയം അവൻ അല്പം പോലും പേടിയില്ലാതെ. മേവീടുന്നു. താമസിക്കുന്നു. ഇടക്കൊന്നുപോയ് വരികയില്ല, സ്ഥിരതാമസമാണ് . പിശാച......പിശാചുക്കളും, ഭൂതങ്ങളും തിങ്ങിനിറയുന്ന ചുടലക്കളത്തിൽ.

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

25. തത്ര നിരതിശയം സർവജ്ഞബീജം

ഈശ്വരനിൽ ഉള്ള സർവജ്ഞത്വ ബീജം നിരതിശയമാണ്, അത്യുൽകൃഷ്ടമാണ്.

നമ്മൾ ബുദ്ധികൊണ്ട് പല വിഷയങ്ങളെപ്പറ്റിയും പല കാര്യങ്ങളും അറിയുന്നു. ഭൂതവും ഭാവിയും വർത്തമാനവും എല്ലാം അറിയുന്നു. എന്നാൽ എല്ലാം അറിഞ്ഞു എന്നാർക്കെങ്കിലും പറയാൻ പറ്റുമോ? ഇല്ല, കാരണം ഇവയെല്ലാം ഇന്ദ്രിയജന്യ ജ്ഞാനമാണ്. അവ പരിമിതവുമാണ്. പ്രത്യക്ഷവും അനുമാനവും കൊണ്ടറിയുന്നതിന് പരിമിതിയുണ്ട്. ഇതു രണ്ടിലും കിട്ടാത്തത് നാം ആഗമം അഥവാ വേദം കൊണ്ടാണറിയുന്നത്. ഇത്തരം അറിവിന്റെ തുടക്കം അതീന്ദ്രിയ ജ്ഞാനമാണ്. സർവജ്ഞത്വ ബീജമാണത്; അളവില്ലാത്ത ജ്ഞാനത്തിന്റെ വാതിൽപ്പടി.

പക്ഷെ ഈ ജ്ഞാനത്തിന് മനുഷ്യന്റെ പരിമിതി വെച്ച് ഏറ്റക്കുറച്ചിലുണ്ടാകും. അവ സാതിശയമാണ്. ഒന്നിനെ അതിശയിക്കാൻ, മറികടക്കാൻ മറ്റൊന്നുണ്ടാകും. ഇതിന്റെ പരമകാഷ്ഠയിലെത്തുന്നവനാണ് സർവജ്ഞപദവിക്കർഹൻ. അവനെ അതിശയിക്കാൻ മറ്റാരുമില്ല. നിരതിശയനാണ്. അവൻ തന്നെയാണീശ്വരൻ, പുരുഷ വിശേഷൻ.

കഴിഞ്ഞ സൂത്രത്തിൽ ഈശ്വരൻ ക്ലേശങ്ങൾക്കതീതനാണെന്നു പറഞ്ഞു. ക്ലേശമെന്താണ് ? അവിദ്യ തന്നെയാണ്. അതിൽ നിന്നാണ് എല്ലാ ക്ലേശങ്ങളുടെയും ഉൽപ്പത്തി. ഈശ്വരൻ ജ്ഞാനമൂർത്തിയായാൽ പിന്നെ അവിദ്യയെവിടെ ? ക്ലേശം എവിടെ ? ഛാന്ദോഗ്യ ഉപനിഷത്തിൽ ഒരു കഥയുണ്ട്. ആരുണിമുനി തന്റെ മകൻ ശ്വേതകേതുവിനെ 12-ാം വയസ്സിൽ ഗുരുവിന്റെ വീട്ടിലേക്ക് ഉപനയിച്ചു. 14 വർഷം കഴിഞ്ഞ് വേദാദികൾ പഠിച്ചു തിരിച്ചു വന്നു. പക്ഷെ വിനയത്തിനു പകരം അറിവിന്റെ അഹങ്കാരമായിരുന്നു, അവന്. 'മകനെ, ഏതു കേട്ടാലാണോ സർവം കേൾക്കുക, ഏതറിഞ്ഞാലാണോ സർവം അറിയുക, അത് ഗുരു നിനക്കുപദേശിച്ചുവോ'?

'അതേതറിവാണ്'? ശ്വേതകേതു ചോദിച്ചു.

'ഒരു മൺകട്ടയെയറിഞ്ഞാൽ ഏതു പ്രകാരമാണോ എല്ലാ മൺപാത്രങ്ങളെയും അറിയുന്നത്, ഒരു സ്വർണമണിയെ അറിഞ്ഞാൽ എപ്രകാരമാണോ സ്വർണ്ണാഭരണങ്ങളെ മുഴുവൻ അറിയുന്നത്, അതുപോലെ ഏതൊന്നറിഞ്ഞാൽ സർവം അറിയപ്പെടുന്നു, അത് നീ അറിഞ്ഞോ'?

ശ്വേതകേതുവിന്റെ അഹങ്കാരം അസ്തമിച്ചു.

'അത് എനിക്ക് അറിയില്ല. അച്ഛൻ പറഞ്ഞു തരണം' അവൻ അടിപണിഞ്ഞു. ആരുണി മകന് ഈശ്വരനെപ്പറ്റിയുള്ള ജ്ഞാനം ഉപദേശിച്ചു. ഈശ്വരനെ അറിഞ്ഞാൽ എല്ലാം അറിയാം. ഈശ്വരനാണ് പ്രപഞ്ചത്തിന്റെ ഉപാദാന കാരണം.

ദർശനങ്ങളിൽ കാര്യ-കാരണ ബന്ധം ഏറെ ചർച്ചാവിഷയമാണ്. എല്ലാ കാര്യങ്ങൾക്കും (ഉണ്ടായവ) ഒരു കാരണമുണ്ടാവും. മൺകുടം ഒരു കാര്യമാണ്. അതിന്റെ കാരണമെന്താണ്? അതായത് മൺകുടം എങ്ങിനെയുണ്ടായി? 3 കാരണങ്ങൾ യോജിച്ച് ഉണ്ടായതാണത്. ഒന്ന് ഭൗതിക (ഉപാദാന) കാരണം. അത് മണ്ണു തന്നെ. രണ്ട് ബുദ്ധിപരമായ (നിമിത്ത) കാരണം. അതായത് മണ്ണ് ഈ രൂപത്തിലാക്കാൻ പരിശ്രമിച്ച കുംഭകാരൻ. അതിനെ ഭാവന ചെയ്തവൻ, ബുദ്ധികേന്ദ്രം, ചൈതന്യ ശക്തി. മറ്റെല്ലാം ജഡമാണ്. മൂന്ന് സഹകാരി കാരണം, നിർമ്മാണത്തിന് സഹായിച്ച ഉപകരണങ്ങളും സാഹചര്യങ്ങളും, തീ, ചക്രം, വടി, ചൂള മുതലായവയൊക്കെ ഇതിൽ സഹകരിച്ചവയാണ്, സഹകാരി കാരണങ്ങളാണ്. ഈശ്വരൻ പ്രപഞ്ചത്തിന്റെ നിമിത്തകാരണമെന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. അവനിൽ മാത്രമെ ജ്ഞാനപൂർത്തിയുള്ളൂ.

ജ്ഞാനത്തിന്റെ ഉറവിടമാണവൻ. നമുക്ക് ജ്ഞാനാർജ്ജനത്തിന് ഈശ്വരനെ ജ്ഞാനമൂർത്തിയായായാരാധിക്കണം. എന്നാലെ നമുക്ക് ക്ലേശത്തിൽ നിന്ന് , അവിദ്യയിൽ നിന്ന് മോചനം ലഭിക്കൂ. പതഞ്ജലിയുടെ ഈശ്വരൻ സ്രഷ്ടാവോ സംഹർത്താവോ അല്ല. ജ്ഞാനമൂർത്തിയാണ്. ആചാര്യനാണ്. അതിശയിക്കുക എന്നാൽ കടന്നു വെക്കുക എന്നർത്ഥമാണ്. ഒരു കുട്ടിക്ക് 10 മാർക്കു കിട്ടി. 11 മാർക്ക് കിട്ടിയവന് 10 കാരനെ അതിശയിക്കാം. 90 കിട്ടിയവന് 11 കാരനെ അതിശയിപ്പിക്കാം. 100 കിട്ടിയാലും മറ്റൊരു 100 കാരനുണ്ടാവാം. എന്നാൽ ഈശ്വരൻ അളവിന്റെ പരിമിതിക്കപ്പുറമാണ്. നിത്യ തൃപ്തനുമാണ്.

ജ്ഞാനം കൊണ്ട് സ്വയം പ്രയോജനമില്ലാത്തവനും ആണ്. അത് ഒരു സ്വാഭാവിക അവസ്ഥ മാത്രമാണ്. നമുക്ക് അത് പ്രത്യക്ഷമായോ ഊഹിച്ചോ അറിയാൻ പറ്റില്ല. അതുകൊണ്ട് വേദത്തിൽ നിന്ന്, ശബ്ദ പ്രമാണത്തിൽ നിന്നറിയുന്നു. അതിനെ ശിവൻ, വിഷ്ണു, നാരായണൻ എന്നൊക്കെ വിളിക്കുന്നു.

സർവജ്ഞതാ, തൃപ്തി : അനാദി ബോധ :
സ്വതന്ത്രതാ നിത്യമലുപ്ത ശക്തി :
അനന്തശക്തിശ്ച വിഭോർവിധിജ്ഞാ :
ഷഡാ ഹുരങ്ഗാനി മഹേശ്വരസ്യ

എന്നു വായുപുരാണം. ഈശ്വരന്റെ ആറ് അംഗങ്ങളെയാണ് പറഞ്ഞത്. ആദ്യത്തേത് സർവജ്ഞത തന്നെ. വായുപുരാണത്തിൽ തന്നെ മറ്റൊരിടത്ത് ഈശ്വരന്റെ 10 ലക്ഷണം പറയുന്നു. ആദ്യത്തേത് ജ്ഞാനം തന്നെ:- ജ്ഞാന വൈരാഗ്യമൈശ്വര്യം

തപ : സത്യം ക്ഷമാ ധൃതി :
സ്രഷ്ടുത്വം ആത്മബോധോ ഹി
അധിഷ്ഠാതൃത്വമേവ ച.............

ജ്ഞാനത്തിന്റെ വഴിയുന്ന നിറകുടത്തിനേ ജ്ഞാനം പകരാൻ കഴിയൂ. ജ്ഞാനലബ്ധിക്ക്, അജ്ഞാന നാശത്തിന് ഈശ്വരന് അടി പണിയുകയേ ശരണം.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

## വിശേഷ ദിവസങ്ങൾ

### 2018 ഡിസംബർ 15 മുതൽ 2019 ജനുവരി15 വരെ

| | | |
|---|---|---|
| ഡിസബർ | 19 | സ്വർഗ്ഗവാതിൽ ഏകാദശി, കുചേലദിനം |
| | 22 | മകയിരം നോമ്പ്, ദത്താത്രേയ ജയന്തി |
| | 24 | പരശുരാമ ജയന്തി |
| | 25 | കരയോഗം കുടുംബസംഗമം, കരയോഗം സ്ഥാപക ദിനം |
| ജനുവരി | 01 | നവവത്സരദിനം |
| | 02 | മന്നം ജയന്തി |
| | 07 | തുഞ്ചൻ ദിനം |
| | 11 | എരുമേലി പേട്ട തുള്ളൽ |
| | 12 | എറണാകുളം ശിവക്ഷേത്രത്തിൽ കൊടിയേറ്റ്, വിവേകാനന്ദ ജയന്തി |
| | 14 | മകര സംക്രമം, ശബരിമല മകരവിളക്ക് |
| | 15 | തൈപൊങ്കൽ, മകരചൊവ്വ |

# ചില മര്യാദകൾ ചില നല്ലശീലങ്ങൾ

യു. എസ്. രവീന്ദ്രൻ ഫോൺ : 9496120978

അന്ന് അനുമോളുടെ സ്കൂളിലെ നൃത്തമത്സരമായിരുന്നു. മോൾക്ക് സമ്മാനം കിട്ടിയതിന് ട്രീറ്റ് കൊടുക്കാനാണ് അനിതയും അനുമോളും ഹോട്ടലിൽ കയറിയത്. ഐസ്ക്രീം പാതി നുണഞ്ഞു കൊണ്ടിരിക്കുമ്പോളാണ് അനിതയുടെ തോളിൽ ആരോ തട്ടിയത്. തിരിഞ്ഞു നോക്കിയപ്പോൾ തോളിൽ തട്ടിയ ആ മദ്ധ്യ വയസ്കൻ പറഞ്ഞു ''മാഡം ഇത് ഞങ്ങൾക്കുള്ള സീറ്റുകളാണ് ഒഴിഞ്ഞു തരണം''. കണ്ടാൽ മാന്യനാണെന്ന് തോന്നുമെങ്കിലും പെരുമാറ്റത്തിലെ മാന്യതക്കുറവ് അനിതയ്ക്ക് ഇഷ്ടപ്പെട്ടില്ല. ഒരാളുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ ഒരടി അകലത്തിൽ അവസാനിക്കുന്നു എന്ന സാമാന്യതത്ത്വം പാലിക്കാതെയായിരുന്നു ആ മാന്യന്റെ പ്രവർത്തി. ധൃതിയിൽ കസേരയിൽ വന്നിരുന്നപ്പോൾ റിസേർവ്ഡ് എന്നെഴുതിയ ചെറിയ ബോർഡ് മേശമേൽ വച്ചിരുന്നത് അനിതയുടെ ശ്രദ്ധയിൽ പെട്ടില്ലായിരുന്നു. കുറ്റം അനിതയുടെ തന്നെയായതുകൊണ്ട് പാതി കഴിച്ച ഐസ്ക്രീം ജാറുകൾ എടുത്തുകൊണ്ട് അനിതയും അനുവും വേറെ കസേരയിലേക്ക് മാറിയിരുന്നു. പിന്നെ എന്താണ് സംഭവിച്ചതെന്ന് ഈ ലേഖനത്തിന്റെ അവസാനത്തിൽ വായിക്കാം.

പറഞ്ഞു വരുന്നത് ഓരോ സന്ദർഭങ്ങളിലും ഓരോരുത്തരും പാലിക്കേണ്ട ചില മര്യാദകളെയും ഉപചാരങ്ങളെയും ചില നല്ല ശീലങ്ങളെയും പറ്റിയാണ്.

മനുഷ്യൻ സാമൂഹ്യജീവിയാണ്. ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ ചില മര്യാദകളും ഉപചാരങ്ങളും പാലിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ ജീവിതവിജയം അയാൾ പാലിക്കുന്ന സമൂഹമര്യാദയെ ആശ്രയിച്ചിരിക്കുന്നു. ഉദ്യോഗസ്ഥനാകട്ടെ, ബിസിനസ്സുകാരനാകട്ടെ, ഉദ്യോഗാർത്ഥികളാകട്ടെ വിദ്യാർത്ഥികളാകട്ടെ ചില നല്ല ശീലങ്ങൾ അവരെ മറ്റുള്ളവർക്ക് സ്വീകാര്യരാക്കുന്നു.

ഒരു സന്യാസി ഒറ്റയ്ക്ക് ഒരു മലമുകളിൽ താമസിക്കുകയാണെന്നിരിക്കട്ടെ. അദ്ദേഹത്തിന് ഒരു പ്രശ്നവുമില്ല. എന്നാൽ ഒരു സന്യാസികൂടി അവിടെ എത്തിപ്പെടുകയാണെങ്കിൽ രണ്ടു പേർക്കും പ്രശ്നങ്ങളായി. പരസ്പരം ആചരിക്കപ്പെടേണ്ട മര്യാദകൾ പാലിക്കേണ്ടി വരുന്നു. എന്തുകൊണ്ടെന്നാൽ ഒരു നല്ല സമൂഹത്തിന്റെ നിലനിൽപ്പ്, ജനങ്ങളുടെ നല്ല പാരസ്പര്യങ്ങളിലൂടെ മാത്രമേ ഉണ്ടാകുകയുള്ളു.

ഒരാൾ എത്ര സമ്പന്നനോ സുന്ദരനോ, ശക്തനോ ആയിക്കൊള്ളട്ടെ ധിക്കാരി എന്ന പേരു വീണു കഴിഞ്ഞാൽ, മറ്റുള്ളവരുടെ വികാര വിചാരങ്ങളെ മാനിക്കുന്നില്ലെങ്കിൽ അയാളുടെ എല്ലാ ഗുണഗണങ്ങളും നിഷ്പ്രഭമാണ്. ശാസ്ത്രസാങ്കേതിക വളർച്ചകൾ കുതിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ആചാരമര്യാദകൾക്കൊക്കെ പ്രാധാന്യം കുറഞ്ഞു വരികയാണ്. ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരായാലും മാന്യമായ പെരുമാറ്റമുള്ളവരെ മറ്റുള്ളവർ ശ്ലാഘിക്കുന്നു. ഒരു സാമൂഹ്യജീവി എന്ന നിലയിൽ നമ്മൾക്ക് ഓരോ ദിവസവും പലരുമായി ഇടപഴകേണ്ടി വരാറുണ്ട് – കുടുംബാംഗങ്ങളുമായി, അപരിചിതരുമായി, കൂട്ടുകാരുമായി, ഉപഭോക്താക്കളുമായി സഹപ്രവർത്തകരുമായി ഒക്കെ. എങ്ങിനെയൊക്കെ പെരുമാറണം എന്ന് എഴുതി വച്ചിട്ടുള്ള നിയമങ്ങളോ പ്രമാണങ്ങളോ ഇല്ല. നല്ല വ്യക്തിത്വം എന്നത് നല്ല ഉപചാരങ്ങളുടെ തുടർച്ചയാണ്. അതിന് പ്രായഭേദമോ സ്ഥാനമാനങ്ങളോ അതിർവരമ്പുകളോ ഇല്ല. നല്ല സ്നേഹത്തോടും ബഹുമാനത്തോടും നമ്മളോട് പെരുമാറിയ വ്യക്തിയേ നമ്മൾ എന്നും ഓർമ്മിക്കുന്നു- യാദൃശ്ചികമായി കണ്ടുമുട്ടിയിട്ടുള്ള അപരിചിതനാണെങ്കിൽ പോലും, നല്ല പെരുമാറ്റങ്ങൾ ചിലപ്പോൾ നാട്യമായിട്ടോ,പൊങ്ങച്ചമായിട്ടോ, ജാഡയായിട്ടോ തെറ്റിദ്ധരിക്കപ്പെട്ടേക്കാം. ചിലപ്പോൾ നല്ല സംസ്കാരം ഒരു ദുർബലതയായിട്ടും തെറ്റിദ്ധരിക്കപ്പെട്ടേക്കാം.

ജോലിസ്ഥലത്ത് മറ്റുള്ളവരെ നിയന്ത്രിക്കണമെങ്കിൽ ഒരു ധാർഷ്ട്യക്കാരനാകണമെന്ന ഒരു ധാരണയുണ്ട്. അത് ശരിയല്ല. നേരെ മറിച്ചാണ്. മറ്റുള്ളവരോടുള്ള കാരുണ്യം ജീവിതയാത്രയിൽ നമ്മൾക്ക് എപ്പോഴും ഗുണകരമായിരിക്കുകയേയുള്ളൂ. ഉപചാരങ്ങൾ എല്ലാക്കാലത്തെപ്പോലെ എന്നും പ്രസക്തിയുള്ളവ തന്നെയാണ്. ഒരു സുപ്രഭാതത്തിൽ 'ഇന്നു

തൊട്ട് ഞാൻ എല്ലാവരോടും ഉപചാരപൂർവ്വം പെരുമാറും' എന്ന് തീരുമാനിച്ചാൽ പോര. അത് ഉപബോധമനസ്സിൽ പതിയണമെങ്കിൽ സ്വയം പരിശീലിക്കണം. സ്വകാര്യ ജീവിതത്തിൽ പാലിക്കുന്ന ശീലങ്ങളേ പൊതു ജീവിതത്തിലും പാലിക്കാൻ സാധ്യതയുള്ളൂ. 'കാലത്ത് ജോലിക്കു പോകുമ്പോൾ ധൃതി പിടിച്ച് ബസ്സ് കിട്ടി, ട്രെയിനിൽ കയറി അതുപോലെ ജോലി കഴിഞ്ഞ് തിരിച്ചും ക്ഷീണിച്ചു വരുമ്പോൾ മറ്റുള്ളവരെ ആചാരപൂർവ്വം സന്തോഷിപ്പിക്കാനൊക്കെ സമയമെവിടെ' എന്ന് ചോദിച്ചേക്കാം, ശരിയാണ്, ഉപചാര മര്യാദകളെപ്പറ്റി തെറ്റായി ധരിക്കുന്നതിനാലാണ് അങ്ങിനെ ചിന്തിക്കുന്നത്. മറ്റുള്ളവരെ സുഖിപ്പിക്കുക എന്നതല്ല ഉപചാരം കൊണ്ട് ഉദ്ദേശിക്കുന്നത്. വിനീതരാകുക എന്നത് പ്രത്യേക അവസരത്തിൽ മാത്രമല്ല എന്നും എപ്പോഴും എവിടെയും എങ്ങിനെയൊക്കെ പെരുമാറണമെന്ന് എല്ലാവരും അറിഞ്ഞിരിക്കണം- പൊതു സ്ഥലത്ത് വച്ച് ചുമയ്ക്കുമ്പോൾ വായ കൈകൊണ്ട് മൂടിപ്പിടിക്കാൻ ശ്രദ്ധിക്കാറുണ്ടോ. തുമ്മുമ്പോൾ മൂക്ക് മൂടിപിടിക്കാൻ ശ്രദ്ധിക്കാറുണ്ടോ? ചിലർ പറയാറുണ്ട് 'ഇങ്ങനെയുള്ള മര്യാദകളിൽ ഇന്ത്യക്കാർ പരുക്കൻ സ്വഭാവക്കാരാണെന്ന്'. പാശ്ചാത്യരുടെ ശൈലിയിൽ ഇന്ത്യക്കാരും ജാടകൾ കാണിക്കണോ? നല്ല ശീലങ്ങൾ അടിസ്ഥാനപരമായ നല്ല മനുഷ്യഗുണങ്ങളാണ്. ഏത് രാജ്യക്കാരാണെന്നത് പ്രശ്നമല്ല. എയർ പോർട്ടിലായാലും, റെയിൽവേ സ്റ്റേഷനിലായാലും റേഷൻ കടയിലായാലും ക്യൂ നിൽക്കാൻ മടി, ഇടത് വശത്തിലൂടെ ഡ്രൈവ് ചെയ്ത് ഓവർടേക്ക് ചെയ്യാനുള്ള പ്രവണത, ചുവന്ന സിഗ്നൽ കാണുമ്പോൾ വാഹനം നിറുത്താൻ വിമുഖത തുടങ്ങിയവ സ്ഥിരം കാഴ്ചകളാണ്. ഒരു ഷോപ്പിങ്ങ് മാളിൽ പ്രവേശിക്കുമ്പോൾ പുറകെ വരുന്നവർക്ക് അവർ അകത്തു കടന്നു കഴിയുന്നതുവരെ വാതിൽ തുറന്നു പിടിച്ചു കൊടുക്കുക എന്നത് ഒരു നല്ല ആചാരമാണ്. പുറകെ വരുന്നവരുടെ മുഖത്തടിക്കും വിധം പെട്ടെന്ന് വാതിൽ വിട്ടാലോ? 'വളരെ നന്ദി' എന്ന് പിന്നിൽ വരുന്നയാൾ പറഞ്ഞാൽ നമ്മൾ അത്ഭുതപ്പെട്ടേക്കും. ദയവായി 'ഞാൻ സഹായിക്കട്ടെ' 'വളരെ നന്ദി' എന്നീ ഉപചാര വാക്കുകൾ വേണ്ട സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിൽ നമ്മൾ പിശുക്കന്മാരാണ്. വീട്ടിലുള്ളവരെല്ലാം സ്വന്തക്കാരായതുകൊണ്ട് പരസ്പരം ചെയ്യുന്ന ഉപകാരങ്ങൾക്ക് ഉപചാരങ്ങൾ ഒന്നും വേണ്ട എന്നും വിചാരിക്കരുത്.

വസ്ത്രധാരണ രീതി തൊട്ട് വേറൊരാളോട് സംസാരിക്കുമ്പോഴും, പൊതുസ്ഥലത്തു കൂടെ നടന്നുപോകുമ്പോഴുമെല്ലാം ചില നല്ല ശീലങ്ങൾ പാലിച്ചാൽ നല്ലതായിരിക്കും. മറ്റു വ്യക്തികൾ ധനികരാകട്ടെ ദരിദ്രരാകട്ടെ, ഒരിക്കലും മേലിൽ കണ്ടുമുട്ടാൻ സാധ്യതയില്ലാത്തവരുമാകട്ടെ നമ്മുടെ പെരുമാറ്റം മാന്യമായിരിക്കണം. അത് നമ്മളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. ഏത് സാമൂഹിക അവസരങ്ങളേയും അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കും. ഒരാളെ കണ്ടുമുട്ടിയാൽ അദ്ദേഹത്തെ പറ്റിയുള്ള പൊതുധാരണ മൂന്നു സെക്കന്റുകൾക്കുള്ളിൽ മറ്റേയാളിൽ പതിഞ്ഞിരിക്കും. അയാൾ നില്ക്കുന്ന രീതി, വസ്ത്രധാരണശൈലി, മുഖത്തെ ഭാവഭേദങ്ങൾ തുടങ്ങിയവ പെട്ടെന്ന് മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടുന്നു. 'എനിക്കും അതുപോലെയാകണം'എന്ന് മറ്റുള്ളവർക്ക് തോന്നുന്ന വിധത്തിൽ ഒരു മാതൃകയാകണം. പ്രഥമമായ ഒരു താല്പര്യം ജനിപ്പിക്കുവാൻ രണ്ടാമതൊരു ചാൻസ് കിട്ടിയെന്നു വരില്ല. മറ്റുള്ളവരോടുള്ള ബഹുമാനം, മാന്യമായ പെരുമാറ്റം, ഉപചാരങ്ങൾ തുടങ്ങിയവ ഒരു വ്യക്തിയെ സമൂഹത്തിൽ സ്വീകാര്യനാക്കുന്നു. സ്വന്തം ജോലികളിൽ പ്രശസ്തരായവർ അവരുടെ മേഖലയിലുള്ള വിദഗ്ദ്ധതയേക്കാൾ സാമൂഹിക ഇടപെടലുകളിലുള്ള വിദഗ്ദ്ധത കൊണ്ടാണ് പ്രശസ്തരായതെന്ന് കാണാം. ഈ വിഷയത്തിൽ ഗവേഷണം നടത്തിയിട്ടുള്ള ഹാർവാർഡ് യൂണിവേഴ്സിറ്റി, കാനിംങ് ഫൗണ്ടേഷൻ,സ്റ്റാൻഫോർഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിലെ ഗവേഷണങ്ങൾ ഇതു തെളിയിച്ചിട്ടുണ്ട്. വസ്ത്രധാരണശൈലി വളരെ പ്രധാനപ്പെട്ടതാണ്. വസ്ത്രധാരണാരീതി ഒരാളെ പ്രത്യക്ഷത്തിൽ മാന്യനാക്കുന്നു. സന്ദർഭങ്ങൾക്കു ചേർന്ന വസ്ത്രങ്ങൾ ചീകി ഒതുക്കിയ മുടി, വൃത്തിയായി വെട്ടി ഒരുക്കിയ നഖങ്ങൾ, തുടച്ച് വൃത്തിയാക്കിയ ചെരുപ്പ് (ഷൂസ്) എല്ലാം പെട്ടെന്ന് മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടുന്നു. എല്ലാറ്റിനുപരി അവനവനോട് സത്യസന്ധത പുലർത്തുക. ഉള്ളിലുള്ള വികാര വിചാരങ്ങൾ മുഖഭാവങ്ങളിലൂടെ പുറത്തു വരുന്നു. ഒരാളുടെ സ്വഭാവം പുറത്തു കാണിക്കാനുള്ള വേഷവിധാനങ്ങളൊന്നും ഒരു തുണിക്കമ്പിനിയും നിർമ്മിച്ചിട്ടില്ല.

ആശയവിനിമയം : ആശയവിനിമയത്തിലെ പ്രധാന കാര്യം പറയാത്തത് കേൾക്കുക എന്നതാണ്. ഒരാൾ സംസാരിക്കുമ്പോൾ – ജോലിക്കുള്ള ഇന്റർവ്യൂ ആകട്ടെ, സ്നേഹിതരോടൊ അപരിചിതരോടോ ആകട്ടെ–നമ്മുടെ വായ മാത്രമല്ല സംസാരിക്കുന്നത്. ശരീരം അതിന്റേതായ സംസാരവും നടത്തുന്നു. നമ്മുടെ ശരീരഭാഷയും നമ്മുടെ വികാര വിചാരങ്ങളെ മറ്റുള്ളവരോട് പറയുന്നു. എഴുപത് ശതമാനത്തോളം ആശയവിനിമയങ്ങൾ നടക്കുന്നത് സംസാരിക്കാത്ത ഭാഷയിലൂടെയാണ്. സംസാരിക്കുമ്പോൾ ചിലപ്പോൾ നുണകൾ പറഞ്ഞേക്കാം. എന്നാൽ ശരീരഭാഷയിൽ

നുണ പറയാൻ സാധിക്കുകയില്ല. ഇരിക്കുന്ന വിധം, നടക്കുന്ന വിധം, നോട്ടത്തിലെ സ്ഥിരത തുടങ്ങിയവ മറ്റുള്ളവരിലേക്ക് ശക്തിയേറിയ സന്ദേശങ്ങൾ അയക്കുന്നു. സംസാരം നിറുത്തിയാലും മേൽ പറഞ്ഞവയിലൂടെയുള്ള സന്ദേശങ്ങൾ പോയ്ക്കൊണ്ടിരിക്കും. പറഞ്ഞു വരുന്നത് സംഭാഷണത്തേക്കാൾ ശരീരഭാഷയാണ് യഥാർത്ഥ വികാര വിചാരങ്ങൾ പ്രതിഫലിപ്പിക്കുന്നത് എന്നാണ്.

1960 ൽ അമേരിക്കയിൽ പ്രസിഡണ്ടു സ്ഥാനാർത്ഥികളായി റിച്ചാർഡ് നിക്സണും, ജോൺ എഫ് കെന്നടിയും മത്സരിച്ചിരുന്നു. ഒരു ടെലിവിഷൻ ചാനൽ സംഘടിപ്പിച്ച സംവാദത്തിൽ രണ്ടു പേരും പങ്കെടുത്തു സംസാരിച്ചു. ആരാണ് നന്നായി പ്രകടനം നടത്തിയത് എന്നു തീരുമാനിക്കാനുള്ള വോട്ടെടുപ്പിൽ ടിവിയിൽ കൂടെ പരിപാടി കണ്ടവർക്കും റേഡിയോവിൽ കൂടെ പരിപാടി കേട്ടവർക്കും വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങളാണ് ഉണ്ടായത്. റേഡിയോ കേട്ടവർ നിക്സന്റെ സംഭാഷണം ഗംഭീരമായതിനാൽ അദ്ദേഹത്തിന് വോട്ടു ചെയ്തു. എന്നാൽ കെന്നടിയുടെ ശരീരഭാഷയും ആംഗ്യങ്ങളും കൂടുതൽ വിശ്വാസ്യത പുലർത്തുന്നു എന്ന് കണ്ട് കൂടുതൽ നല്ല സ്ഥാനാർത്ഥി കെന്നടിയാണെന്ന് തീരുമാനിച്ച് വോട്ട് ചെയ്തു. കെന്നടി തിരഞ്ഞെടുക്കപ്പെട്ടു. നിക്സന്റെ പ്രത്യേകമായ ശരീരഭാഷ ഭൂരിപക്ഷം പേർക്കും അത്ര ബോധിച്ചില്ല.

നല്ല ശരീരഭാഷ ആത്മവിശ്വാസത്തിന്റെ പോസിറ്റിവ് അന്തരീക്ഷം സൃഷ്ടിക്കുന്നു. ഒരാളുടെ ശരീരഭാഷ അയാളുടെ സംസാരഭാഷയുമായി ഐക്യപ്പെടുമ്പോൾ അയാളുടെ വിശ്വസ്തത, വ്യക്തത, സ്ഥിരത എന്നിവ പുറത്തു വരുന്നു. ഒരു സുഹൃത്ത് അയാളുടെ വിഷമങ്ങൾ വിവരിക്കുമ്പോൾ ശരീരം അല്പം ആ വശത്തേക്ക് ചെരിച്ച് സംഭാഷണം ശ്രദ്ധാപൂർവ്വം കേൾക്കുകയാണെങ്കിൽ നമുക്ക് ആ വിവരണത്തിലുള്ള താല്പര്യം സുഹൃത്തിന് മനസ്സിലാകും. വായയിൽ കൂടെയുള്ള സംഭാഷണത്തിലുള്ള അത്രതന്നെ വസ്തുതകളും ശരീരഭാഷയിലൂടെയും പുറത്തു വരും. ഇന്ന് ഒരു വല്ലാത്ത ദിവസമായിപ്പോയി എന്നു പറയുമ്പോൾ മുഖം ചുളിയുകയാണെങ്കിൽ അതിന്റെ ശരിയായ അർത്ഥം പ്രേക്ഷകർ മനസ്സിലാക്കും. അതേ വാക്കുകൾ ചെറിയ ചിരിയോടെ പറയുമ്പോൾ നല്ല ദിവസമായിരുന്നു എന്ന് പ്രേക്ഷകർ മനസ്സിലാക്കും.

**ഹസ്തദാനം:** രണ്ടുപേർ കണ്ടുമുട്ടുമ്പോൾ പരസ്പരം കൈപിടിച്ചു കുലുക്കി 'ഹലോ' എന്നു പറയുക ലോകത്തിൽ എല്ലായിടത്തും സ്വീകാര്യമായ അഭിവാദ്യക്രമമാണ്. ഇന്ത്യയിലാണെങ്കിൽ കൈകൂപ്പി നമസ്തേ എന്നു പറയുന്നു. കൈകൾ മുറുകെ പിടിച്ചുള്ള അഭിവാദ്യമാണ് അയഞ്ഞ പിടുത്തത്തിലുള്ള അഭിവാദ്യത്തേക്കാൾ അഭികാമ്യമെന്ന് വിദഗ്ദ്ധാഭിപ്രായമുണ്ട് – പ്രത്യേകിച്ച് ജോലി സംബന്ധമായി കൂടിക്കാഴ്ചയ്ക്ക് എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് . മൂന്നു സെക്കന്റു മാത്രമേ ഹസ്തദാനം നീളാൻ പാടുള്ളൂ. പുതിയ ഒരാളെ കണ്ടുമുട്ടുമ്പോൾ കൈനീട്ടി അഭിവാദ്യം മൂന്നോ നാലോ സെക്കന്റു കൊണ്ട് പൂർത്തിയാക്കി കൈപിൻവലിക്കുകയാണ് ചെയ്യേണ്ടത്. ചിലപ്പോൾ കൈപിടിച്ചുകൊണ്ട് തന്നെ സംസാരം തുടർന്നുകൊണ്ട് പോകാറുണ്ട്. അങ്ങിനെ സംഭവിക്കുകയാണെങ്കിൽ പുഞ്ചിരിച്ചുകൊണ്ട് പതുക്കെ ഒരു സ്റ്റെപ്പ് പിൻവാങ്ങി കൈ വിടാം. ഇന്ത്യയിൽ പ്രായമായവർ ഹസ്തദാനം എന്ന അഭിവാദ്യത്തേക്കാൾ കൈകൂപ്പി 'നമസ്തേ' എന്ന അഭിവാദ്യരീതി ഇഷ്ടപ്പെടുന്നു. ബിസിനസ്സുകാരാണെങ്കിൽ ബിസിനസ്സ് കാർഡ് സ്വീകരിക്കുന്നയാൾക്ക് രണ്ടു കൈകൊണ്ട് മുഖത്തു നോക്കിക്കൊണ്ട് കൊടുക്കണം. കാർഡ് സ്വീകരിക്കുന്നവർ അത് കിട്ടിയിടത്ത് ഉപേക്ഷിച്ചിട്ടു പോകരുത്. അത് കാർഡ് തന്നയാളെ അപമാനിക്കലാണ്. ഒരു വ്യക്തിയുടെ ചുറ്റും രണ്ടടിയോളം അയാളുടെ വ്യക്തിപരമായ സ്ഥലമാണ്. ഏതൊരു വ്യക്തിയോടാണെങ്കിലും അത്ര അകലം പാലിക്കേണ്ടതുണ്ട്. വിദേശിയരാണെങ്കിൽ വേറൊരാൾ കൂടുതൽ അടുത്തു വരുമ്പോൾ സ്വയം ഒഴിഞ്ഞു പോകും. ചൈനാക്കാരാണെങ്കിൽ ഇടിച്ചു കയറും. നമ്മൾ അറിയാത്ത ആളെ സ്പർശിക്കുക ഒട്ടും അഭികാമ്യമല്ല. ഇന്ത്യയിലെ അധികജനസാന്ദ്രതയുള്ള പട്ടണങ്ങളിൽ ഈ മര്യാദ പാലിക്കുവാൻ സാധിച്ചേക്കുകയില്ല. എങ്കിലും ഈ ഒരു നല്ല മര്യാദ ഓർത്തിരിക്കണം. വ്യക്തിഗതമായ സ്ഥലം എന്ന ധാരണ തിരക്കു പിടിച്ച ഫുട്പാത്ത് ഷോപ്പിങ്ങ് മാൾ എന്നീ സ്ഥലങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഒരു വിരോധാഭാസമായി തോന്നിയേക്കാം. എന്നാൽ ഇത് സാധ്യമാണ്. തിരക്കു പിടിച്ച ഫുട്പാത്തിലൂടെ നടക്കുമ്പോൾ ഫോൺ ചെയ്യാൻ പെട്ടെന്ന് നിൽക്കുക, ധൃതിയിൽ വശങ്ങളിലേക്ക് തിരിയുക, ഫോട്ടോ എടുക്കാൻ വേണ്ടി പെട്ടെന്നു ഒരു വശത്തേയ്ക്ക് മാറുക എന്നതൊക്കെ മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാക്കുന്നതാണ്. ഇന്നത്തെ സ്മാർട്ട് ഫോണുകൾ ഓരോരുത്തരേയും പരിസരത്തു നിന്നും ഒറ്റപ്പെടുത്തുന്ന സ്ഥിതി വിശേഷത്തിലേക്ക് എത്തിചേർന്നിരിക്കുന്നു. സ്മാർട്ട് ഫോൺ ഉപയോഗിക്കുമ്പോൾ എവിടെയാണെന്നും, എങ്ങോട്ട് പോകുന്നു എന്നും, തൊട്ടടുത്ത് ആരാണെന്നുമെല്ലാം ബോധമുണ്ടായിരിക്കുന്നത് നന്ന്. പൊതു സ്ഥലത്ത് വച്ച്

ഫോൺ ചെയ്യുമ്പോൾ മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാക്കാത്ത വിധത്തിൽ പതുക്കെ സംസാരിക്കുക. വീട്ടിൽ നിന്നും പുറത്തിറങ്ങിയാൽ നമ്മൾ ഒരു പൊതുസ്ഥലത്താണെന്ന ഓർമ്മ വേണം. അത് മറ്റുള്ളവർക്കുകൂടി അവകാശപ്പെട്ടതാണെന്ന് ഓർത്തിരിക്കുക. ബസിലും ട്രെയിനിലും മറ്റും കയറുമ്പോൾ മറ്റുള്ളവരെ ഞെക്കി ഞെരുക്കി ഇടിച്ചു കയറുന്നതിനു പകരം കുറച്ചു ക്ഷമിച്ച് സ്വതന്ത്രമായി കയറുന്നതാണ് നല്ലത്.

## EYE CONTACT

ശരീരഭാഷയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് Eye Contact. പരിചയമുള്ള ഒരാളെ കണ്ടു മുട്ടി സംസാരിച്ചു തുടങ്ങുമ്പോൾ കണ്ണുകളിൽ നോക്കുക എന്നത് നമ്മൾക്ക് അയാളുടെ സംസാരത്തിൽ താല്പര്യമുണ്ടെന്നുള്ളതിന്റെ സൂചനയാണ് അത് ആ വ്യക്തിയിൽ സന്തോഷം ഉണ്ടാക്കുന്നു. അശ്രദ്ധമായി വേറെ എവിടേക്കെങ്കിലും നോക്കിക്കൊണ്ടിരുന്നാൽ കൂടുതൽ കേൾക്കാൻ താല്പര്യമില്ലെന്നർത്ഥം. തുറിച്ചു നോട്ടമാണെങ്കിൽ നീരസവും വെറുപ്പും ഉണ്ടാക്കുന്നു. രണ്ടു കണ്ണുകളിലേക്കോ ചുണ്ടിനും മൂക്കിനും ഇടയ്ക്കുള്ള ഭാഗത്തേക്കോ നോക്കുക എന്നതാണ് നല്ല Eye Contact കൊണ്ട് ഉദ്ദേശിക്കുന്നത്. അത് താടി, കഴുത്തു വരെയുമാകാം. ഓരോ അഞ്ചുസെക്കന്റ് കഴിയുമ്പോഴും Eye Contact മുറിഞ്ഞിരിക്കണം. ഇല്ലെങ്കിൽ തുറിച്ചു നോട്ടമാകും. അത് മറ്റുള്ളവരിൽ അസ്വസ്ഥതയും നീരസവും വെറുപ്പുമുണ്ടാക്കും.

## അംഗവിന്യാസം

ഒരു ചിത്രം ആയിരം വാക്കുകൾ പ്രതിഫലിപ്പിക്കുന്നു. അതുപോലെതന്നെയാണ് ആംഗ്യങ്ങളും. ഉപബോധ മനസ്സ് വികാര വിചാരങ്ങളെ ചലനങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും പുറത്തു കൊണ്ടുവരുന്നു. പൊതു സ്ഥലത്ത് സംസാരിക്കുമ്പോൾ തോൾ ഇടുക്കി കൈകൾ കൂട്ടി പിടിക്കുക എന്നത് അഭികാമ്യമല്ല. മറിച്ച് തോൾ വിടർത്തി കൈകൾ സ്വതന്ത്രമാക്കി സംസാരിക്കുമ്പോൾ പ്രാസംഗികന്റെ തുറന്ന മനസ്ഥിതിയേയും ആത്മവിശ്വാസത്തേയും കാണിക്കുന്നു. കുറേ നേരം നിന്നു സംസാരിക്കേണ്ടി വരുമ്പോൾ ശരീരഭാരം ഒരു കാലിൽ നിന്നും മറ്റേ കാലിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണെങ്കിൽ സുഖപ്രദമായിരിക്കും. ജോലിക്കും മറ്റും ഇന്റർവ്യൂവിനു പോകുമ്പോൾ വൃത്തിയായി വസ്ത്രധാരണം ചെയ്തിരിക്കണം. ടിഷർട്ടിട്ട് ആരും ഇന്റർവ്യൂവിന് പോകാറില്ല. അലക്കി തേച്ച പാന്റ്സ് , ഫുൾസ്ലീവ് ഷർട്ട്, ടൈ, പോളിഷ് ചെയ്ത ഷൂസ്, വൃത്തിയുള്ള സോക്സ് എന്നിവയൊക്കെയായിരിക്കണം പുരുഷ വേഷവിധാനങ്ങൾ. സ്ത്രീകൾ പാന്റ്സും ഷർട്ടുമോ സൽവാറും കമ്മീസുമോ, ശരീര ഭാഗങ്ങൾ വേണ്ടത്ര മറയ്ക്കും വിധം സാരിയും ബ്ലൗസുമോ ഒക്കെ ധരിക്കാം. ട്രാൻസ്പേരന്റല്ലാത്ത വസ്ത്രങ്ങളാണ് നല്ലത്. ഒരു വശത്തേയ്ക്കും ചെരിഞ്ഞിരിക്കാതെ നേരെ മുഖം ഉയർത്തി ഇരിക്കണം. വൃത്തിയായി എഴുതി തയ്യാറാക്കിയ യോഗ്യതാ - പരിചയ രേഖകൾ കയ്യിൽ കരുതണം. നേരത്തെ ജോലി ചെയ്ത സ്ഥാപനത്തെക്കുറിച്ച് ഒരിക്കലും മോശമായി പറയരുത്. അത് ഇന്റർവ്യൂ നടത്തുന്നയാൾക്ക് അപേക്ഷകന്റെ വിശ്വാസ്യതയെക്കുറിച്ച് സംശയം ഉണ്ടാക്കിയേക്കാം. ഇന്റർവ്യൂവിന് പോകുന്നതിനു മുമ്പ് മൊബൈൽ ഫോൺ ഓഫ് ചെയ്തു വയ്ക്കാൻ മറക്കരുത്. പുഞ്ചിരിയോടു കൂടി കാര്യങ്ങൾ നേരിടണം.

എന്തെങ്കിലും സംസാരിക്കാൻ തുടങ്ങുമ്പോൾ കണ്ഠശുദ്ധി വരുത്തുവാൻ ചിലർ ചുമയ്ക്കുന്ന പതിവുണ്ട്. മൈക്രോ ഫോണിൽ കൂടെയുള്ള ചുമയുടെ ആംപ്ലിഫൈ ചെയ്ത ശബ്ദം പ്രേക്ഷകർക്ക് അസഹ്യമായിരിക്കും. ചിലർക്ക് ഊണു കഴിഞ്ഞാൽ ഉച്ചത്തിൽ ഏമ്പക്കം വിട്ടാലേ സംതൃപ്തിയാകുകയുള്ളൂ. ഭക്ഷണം കഴിക്കുമ്പോൾ സംസാരം കഴിയുന്നതും ഒഴിവാക്കുക. സ്വന്തം വായിലെ ഭക്ഷണ ശകലങ്ങൾ മറ്റുള്ളവരിലേക്ക് തെറിച്ചു വീഴാനുള്ള സാധ്യതയുണ്ട്. ചിലർ തുമ്മുമ്പോൾ വികൃത ശബ്ദങ്ങൾ പുറപ്പെടുവിക്കും. ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചശേഷം മൂക്കു ചീറ്റി കാർക്കിച്ചു തുപ്പിയാലെ ചിലർക്കു സമാധാനമാകൂ. അല്പം ശ്രദ്ധിച്ചാൽ പൊതുസ്ഥലങ്ങളിൽ മറ്റുള്ളവർക്ക് നമ്മൾ മൂലമുണ്ടാകുന്ന അസ്വസ്ഥത ഒഴിവാക്കാൻ സാധിക്കും.

നമ്മൾ എന്തു പറയുന്നു, എപ്പോൾ പറയുന്നു, എങ്ങിനെ പറയുന്നു ആരോട് പറയുന്നു എന്നിവയിൽ കൂടിയെല്ലാം വ്യക്തിത്വം പ്രതിഫലിക്കുന്നു. 'ഞാൻ അങ്ങനെയാണ് ഇങ്ങനെയാണ്' എന്നുള്ള ആത്മപ്രശംസകൾ ഒഴിവാക്കുക. സംഭാഷണം ഇരുകൂട്ടർക്കും സന്തോഷപ്രദമായിരിക്കട്ടെ. മറ്റുള്ളവരുടെ വാക്കുകൾക്കു കൂടി സമയവും ശ്രദ്ധയും നൽകുക. സുഹൃത്തുക്കളോട് സംസാരിക്കുമ്പോൾ അവരുടെ പേരുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസാരിക്കുക. 'മഹേഷ് എപ്പോൾ വന്നു'? 'ഏതു സിനിമയാണ് കണ്ടത് ഗീതേ'? എന്നെല്ലാം പേരെടുത്ത് സംസാരിക്കുകയാണെങ്കിൽ ബന്ധങ്ങൾ കൂടുതൽ അടുപ്പമുള്ളതാകുന്നു. സ്വയം സംസാരിക്കുന്നതിനേക്കാൾ മറ്റുള്ളവരുടെ സംസാരം കേൾക്കാനാണ് കൂടുതൽ താല്പര്യമുണ്ടാകേണ്ടത്. സമകാലീന വിഷയങ്ങളെപ്പറ്റി അറിവുണ്ടാകുന്നത് സംസാരിക്കാനുള്ള നമ്മുടെ ഊഴം വരുമ്പോൾ ഉപകരിച്ചേക്കും. സംഭാഷണങ്ങൾ കൂടുതൽ സജീവമാക്കാൻ കൂട്ടുകാരോട്

ചില ചോദ്യങ്ങൾ ചോദിക്കുകയുമാവാം. കുറച്ചുപേർ ഒന്നിച്ചിരിക്കുമ്പോൾ രണ്ടു പേർ മാറി നിന്ന് ചെറിയ ഗ്രൂപ്പായി രഹസ്യ തമാശകൾ പറഞ്ഞു ചിരിക്കുന്നത് മറ്റുള്ളവരെ അപമാനിക്കലാണ്. കഴിയുന്നതും മറ്റുള്ള വരുടെ വണ്ണത്തെപ്പറ്റിയോ ശരീരകാന്തിയെപ്പറ്റിയോ ഉയരത്തെപ്പറ്റിയോ, രാഷ്ട്രീയത്തെപ്പറ്റിയോ ഉള്ള സംസാരം ഒഴിവാക്കുക. സ്ഥലത്തു സന്നിഹിതരല്ലാത്ത ആരെപറ്റിയും അപഹാസ്യമായി ഒന്നും പറയരുത്. അത് പറയുന്നയാളെ അപഹാസ്യനാക്കുന്നു. ഒരാളുടെ ശമ്പളത്തെ പറ്റിയോ വയസ്സിനെപ്പറ്റിയോ ഉള്ള ചോദ്യങ്ങൾ ഒഴിവാക്കുക.

ജോലിസ്ഥലത്ത് മാന്യമായ പെരുമാറ്റമാണ് നമ്മളുടെ താഴെ ജോലി ചെയ്യുന്നവർ പ്രതീക്ഷിക്കുന്നത്. ഓഫീസ് മര്യാദകൾ അവരെ കൂടി പറഞ്ഞു മനസ്സിലാക്കുക. ആരെങ്കിലും അഭിവാദ്യം ചെയ്യുമ്പോൾ തിരിച്ചും അഭിവാദ്യം ചെയ്യുക. ബുദ്ധിമുട്ടുള്ള ജോലികൾ ചെയ്യിക്കേണ്ടി വരുമ്പോൾ കരുണയോടെ പെരുമാറുക. അങ്ങിനെയുള്ള ജോലി ചെയ്തു തീർക്കുമ്പോൾ അഭിനന്ദിക്കാൻ മടിക്കരുത്. അഭിനന്ദിക്കൽ ഒരു ശീലമാക്കുക. തിരിച്ച് പ്രതികരിക്കാൻ കഴിയാത്തവരോട് പൊട്ടിത്തെറിക്കും വിധം സംസാരിക്കാതിരിക്കുക. എല്ലാ നിർദ്ദേശങ്ങളും സഭ്യമായ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കുക. കീഴിലുള്ള ജോലിക്കാരുടെ കുടുംബവിശേഷങ്ങൾ ചോദിച്ചു മനസ്സിലാക്കുക. കഴിയുമെങ്കിൽ അവരുടെ കുടുംബത്തിലുള്ളവരുടെ ജന്മദിനങ്ങളിൽ ആശംസകളോ സമ്മാനങ്ങളോ നൽകുക. മറ്റുള്ളവർ എങ്ങനെ നമ്മളോട് പെരുമാറണം അതുപോലെ മറ്റുള്ളവരോടും നമ്മൾ പെരുമാറുക. എല്ലാവരേയും വിശ്വസിക്കുക. എന്നാൽ കണ്ണുമടച്ച് അവർ പറയുന്നതൊക്കെ ശരിയാകും എന്നു വിശ്വസിക്കാതിരിക്കുക.

ടെലഫോണിൽ സംസാരിക്കുമ്പോൾ ആദ്യം സ്വയം പരിചയപ്പെടുത്തണം. മറ്റുള്ളവർ സംസാരിക്കുമ്പോൾ ഇടക്കു കയറി പറയാതെ പറയുന്നതു മുഴുവൻ കേൾക്കാൻ ക്ഷമിക്കുക. അടുത്താരെങ്കിലും ഉണ്ടെങ്കിൽ നമ്മുടെ സംഭാഷണം അവർക്ക് ഉപദ്രവകരമാകരുത് . ഒരു പ്രസംഗഹാളിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് മൊബൈൽ ഫോൺ ഓഫ് ചെയ്യാൻ മറക്കരുത്. ഡ്രൈവ് ചെയ്യുമ്പോളുള്ള ഫോൺ സംഭാഷണം നമ്മുടെ ജീവനോടൊപ്പം മറ്റുള്ളവരുടെ ജീവനും അപകടത്തിലാക്കുന്നു. പൊതുസ്ഥലത്ത് വച്ച് ഫോൺ ചെയ്യുമ്പോൾ വലിയ വലിയ ആംഗ്യങ്ങൾ ഒഴിവാക്കുക.

മര്യാദകളും ഉപചാരങ്ങളും വീട്ടിൽ നിന്നു തന്നെ തുടങ്ങണം. കുട്ടികളെ നമസ്തേ, ദയവായി, വളരെ നന്ദി എന്നീ വാക്കുകൾ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുവാൻ പരിശീലിപ്പിക്കണം. നന്നായി പെരുമാറുന്ന കുട്ടികൾ അപൂർവ്വമായി മാത്രമേ ശ്രദ്ധിക്കപ്പെടാറുള്ളൂ. എന്നാൽ കുറമ്പന്മാർ എളുപ്പം ശ്രദ്ധിക്കപ്പെടും. പല കുട്ടികളും മുതിർന്നവരെ അനുകരിക്കുന്നവരായിരിക്കും. അതുകൊണ്ട് ഒരു മാതൃകയായിരിക്കുക.

വിശേഷാവസരങ്ങളിൽ ആർക്കെങ്കിലും എന്തെങ്കിലും സമ്മാനം നൽകുന്നു എങ്കിൽ ആ സമ്മാനം അവർക്ക് ഉപകരിക്കുന്നതാവട്ടെ. അത് രണ്ടു കൂട്ടർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നവയാകട്ടെ.

രണ്ടു പേർ തമ്മിൽ വഴക്കിടുന്ന സമയത്ത് ചെന്നുപെട്ടാൽ കഴിയുന്നതും അവരെ സമാധാനപ്പെടുത്താൻ ശ്രമിക്കണം. എരിതീയിൽ എണ്ണയൊഴിക്കുന്ന പോലെ പക്ഷപാതപരമായി പെരുമാറാതിരിക്കണം. എലിവേറ്റർ ഉപയോഗിക്കുമ്പോൾ മുൻപിലുള്ളവർ ഇറങ്ങി പോയതിനുശേഷം പുറത്തു കടക്കാൻ ശ്രമിക്കുക. ഇടിച്ച് ഇറങ്ങുന്നത് ശരിയല്ല. ഓരോരുത്തരും വ്യക്തി ജീവിതത്തിൽ അനുവർത്തിച്ചു വരുന്ന നല്ല ശീലങ്ങളാണ് പൊതുജീവിതത്തിലും അനുവർത്തിക്കുക, അതു തന്നെയാണ് അയാളെ സ്വീകാര്യനാക്കുന്നതും. ഒരു നല്ല സാമൂഹ്യജീവിയാകാൻ ചില മര്യാദകളും അച്ചടക്കങ്ങളും പാലിക്കേണ്ടതുണ്ട്.

ഐസ്ക്രീം ഒരു വിധം കഴിച്ചു തീർത്ത് അനിത പോകുന്നതിനു മുമ്പ് തന്നെ ആദ്യത്തെ സീറ്റിൽ നിന്നും എഴുന്നേൽപ്പിച്ചു വിട്ട ആ മാന്യദ്ദേഹത്തെ വിളിച്ചു കൊണ്ടു പോയി ഒരു മൂലയിൽ വച്ച് താഴ്ന്ന സ്വരത്തിൽ സംസാരിച്ചു. 'ക്ഷമിക്കണം അങ്കിൾ, റിസർവ്വു ചെയ്ത സീറ്റാണെന്ന് അറിയാതെയാണ് ഞാനും മോളും അവിടെ ഇരുന്നത്. ഞാൻ സീറ്റ് ഒഴിഞ്ഞു തരികയും ചെയ്തു. അങ്കിളിന് എന്റെ അച്ഛന്റെ പ്രായമുണ്ട്. പക്ഷേ മറ്റുള്ളവരോട് എന്തെങ്കിലും പറയുവാൻ അവരുടെ ദേഹത്ത് സ്പർശിക്കണമെന്നില്ല. ഒരു മുതിർന്നയാളോട് ഈ മര്യാദ പറഞ്ഞു തരേണ്ടി വന്നതിൽ ഖേദമുണ്ട്. അങ്കിൾ വേറെ ആരോടാണെങ്കിലും ഇങ്ങനെ ചെയ്താൽ അവർ പ്രതികരിക്കുന്ന വിധം വ്യത്യസ്തമായിരിക്കും. അത് അങ്കിളിനെ ചൊടിപ്പിച്ചേക്കാം. ഒരു വഴക്കിന് വഴി തെളിയിച്ചേക്കാം. അതുകൊണ്ട് അങ്കിൾ പൊതുസ്ഥലത്ത് പാലിക്കേണ്ട ഒരു മര്യാദ പറഞ്ഞു തന്നു എന്നു മാത്രം. ബൈ ബൈ അങ്കിൾ' പുഞ്ചിരിച്ച് യാത്ര പറഞ്ഞുകൊണ്ട് അനിതയും അനുമോളും വീട്ടിലേക്ക് തിരിച്ചു.

# നീലക്കുറിഞ്ഞിയുടെ നിശ്ശബ്ദനിലവിളി

**ജി.മാധവൻ നായർ**

## പൂർവ്വാഖ്യാനം

ഒരു പക്ഷെ ഭൂമിയുടെ ആവിർഭാവം മുതൽ ഈ സസ്യം ഇവിടെ ഉണ്ടായിരുന്നിരിക്കാം. കൃഷിഭൂമിക്ക് ഉപയുക്തമായ സ്ഥലം മനുഷ്യൻ വെട്ടി തെളിച്ചപ്പോഴും അവർ ഈ സസ്യ മനോഹാരിതയിൽ കൈവച്ചില്ല. ആ പഴയ സമൂഹത്തിന്റെ നന്മയാണത്. എവിടെയെങ്കിലും താത്ക്കാലിക നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ കൂടി അതൊന്നും കാര്യമാക്കാതെ, അത് വീണ്ടും മുളച്ച് തളിർത്ത് , തഴച്ചു വളർന്ന് വലുതായി വന്നു. ആക്കാലത്ത് പൊതുവെ പക്ഷി, മൃഗ, വൃക്ഷ ലതാദികളെ സംരക്ഷിക്കുന്നതിൽ മാനവികതയുടെ മാന്യതയുണ്ടായിരുന്നു.

ഭൂവിഭാഗങ്ങൾ തേടി വന്നപ്പോഴാണ് പാശ്ചാത്യരുടെ കണ്ണുകൾ ഈ പർവ്വതനിരകളിലേക്ക് തിരിഞ്ഞത്. തങ്ങളുടെ നാട്ടിലെ കാലാവസ്ഥയോടു താദാത്മ്യം പ്രാപിക്കുന്ന ശാലീനഭൂപ്രദേശത്തിൽ അവരാകൃഷ്ടരായി. കന്യാവനങ്ങളായി കിടക്കുന്ന അസംഖ്യം അംബരചുംബികളായ മലയോരങ്ങൾ കൃഷിസ്ഥലങ്ങളാക്കാൻ അവരുടെ മനസ്സ് വെമ്പി. തുടർന്നാദ്യമായി ആവിർഭവിച്ചത് തേയിലതോട്ടങ്ങളും കാപ്പിത്തോട്ടങ്ങളുമായിരുന്നു. അതോടുകൂടി പല തരത്തിലുള്ള കൃഷിയിടങ്ങൾ പൊന്തി വന്നു.

മീനച്ചിലാറിന്റേയും, പെരിയാറിന്റേയും, പമ്പാനദിയുടെയും മറ്റും തീരങ്ങളിൽ ചുരുങ്ങിയ ജീവിത സൗകര്യങ്ങളുമായി കഴിഞ്ഞു കൂടിയ പരമ ദരിദ്രരാണ് ആ വനഭൂമികളിലാദ്യം കാല് കുത്തിയത്. പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടിയിരുന്ന ആ പാവപ്പെട്ടവർ അതിജീവനത്തിനുവേണ്ടി മാത്രമായിരുന്നു മേടുകളും കാടുകളുമായിരുന്ന ആ ശാദ്വല പ്രദേശത്തേക്ക് പുറപ്പെട്ടത്. ആദ്യകാലങ്ങളിൽ പ്രകൃതിയോടും, കാട്ടു മൃഗങ്ങളോടും മല്ലിട്ടാണവർ പൊറുതി തുടങ്ങിയത്. ക്രമേണ ജീവനോപാധിയായി കൃഷി മാർഗ്ഗങ്ങൾ സ്വീകരിച്ചു. നിലനില്പിനു വേണ്ടുന്ന ആവശ്യങ്ങൾ ക്രമപ്രവൃദ്ധിതമായി വർദ്ധിച്ചു. അതോടെ സൗകര്യങ്ങൾ ഒരുക്കുവാൻ , അതിരില്ലാതെ മനുഷ്യന്റെ കുഞ്ഞ് മനസ്സ് ഉണർന്ന് പ്രവർത്തിച്ചു. പ്രകൃതി നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഭൂമിയുടെ പ്രതലങ്ങളിൽ പീഠനങ്ങൾ നടമാടി. വർഷങ്ങളായി നമ്മുടെ ഈ മണ്ണിൽ വളർന്നുവന്നിരുന്ന പല വൃക്ഷങ്ങൾക്കും, ചെടികൾക്കും പതനം സംഭവിച്ചു.

## ചരിത്രപരമായ ചില വസ്തുതകൾ

'നീലക്കുറിഞ്ഞി' എന്നു വിളിക്കുന്ന ഈ ചെടിയുടെ ശാസ്ത്രീയ നാമം സ്ട്രോ സൈലാന്തസ് കുന്തിയാനസ് എന്നാണ്. പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലിയിലൂടെ ഒഴുകുന്ന കുന്തിപ്പുഴയുടെ പുളിനങ്ങളിലാണ് ആദ്യം ഇതിനെ കണ്ടത്. അതുകൊണ്ടാണ് സ്പീഷീസ് പേരിന്റെ കൂടെ കുന്തിയാനസ് എന്നു കൂടി ചേർത്തത്. നീലഗിരി എന്ന തമിഴ്നാട്ടിലെ ആ പ്രദേശം മുഴുവൻ നീലനിറമാകുന്നതിനാലാണ് അങ്ങിനെ ഒരു പേര് വീണത്. മറ്റു ചെടികളൊന്നും സാധാരണ സാഹചര്യത്തിൽ വളരാത്ത അവസ്ഥയിൽ ഈ കുറ്റിച്ചെടി കൂട്ടം കൂട്ടമായി വളരും. നല്ല വണ്ണത്തിൽ ധാരാളം ശിഖരങ്ങളും , ഉപശിഖരങ്ങളുമായി അവിടം മുഴുവൻ നിറയുന്നു. അല്പം ഉയരത്തിൽ പോയി ഇളം ചുവപ്പും നീലയും ഇട കലർന്ന പൂക്കളോടു കൂടിയ നാരുകളില്ലാത്തതുമായ ഒരു സസ്യാത്ഭുതമാണിത്. പൂത്തുകഴിഞ്ഞാൽ പിന്നെ പൂക്കളല്ലാതെ ചെടികളുടെ മറ്റു ഭാഗങ്ങൾ കാണാൻ പ്രയാസമാണ്.

## ജീവിത ചക്രം

ചെടികൾ ജീവിച്ചിരിക്കുന്ന കാലഘട്ടവും പിന്നീട് പ്രത്യുൽപ്പാദന രീതിയും കൊണ്ട് സവിശേഷത അർഹിക്കുന്ന ഒരു കൊച്ചു ചെടിയാണ് നീലക്കുറിഞ്ഞി. ചുരുങ്ങിയ ഒരു കാലയളവിൽ വിത്തുകൾ മണ്ണിലുറങ്ങി, സ്വച്ഛതയോടെ കിടന്നിട്ട് പിന്നീട് പൊട്ടിമുളക്കുന്ന പ്രതിഭാസം ഇതിനല്ലാതെ മറ്റൊന്നിനുണ്ടോയെന്നു സംശയമാണ്. പന്ത്രണ്ടു സംവത്സരം അതായത് ഒരു വ്യാഴവട്ടക്കാലം. ചെടികൾ വളർന്ന് പിന്നീട് പുഷ്പിച്ച് വീണ്ടും വിത്തുകൾ മുളച്ച് ജീവന്റെ നാമ്പൊരുക്കുന്ന ഒരേ ഒരു സസ്യം.

## അതിജീവനത്തിന്റെ രഹസ്യം

യാന്ത്രികമെന്നു തോന്നിക്കുമാറ് ഒരു പ്രത്യേക

പ്രക്രിയയിലൂടെയുള്ള പ്രവർത്തനഫലമാണീ ചെടികൾ അതിജീവിക്കുന്നത്. പുഷ്പങ്ങളും വിത്തുകളും നശിപ്പിക്കുന്ന കീടങ്ങളിൽ നിന്നും അതു പോലെ മറ്റു മൃഗങ്ങളിൽ നിന്നും രക്ഷപ്രാപിക്കുവാൻ പ്രകൃതി ഒരുക്കിയ ഗംഭീര സംവിധാനം. ഭൂപ്രതലത്തിൽ പൂക്കളെ സംബന്ധിച്ചിടത്തോളം അതിദീർഘമായ ഒരു കുംഭകർണ്ണസേവ നടത്തി. പിന്നീടുണർന്നു വരുന്ന അതിശയകരമായ ഒരു പുനർജനി. കായ്കളും, കുരുക്കളും, വിത്തുകളുമെല്ലാം ചേർന്ന് മാസ്റ്റിങ്ങ് എന്ന ബ്രഹത്തായ വിത്തു വിതയ്ക്കൽ പ്രതിഭാസം, അല്ലെങ്കിൽ അവിശ്വസനീയമായ അത്ഭുതക്കാഴ്ചയാണിവിടെ നടക്കുന്നത്. ചെടികൾ വളർന്നു പുഷ്പിച്ച്, നിറയെ പുഷ്പങ്ങളായിക്കഴിഞ്ഞാൽ കാലാവധി തീരുന്നതോടെ പട്ടു പോകുന്നു. പക്ഷേ, വിത്ത് ആപ്രദേശമാകെ വിതറിക്കിടക്കുകയാണ്. അവിടെ നിന്നാണ് കാലതാമസമില്ലാതെ മുളപൊട്ടുന്നത്.

## പുഷ്പങ്ങൾ വിരിയുന്നതിന്റെ കഥ

നീലഗിരിയിലും പരിസരങ്ങളിലും വളരുന്ന കുറിഞ്ഞി പുഷ്പിച്ച് പൂത്തുലയുന്നതിന്റെ സ്ഥിതി വിവരക്കണക്കുകൾ, രേഖയായിതന്നെ സൂക്ഷിച്ചിട്ടുണ്ട്. അതിലേക്ക് ഒന്നു കണ്ണോടിക്കാം. 1838, 1850, 1862, 1874, 1886, 1898, 1910, 1922, 1934, 1946, 1958, 1970, 1982, 1994, 2006 കൃത്യമായി ഈ കാലയളവുകളിൽ കുറിഞ്ഞി പൂത്തു, മൂന്നാറിനെ സബന്ധിച്ചിടത്തോളം ഇതു വരെ അത് യാഥാർത്ഥ്യം തന്നെയായിരുന്നു. ഇനി പൂക്കേണ്ടത് 2018 ലാണ്. അതായത് ഈ വർഷം അത് തുടങ്ങിക്കഴിഞ്ഞിരിക്കുന്നതായി വാർത്തകളുണ്ട്.

## തമിഴ്നാട്ടിലെ വിശ്വാസപ്രമാണം

കുറിഞ്ഞി ആണ്ടവൻ ക്ഷേത്രം കൊടൈക്കനാലിലാണ്. ഹിന്ദു ദൈവം കാർത്തികേയ സ്വാമിക്ക് സമർപ്പിച്ചിട്ടുള്ള ദേവാലയത്തിൽ ധാരാളം ഭക്തജനങ്ങൾ ദർശനത്തിനായി വരാറുണ്ട്. ഈ ക്ഷേത്രമാണ് കുറിഞ്ഞി ആണ്ടവർ എന്ന പേരിലറിയപ്പെടുന്നത്.

## ഗ്രന്ഥങ്ങളിലെ പരാമർശം

ചുവന്ന മണ്ണും പെയ്ത മഴയും (Red Earth and Pourinig rain) എന്ന തമിഴ് കവിതാശകലത്തിൽ, പരോക്ഷമായി കുറിഞ്ഞിപ്പൂക്കളെ പറ്റി പ്രതിപാദിക്കുന്നുണ്ട്.

ക്ലെയർ ഫ്ളിൻ (Clare Fyln) – കുറിഞ്ഞിപ്പൂക്കൾ എന്ന ചരിത്രപരമായ എഴുതിയ ആഖ്യായികയിൽ, പശ്ചാത്തലമായി ആ പ്രദേശത്തെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു ദു:ഖ പര്യവസായിയായ ഈ പ്രേമകഥ, ഇൻഡ്യാരാജ്യത്ത് 1940 ൽ നടന്ന രീതിയിലാണ് രചന.

## മൂന്നാറും, കുറിഞ്ഞിയും

2006 ഒക്ടോബർ ഏഴിന് ഒരു വാരം മുഴുവൻ നീണ്ട കുറിഞ്ഞി മഹോത്സവ ഉത്ഘാടന ചടങ്ങിൽ വച്ച് , മൂന്നാർ പ്രദേശത്ത് മുഴുവനായിട്ടും ചെടിക്കൊരഭയസ്ഥാനം അല്ലെങ്കിൽ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു. ആ സ്ഥലത്തെ ജീവജാലങ്ങളുടെ നിലനില്പിനും അതുപോലെ തന്നെ വൈവിദ്ധ്യമാർന്ന പ്രകൃതിക്കാഴ്ചയും കണക്കിലെടുത്ത് സർക്കാർ തന്നെയാണ് ഇതിനായി മുന്നോട്ടു വന്നത്.

കൂടാതെ നയനാനന്ദകരമായ പൂക്കളുടെ സൗകുമാര്യം കാണുവാൻ എത്തുന്ന വിനോദ സഞ്ചാരികളുടെ ഔത്സുക്യവും എണ്ണവും വിവരിക്കുവാൻ സാദ്ധ്യമല്ലായിരുന്നു.മൂന്നാർ ലോക ടൂറിസം ഭൂപടത്തിൽ സ്ഥലം പിടിക്കുന്നതിനുള്ള പ്രധാന കാരണം കുറിഞ്ഞി തന്നെ. ഉദ്ദേശം 10 ലക്ഷത്തോളം സഞ്ചാരികൾ പ്രത്യേക സീസണിൽ ഇവിടെ വരാറുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ പ്രദേശങ്ങളിലെ ചെടിക്കൂട്ടങ്ങളുടെ പ്രത്യേകമായിട്ടുള്ള സാമീപ്യം ഒന്നുകൊണ്ട് മാത്രമാണ് ഈ മലയോര മേഖലയിലെ, സസ്യലതാദികളുടെയെല്ലാം മുൻപനായി, നീല പൂക്കളോടെ ഇവ തലയുയർത്തി പിടിച്ചു നിൽക്കുന്നത്

## പശ്ചിമഘട്ടവും കുറിഞ്ഞിയും

വനങ്ങളിലെ, വലിയ വൃക്ഷങ്ങളും, ചെടികളും വളരാത്ത ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ കുറിഞ്ഞി കാണപ്പെടുന്നു. തെക്കേ ഇൻഡ്യയിലെ നീലഗിരിയാണ് പ്രധാന പ്രദേശം. സാധാരണ 1300 മുതൽ 1800 മീറ്റർ വരെ ഉയരമുള്ള ഭൂപ്രദേശങ്ങളിലാണിവ വളരുന്നത്. ചെടി വളർന്നു വരുമ്പോൾ ഉദ്ദേശം 30, 60 സെ.മീ വരെ പൊക്കത്തിലെത്തും. നല്ല കാലാവസ്ഥയുടെ പ്രഭാവത്തിൽ 180 സെ.മി. വരെ ഉയർന്നു കാണാറുണ്ട്. പൂക്കൾ വിരിയുന്ന സമയത്ത് നീലഗിരിയും, പഴനിയുമെല്ലാം പരവതാനി വിരിച്ച ഒരു കുന്നിൻ കൂട്ടങ്ങളായി കാണാം. സേലത്തിനടുത്തുള്ള ഷെവറോയ് (സെർവരയൻ മലകൾ) എന്ന പൂർവ്വ ഘട്ടത്തിലെ പ്രദേശത്തും, ഇടുക്കിയിലെ ആനമലയിലും പാലക്കാട്ടെ അഗളി മലകളിലും, ബെല്ലാരിയിലെ സെൻഡർ(കർണ്ണാടക) മലകളിലുമെല്ലാം കുറുഞ്ഞി വലിയ തോതിൽ അല്ലെങ്കിൽ കൂടി പ്രത്യക്ഷപെടാറുണ്ട്. ഉദകമണ്ഡലത്തിലെ ഒരു ദേശീയ പാതയുടെ അരികിൽ 2016 ൽ ധാരാളമായി കുറുഞ്ഞിപ്പൂക്കൾ പൂത്തിരുന്നതായി റിപ്പോർട്ടുണ്ട്. കേരളത്തിലെ മൂന്നാർ ഭാഗത്തെ സുരക്ഷിത സ്ഥലം ഉദ്ദേശം 32 സ്ക്വയർ കി.മീ വിസ്തീർണ്ണത്തിലാണ് കിടപ്പ്. ഇടുക്കിയിലെ കൊട്ടക്കാമ്പൂരിലേയും, വട്ടവട ഗ്രാമത്തിലേയും പ്രദേശങ്ങളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്.

## ചെടികൾ സ്വയം പ്രായം നിർണ്ണയിക്കുമോ?

ചെടികൾക്ക് സ്വയം പ്രായത്തിന്റേതായ വർഷങ്ങൾ ഗണിക്കുവാൻ കഴിയുന്ന ഒരു സംവിധാനമുണ്ടെന്ന് പരക്കെ വിശ്വസിക്കുന്നു. സസ്യത്തിനുള്ളിൽ ഒരു കലണ്ടർ പ്രവർത്തിക്കുന്നതായും ദിവസങ്ങളുടെ നീളവും വ്യാപ്തിയും അളക്കുവാൻ സാദ്ധ്യമാകുമെന്നാണ് പ്രമാണം. പൂക്കാലം തുടങ്ങുന്നതിന് മുമ്പ് തന്നെ എന്തെങ്കിലും ദിവസങ്ങളുടെ വരവുപോക്കിനു വ്യത്യാസമുണ്ടെങ്കിൽ അത് ചെടി സ്വയം നിർണ്ണയം നടത്തി വയ്ക്കുമത്രെ. പ്രകൃതിയിൽ വലുതായിട്ട് കാലാവസ്ഥ വ്യതിയാനം ഉണ്ടായാൽ ഈ കലണ്ടറിനു മാറ്റം വരാം. അതു പോലെ മനുഷ്യരുടെ ഇടപെടൽ, വർഗ്ഗശത്രുക്കളുടെ കടന്നാക്രമണം ഇവയെല്ലാം കാലയളവിന് ഏറ്റക്കുറച്ചിൽ ഉണ്ടാക്കും. പ്രകൃതി നിശ്ചയിച്ചു വച്ചിട്ടുള്ള കാലാവസ്ഥ കൃത്യമായി വരുന്നില്ലെങ്കിൽ പൂക്കാലത്തിന്റെ തുടക്കവും മാറാം. ഇടുക്കി പ്രദേശത്തെ മനുഷ്യർ മനപൂർവ്വം ഉണ്ടാക്കുന്നതോ, അല്ലാത്തതോ ആയ കാട്ടു തീയിൽ പലപ്പോഴും ഈ കുഞ്ഞു ചെടികൾ പെട്ടു പോകുന്നു.

## കുറിഞ്ഞിച്ചെടി

ചില ശാസ്ത്രീയ നിഗമനങ്ങൾ അടിസ്ഥാനമാക്കി ഇലകൾ വിഷമയം കലർന്നതും മനുഷ്യൻ ഭക്ഷിച്ചാൽ വിഷബാധ ഉണ്ടാകാനുള്ള സാദ്ധ്യതയുള്ളതായും പറയപ്പെടുന്നു. പക്ഷേ ആ പ്രദേശത്ത് ജീവിച്ചുവരുന്ന ആദിവാസി ഗോത്ര വർഗ്ഗക്കാർക്ക് അതൊരമൂല്യ ഔഷധമാണ്. ശരീരത്തിൽ ഉണ്ടാകുന്ന നീരുകൾക്കും, ഉയർന്ന ഊഷ്മാവിനോടനുബന്ധിച്ചുണ്ടാകുന്ന അസുഖങ്ങൾക്കും മരുന്നായി അവർ ഇത് ഉപയോഗിക്കുന്നുണ്ട്.

നവീനകാലത്തെ ചികിത്സ രംഗത്തുള്ള നൂതന സമ്പ്രദായങ്ങൾ പരീക്ഷിച്ചിട്ടുള്ള വിദ്യാസമ്പന്ന രായ പലരും, കുറിഞ്ഞിയുടെ ഔ,ഷധഗുണം പരിശോധിച്ച് പല രോഗങ്ങൾക്കും പ്രതിവിധിയായി നിർദ്ദേശിച്ചിട്ടുണ്ട്. ഒരു പക്ഷേ, ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്തർ ഇത് അംഗീകരിച്ചേക്കില്ല.

## ഉത്തരാഖ്യാനം

നീലഗിരി എന്ന പേര് ആ കുന്നിൻ കൂട്ടങ്ങൾക്ക് വന്നത് നീലക്കുറിഞ്ഞിയിൽ നിന്നാണ് എന്നത് ഇതിനകം അറിഞ്ഞല്ലോ (English Blue Mountain) ഒരു പ്രത്യേക പ്രദേശത്തുണ്ടാകുന്ന ചെടികൾ, 12 വർഷത്തിലൊരിക്കൽ മാത്രമേ പുഷ്പിക്കുകയുള്ളൂ . ജനിച്ചു കഴിഞ്ഞാൽ ഒരു ചെറിയ കാലയളവിനുള്ളിൽ നശിക്കും. പക്ഷേ, വിത്തുകൾ അവിടെത്തന്നെയുണ്ടാകും. ചെടികൾക്ക് നാശം സംഭവിക്കുന്നത് പല സമയത്താണ്. എങ്കിലും അതനുസരിച്ച് ഒരു വ്യാഴവട്ടക്കാലം പൂർത്തിയാക്കിയ മുറക്ക് പുഷ്പ വൃഷ്ടി കഴിഞ്ഞ് പുനർജനനം സംഭവിക്കുന്നു.

46 തരം കുറിഞ്ഞിച്ചെടികൾ ഉള്ളതിൽ ഏറ്റവും കൂടുതൽ തിങ്ങി വളരുന്ന ഇനം മൂന്നാറിലേതാണ്. എന്നാൽ ഇപ്പോഴത്തെ പ്രളയവും, അതിവൃഷ്ടിയും കാരണം ഈ പ്രദേശം ഒറ്റപ്പെട്ടു പോയിരിക്കുകയാണ്. വിനോദ സഞ്ചാരികൾക്കുള്ള നിരോധനം തുടരുന്നു. രാജമല അടച്ചിട്ടിരിക്കുകയാണ്. മാവൂർ, വട്ടമല, ഇരവികുളം ദേശീയോദ്യാനം എന്നിവിടങ്ങളിൽ സമൃദ്ധമായി പൂത്തുകഴിഞ്ഞ നീലക്കുറുഞ്ഞി കനത്ത മഴയാൽ ആകെ അഴുകി പോയി. എങ്കിലും വെയിൽ പരക്കുന്നതോടെ കൂടുതൽ പ്രദേശങ്ങൾ പൂത്തുലയുമെന്നു അഭിജ്ഞകേന്ദ്രങ്ങൾ അറിയിക്കുന്നു. ഈ സ്ഥലത്തെ, കുന്തിപ്പുഴയുടെ പണ്ടുണ്ടായിരുന്ന സാനുക്കളിലെ, ചെടികൾ വളർന്നിരുന്ന സ്ഥലങ്ങൾ മുഴുവനായും ഇപ്പോഴുമുണ്ടോ? മനുഷ്യവാസത്തിനു വേണ്ടിയുള്ള അവന്റെ ഇരച്ചുകയറ്റം മൂലം കുറച്ചധികം ഭൂപ്രതലം നഷ്ടപ്പെട്ടിട്ടില്ലേ? പാവപ്പെട്ട കാട്ടുകോഴിയും, കുഞ്ഞു സസ്തന ജീവികളും, അതിന്റെ അതിജീവനത്തിനു വേണ്ടി ഈ ചെടിയെ അല്പം ആശ്രയിച്ചേക്കാം. ചെറുതോതിൽ നഷ്ടവും വരുത്തിയേക്കാം. പക്ഷേ അവരാരും അതിനെ ഉന്മൂലനാശം ചെയ്യാൻ മുതിരില്ല.

വൈപ്പിൻ തീരത്ത് പാവങ്ങളുടെ കുറിഞ്ഞി. കടൽക്കുറിഞ്ഞികളുടെ വയലറ്റ് വസന്തം. മൂന്നാറിലെ നീലക്കുറിഞ്ഞികളെ അനുസ്മരിക്കുന്നു . തീരദേശപാത വഴി പോകുന്നവർക്ക് ഇതു കണ്ട് ആസ്വദിക്കാം.

## ആദരാഞ്ജലികൾ



**സി രാമചന്ദ്രമേനോൻ**

(മുൻ എറണാകുളം കരയോഗം പ്രസിഡന്റ്)

എസ് വി ബാങ്കേഴ്സ് ഹൗസ്, ചിറ്റൂർ റോഡ്, കൊച്ചി - 35

# സൂര്യൻ അസ്തമിക്കാത്ത രാവുകളുടെ നാട്

പി.ജയരാമൻ . ഫോൺ : 9847102015

## സമ്പദ് വ്യവസ്ഥ

മീൻപിടിത്തം, തടി, കപ്പൽ നിർമ്മാണം, എന്നിവ നോർവെയിലെ പ്രധാന വ്യവസായങ്ങളാണ്. 1968 ൽ എണ്ണ ഉൽപ്പാദനം ആരംഭിച്ച ശേഷം, പെട്രോളിയം ഉൽപ്പന്നങ്ങൾ ഒരു വലിയ കയറ്റുമതി ഇനമാണ്. കയറ്റുമതി പ്രധാനമായും ബ്രിട്ടൺ, ജർമ്മനി, നെതർലാന്റ്, ഫ്രാൻസ്, സ്വീഡൻ, എന്നീ രാജ്യങ്ങളിലേക്കാണ്. എണ്ണയിൽ നിന്ന് കിട്ടുന്ന പണം ധൂർത്തടിക്കാതെ കഴിയുന്നത്ര മിച്ചം പിടിക്കുന്നു. നോർവെയുടെ പുറത്തുള്ള Sovereign fund ൽ 500 ബില്യൻ ഡോളറിന്റെ മിച്ചമുണ്ട്. എണ്ണയുടെ ഉൽപ്പാദനം തുടങ്ങിയ ശേഷം നോർവെ ലോകത്തിലെ ഏറ്റവും ധനികരായ രാജ്യങ്ങളിലൊന്നായി മാറിയിട്ടുണ്ട്. 2016 ൽ അവരുടെ ആളോഹരി GDP $ 70, 812 ആയിരുന്നു ആ വർഷത്തെ അമേരിക്കയുടെ ആളോഹരി GDP $ 57,467 മാത്രം.രാജ്യത്തിലെ വൈദ്യുതി ഉത്പാദനം കേരളത്തിലേതുപോലെ മിക്കവാറും ജലസ്രോതസ്സുകളിൽ നിന്നാണ്.

## സാഹിത്യം

നോർവെക്കാർ ധാരാളം വായിക്കുന്നവരാണ്. രണ്ടു നോർവെക്കാർ ശരാശരി മൂന്നു ദിനപ്പത്രങ്ങൾ വായിക്കുന്നു. തോർ റഹയർ ഡാലിന്റെ കൊൺടികി പര്യടനം (The kontiki Expedition) എന്ന 1948 ൽ പ്രസിദ്ധീകരിച്ച പുസ്തകം ഇപ്പോഴും ധാരാളം വിൽക്കപ്പെടുന്നു. ആ പുസ്തകം 70 ലേറെ ഭാഷകളിലേക്കു മൊഴി മാറ്റം നടത്തിയിട്ടുണ്ട്. ജസ്റ്റിൻ ഗാർഡറുടെ സോഫിയുടെ ലോകം 1996 ലെ ലോകത്തിലെ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ പുസ്തകമായിരുന്നു. നോർവെയുടെ പ്രസിദ്ധ നാടകകൃത്ത്, ഹെന്റിക് ഇബ്സൻ ലോകത്തിലെ ഏറ്റവും പേരുകേട്ട നാടകകൃത്തുക്കളിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ പല നാടകങ്ങളും മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രമുഖ കൃതികൾ Peer Gynt, A Dolls House, Ghosts, Hedda Gabber, Wild Duck An Enemy of the People എന്നിവയാണ്.

## കളികൾ

2018 ൽ ദക്ഷിണ കൊറിയയിലെ പിയോങ് പാങ്ങിൽ (Pyeoug Chang) നടന്ന ശീതകാല ഒളിമ്പിക്സിൽ (Winter Olympics) നോർവെ മൊത്തം 39 മെഡലുകൾ നേടി ചരിത്രം സൃഷ്ടിച്ചു. അതിനു മൻപ് 2010 ലെ കനഡയിൽ നടന്ന ഒളിമ്പിക്സിലെ അമേരിക്ക നേടിയ 37 മെഡലുകളായിരുന്നു റെക്കോർഡ്. നോർവെ 1952 ൽ ഓസ്ലോവിലും, 1994 ൽ ഹായറിലും, ശീതകാല ഒളിംമ്പിക്സിന് ആതിഥേയരായിട്ടുണ്ട്. 2018 ൽ 14 സ്വർണ്ണ മെഡലുകൾ നേടി ഏറ്റവും കൂടുതൽ സ്വർണ്ണ മെഡലുകൾ നേടിയ മൂന്ന് രാജ്യങ്ങളിൽ (ജർമനിയും, കനഡയുമാണ് മറ്റ് രണ്ട് രാജ്യങ്ങൾ) ഒന്നായി മാറി. സ്കീയിംഗ്, ഫുട്ബോൾ, എന്നിവയും ജനപ്രീതിയാർജിച്ച കളികളാണ്.

## ഭക്ഷണം

നോർവെയുടെ സവിശേഷ ഭക്ഷണ പദാർത്ഥങ്ങൾ സാൽമൺ മുതൽ തിമിംഗലം വരെയുള്ള കടൽ ജീവികളിൽ കേന്ദ്രീകരിച്ചുള്ളവയാണ്. തിമിംഗലം അവരുടെ ഇഷ്ട വിഭവമാണ്. 1993 ൽ രാജ്യം തിമിംഗല വേട്ട പുനരാരംഭിച്ചപ്പോൾ ഈ നിഷ്ഠൂരതക്കെതിരെ ലോകം മുഴുവൻ ശക്തമായി പ്രതികരിച്ചു. വേട്ടയാടി പിടിക്കുന്ന കലമാൻ, മ്ളാവ്, കാട്ടുപക്ഷികൾ എന്നിവയുടെ മാംസം അവരുടെ തീൻമേശകളിലെ സ്ഥിരം ആഹാരം ഇനങ്ങളാണ്.പെട്ടെന്ന് തയ്യാറാക്കാവുന്ന Hot dog തുടങ്ങിയവയും ജനപ്രീതിയാർജിച്ചവയാണ്. ഇടത്തരത്തിലുള്ള ഒരു ഭക്ഷണശാലയിൽ തരക്കേടില്ലാത്ത വിരുന്നിന് Nuk 150 കൊടുക്കേണ്ടി വരും. മദ്യം വില പിടിച്ചതാണ്. ഒരു കുപ്പി വെള്ളത്തിനു പോലും 20–30 Nuk വില വന്നേക്കും. മദ്യത്തിന് വില കൂടാൻ പ്രധാന കാരണം, നമ്മുടെ നാട്ടിലേതു പോലെ മദ്യത്തിനുള്ള ഉയർന്ന നികുതിയാണ്. വിസ്കി, ബ്രാൻഡി, ബിയർ, വൈൻ മുതലായവ കൂടാതെ പ്രാദേശിക മദ്യങ്ങളായ അക്വാവിറ്റ് (40% ആൾക്കഹോൾ) മുതലായവ വലിയ തോതിൽ വിൽക്കപ്പെടുന്നു. 21 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം വിൽക്കുന്നത് അനുവദനീയമല്ല. കേരളത്തിലെ പോലെ, മദ്യ വിൽപ്പന ഒരു സർക്കാർ സ്ഥാപനം (Vinmonopolet) കുത്തകയായി നടത്തുന്നു. ബിയർ മാത്രം എല്ലാ സൂപ്പർ മാർക്കറ്റുകളിലും, പലചരക്കുകടകളിലും ലഭ്യമാണ്.

ഈയിടെ നമ്മുടെ പത്രങ്ങളിൽ നോർവെയെക്കുറിച്ച് വിചിത്രമായ ഒരു വാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നു. നോർവീജിയൻ ഗവൺമെന്റ്, ഹെറോയിന്റെ ഉപയോഗം ശീലമാക്കിയ പാവപ്പെട്ടവർക്ക് ഒരു നിശ്ചിത അളവിൽ ആ മയക്കു മരുന്ന് സൗജന്യമായി നൽകു

വാൻ തീരുമാനിച്ചിട്ടുണ്ടത്രേ. ഈ വാർത്ത സത്യമാണോ എന്നു ഞാൻ പരിശോധിച്ചിട്ടില്ല. ഗവൺമെന്റിന്റെ ഈ നടപടിക്ക് അവരെ അനുമോദിക്കണമോ, അതോ നിന്ദിക്കണമോ എന്നറിയാത്ത ധർമ്മ സങ്കടത്തിലാണ് ഞാൻ.

## മതവിശ്വാസം

1537 ലെ നവോത്ഥന പ്രസ്താനം വരെ നോർവെ ഒരു കത്തോലിക്ക രാജ്യമായിരുന്നു. പിന്നീട് രാജാകല്പ്പനയനുസരിച്ച് Evanjalical Lutheran (ജർമൻ പ്രൊട്ടസ്റ്റൻഡ് പരിഷ്കർത്താവ് മാർട്ടിൻ ലൂതറിന്റെ അനുയായികൾ) പള്ളിയോട് കൂറ് പുലർത്താനാരംഭിച്ചു. മറ്റു പ്രധാന മതവിശ്വാസികൾ, റോമൻ കത്തോലിക്കർ, മെഥേഡിസ്റ്റ് വിഭാഗക്കാർ, മുസ്ലീങ്ങൾ, ബുദ്ധമതവിശ്വാസികൾ എന്നിവരാകുന്നു. നോർവെയിലെ ഭൂരിഭാഗം കൃസ്ത്യാനികളും തികഞ്ഞ ഈശ്വര വിശ്വാസികളെന്നു പറയാൻ കഴിയില്ല. ഏതാണ്ട് മൂന്ന് ശതമാനം ജനങ്ങൾ മാത്രമെ സ്ഥിരമായി പള്ളിയിൽ പോകാറുള്ളൂ.

## ഓസ്‌ലോ

ഏതാണ്ട് 450 കി. മീറ്റർ വിസ്തീർണ്ണമുള്ള ഓസ്‌ലോ യൂറോപ്പിലെ വലിയ നഗരങ്ങളിലൊന്നാണ്. ഓസ്‌ലോവിലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ രാജകൊട്ടാരം, കോട്ട, പാർലമെന്റ് , യൂണിവേഴ്സ്റ്റി, നാഷണൽ തിയേറ്റർ തുടങ്ങിയവയെല്ലാം പ്രസിദ്ധ തെരുവായ കാൾ ജോഹർ ഗേറ്റിലാണ്. മേൽ പറഞ്ഞ മിക്കവാറും എല്ലാ സ്ഥലങ്ങളിലേക്കും കാൽ നടയായി സഞ്ചരിക്കാൻ കഴിയും. 1818 മുതൽ 1844 വരെ നോർവെ ഭരിച്ചിരുന്ന രാജാവാണ് കാൾ ജോഹൻ. അദ്ദേഹമാണ് ഈ തെരുവിലെ പ്രസിദ്ധമായ രാജകൊട്ടാരം പണിയിച്ചത്. പണി കഴിഞ്ഞപ്പോഴേക്കും(1848) അദ്ദേഹം നിര്യാതനായിരുന്നു. പിന്നീട് കുറെ വർഷങ്ങൾക്കു ശേഷം നോർവെ സ്വതന്ത്രമായി 1905 ലാണ്. അന്നത്തെ രാജാവായ ഹാക്കോൺ ഏഴാമൻ തന്റെ രാജ്ഞി മൌദിനോടൊത്ത് ആ കൊട്ടാരത്തിൽ താമസം തുടങ്ങിയത്. പല പ്രാവശ്യം നവീകരിച്ച കെട്ടിടമാണ് ഇത്. 2000 ൽ കൊട്ടാരം പൊതുജനങ്ങൾക്ക് കാണാനായി തുറന്നു കൊടുത്തു. കൊട്ടാരത്തിന്റെ മുകളിലെത്തെ നിലയിൽ രാജാവും കുടുംബവും ഇപ്പോഴും താമസിക്കുന്നു.

ഓസ്‌ലോവിലെ പ്രധാന കാഴ്ചകൾ താഴെ പറയുന്നവയാണ്.

ഇബ്സൻ മ്യൂസിയം (ഇബ്സന്റെ ജീവിതം, അദ്ദേഹത്തിന്റെ കൃതികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.)

അകർഷസ് കോട്ട: 700 കൊല്ലത്തിലധികം ഓസ്ലോവിനെ സംരക്ഷിച്ച കോട്ട ഒരു കുന്നിന്റെ മുകളിൽ സ്ഥിതി ചെയ്യുന്നു. കോട്ടയിൽ സൈന്യത്തിന്റെ Armed Forces മ്യൂസിയം, Resistance മ്യൂസിയം (രണ്ടാം ലോക മഹായുദ്ധകാലത്തുള്ള ജർമൻ ഭരണം എതിർത്തവരുടെ ഓർമ്മക്കായി നിർമ്മിച്ച മ്യൂസിയം) എന്നിവ കാണാം. രാജാക്കന്മാരുടെ ശവകുടീരങ്ങളും കോട്ടയുടെ ഭാഗമാണ്. നോബൽ സമാധാന സങ്കേതം (നോബൽ സമാധാന സമ്മാനം ലഭിച്ചവരുടെ വിവരങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്).

വൈകിംഗ് കപ്പൽ മ്യൂസിയം : വൈകിംഗ് ഭരണ കാലത്ത് ഉപയോഗിച്ചിരുന്ന 3 കപ്പലുകൾ ഈ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

## ചരിത്രമ്യൂസിയം

സിറ്റി ഹാൾ (നോബൽ സമാധാന സമ്മാനം ഈ ഹാളിൽ ഡിസംബർ മാസത്തിൽ വിതരണം ചെയ്യുന്നു.)

## ഫോക് മ്യൂസിയം

വിജ്‌ലാന്റ് പ്രതിമ പാർക്ക് (ഗുസ്റ്റാവ് വിജിലന്റ് : 1869 –1943 നിർമ്മിച്ച 200 ലേറെ പ്രതിമകൾ ഇവിടെ കാണാം.)

ഓസ്ലോ ഭദ്രാസനപ്പള്ളി : ഓസ്ലോവിലെ പ്രമുഖ പള്ളി 1694 ൽ തുടങ്ങി 1720 ൽ നിർമ്മാണം പൂർത്തിയായി. 900 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള ഈ പള്ളിയിൽവെച്ചാണ് ഇപ്പോഴത്തെ കീരിടാവകാശി ഹാക്കോണിന്റെയും, മെറ്റിയുടേയും വിവാഹം 2001 ൽ നടന്നത്.

## സ്കീ മ്യൂസിയം

കൺസേർട്ട് ഹാൾ (സാംസ്കാരികം, സംഗീതം എന്നീ മേഖലകളിലെ ലോകപ്രസിദ്ധർ പങ്കെടുക്കുന്ന നിരവധി പരിപാടികൾ ഈ ഹളിൽ നടക്കാറുണ്ട്. )

സ്പോർട്ട്സ് സ്റ്റേഡിയം : ഏതാണ്ട് 11000 പേർക്കിരിക്കാവുന്ന ഈ സ്റ്റേഡിയത്തിൽ പ്രമുഖ വിനോദ, സാംസ്കാരിക, വ്യാപാര മേളകൾ നടക്കാറുണ്ട്. നാഷണൽ ഹാന്റ്ബാൾ മത്സരങ്ങൾ, നോബൽ സമാധാന സമ്മാന കൺസേർട്ട് എന്നിവയും ഇവിടെ നടത്താറുണ്ട്.

## ബർഗൻ :

നോർവെയിലെ രണ്ടാമത്തെ വലിയ നഗരമായ ബർഗൻ അതിന്റെ തുറമുഖത്തിന് പ്രസിദ്ധമാണ്. കൂടാതെ തടിയിൽ നിർമ്മിച്ച ആകർഷകമായ കെട്ടിടങ്ങളുടെയും നാടാണ്. ഏതാണ്ട 2.55 ലക്ഷം ജനസംഖ്യയുള്ള ബർഗനെ Unesco യുടെ World Heritage city (വിശ്വ പൈതൃക നഗരം) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. 2000 ൽ ഈ നഗരത്തെ യൂറോപ്പിലെ സാംസ്കാരിക നഗരമായി തിരഞ്ഞെടുക്കപ്പെട്ടു.

ഓസ്ലോവിയയിൽ നിന്ന് ബർഗനിലേക്കുള്ള യാത്ര അവിസ്മരണീയമായിരുന്നു. ഓസ്ലൊ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്നും രാവിലെ 6.30 ന് പുറപ്പെട്ട തീവണ്ടിയിൽ 5 മണിക്കൂർ യാത്ര ചെയ്ത് മിർഡാൽ എന്ന സ്ഥലത്തെത്തി. അവിടെ നിന്ന് ഒരു ചെറിയ തീവണ്ടിൽ ഒരു മണിക്കൂർ സഞ്ചരിച്ച് ഫ്ളാമിലേക്കും പിന്നീട് 2 മണിക്കൂർ ഒരു യോർഡിലൂടെ വലിയ ബോട്ടിൽ ഗുഡുവാൻ ഗെനിലേക്കും, അവി

ടെ നിന്നും ഒരു മണിക്കൂർ ബസ്സിൽ വോസ് എന്ന സ്ഥലത്തേയ്ക്കും, വോസിൽ നിന്നും ഒരു മണിക്കൂർ തീവണ്ടിയിൽ യാത്ര ചെയ്ത് ബർഗനിൽ എത്തിച്ചേർന്നു. താമസിക്കുന്ന സ്ഥലത്ത് എത്തിയപ്പോൾ രാത്രി 9 മണി കഴഞ്ഞിരുന്നു. ഏതാണ്ട് 15 മണിക്കൂർ യാത്ര ചെയ്തിട്ടും വലിയ ക്ഷീണം അനുഭവപ്പെട്ടില്ല. യാത്ര തികച്ചും നയനാനന്ദ കരവും, ആസ്വാദ്യകരവുമായ തിനാലായിരിക്കും ക്ഷീണം തോന്നാഞ്ഞത്. മിർഡാലിൽ നിന്നു ചെറിയ തീവണ്ടിയിൽ മലയിടുക്കുകളിലൂടെ ഫ്ളാമിലേക്കുള്ള യാത്ര ചേതോഹരമായിരുന്നു. പലതരം മലകളും കുന്നുകളും, ചിലതിന്റെ മുകളിൽ മഞ്ഞും, വെള്ളച്ചാട്ടങ്ങളും, അരുവികളും മറ്റും ആ യാത്രയിൽ കാണാം. ആശ്ചര്യമെന്നു പറയട്ടെ, ഒരു വലിയ വെള്ളച്ചാട്ടത്തിനടുത്ത് തീവണ്ടിയിൽ നിന്നും ഇറങ്ങി പടമെടുക്കാൻ 10 മിനിറ്റ് വണ്ടി നിർത്തിത്തന്നു. അവിടെ സ്റ്റേഷൻ ഒന്നും ഇല്ലായിരുന്നു. വിനോദ സഞ്ചാരികളോട് ഇത്രയും സൗഹൃദം കാണിക്കുന്ന രാജ്യങ്ങൾ വിരളമാണ് എന്നാണ് എന്റെ അനുഭവം. കൂടുതൽ ആശ്ചര്യകരമായി തോന്നിയത് 8 മിനിറ്റിനുള്ളിൽ എല്ലാവരും അവരുടെ സീറ്റുകളിൽ തിരിച്ചെത്തിയെന്നതാണ്. അവരുടെ അച്ചടക്കം തികച്ചും ശ്ലാഘനീയം തന്നെ. ഈ തീവണ്ടി യാത്രയിൽ ഒരു Hairpin തുരംഗവുമുണ്ടായിരുന്നു.

## ബർഗനിലെ ചില പ്രമുഖ കാഴ്ചകൾ :

1) ഫ്ളോയൽ പർവ്വതം : 320 മീറ്റർ ഉയരമുള്ള മലയുടെ മുകളിലേക്ക് കേബിൾ കാറിൽ പോകാം. നടന്നു കയറാനും സൗകര്യമുണ്ട്. മുകളിൽ നിന്ന് ബർഗൻ നഗരത്തിന്റെ ഒരു വിഹഗ വീക്ഷണം നടത്താം. മലയുടെ മുകളിൽ റസ്റ്റോറൻഡുകളും, പാർക്കുകളും ചുറ്റിയടിക്കാൻ ധാരാളം സ്ഥലങ്ങളും മറ്റുമുണ്ട്.

ii) മീൻ ചന്ത: ബർഗനിലെ മുഖ്യ ആകർഷണം പല തരം മത്സ്യങ്ങൾ തിമിംഗലത്തിന്റെ മാംസമടക്കം അവിടെ വിൽപ്പനക്കൊരുക്കിയിരുന്നു എന്നുള്ളതാണ്.

iii) ഷോപ്പിങ്ങിനുള്ള സ്ഥലം : ടോർഗൽ മെന്നിങ് എന്ന തെരുവ് സാധനങ്ങൾ വാങ്ങാൻ പ്രസിദ്ധമാണ്.

iv) രാജവസതി : 1901 ൽ പണികഴിച്ചത്. രാജാവ് ബർഗനിൽ വരുമ്പോൾ താമസിക്കുന്ന വസതി,

v) ബർഗൻ മ്യൂസിയം : നിരവധി മ്യൂസിയങ്ങൾ നഗരത്തിന്റെ പല ഭാഗങ്ങളിലായി ഈ മ്യൂസിയത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. ചരിത്രം, ജന്തു ശാസ്ത്രം, വിഷ്വൽ ആർട്ട്, ഭൂഗർഭ ശാസ്ത്രം, തുടങ്ങിയവ കൂടാതെ വലിയ ബോട്ടാനിക്കൽ ഗാർഡൻ

vi) ഭദ്രാസനപ്പള്ളി Cathedral

vii) അക്വേറിയം

viii) നാഷണൽ തിയേറ്റർ, മുതലായവ

ഓർത്തുവെക്കേണ്ട ചില കാര്യങ്ങൾ :

പല വിനോദ സഞ്ചാര സ്ഥലങ്ങളിലും പ്രവേശന ഫീസ് കൊടുക്കണം.മുതിർന്ന പൗരന്മാർ, കുട്ടികൾ, വിദ്യാർത്ഥികൾ, ഗ്രൂപ്പുകൾ, എന്നിവക്ക് കിഴിവ് ലഭിക്കും.

ചില വിനോദ സഞ്ചാര സ്ഥലങ്ങൾക്ക് തിങ്കളാഴ്ച അവധിയാണ്.

ആദ്യമായി ചെയ്യേണ്ടത് നഗരത്തിനുള്ളിലെ യാത്രക്ക് ഒരു പാസ്സ് (അനുമതി പത്രം) സംഘടിപ്പിക്കലാണ്. ഒരു ദിവസമോ, 2 ദിവസങ്ങളോ, ഒരാഴ്ചയോ, ഉപയോഗിക്കാൻ പറ്റിയ പാസ്സുകൾ ലഭ്യമാണ്. പാസ്സ് വാങ്ങിയാൽ ഓസ്ലോവിലും , ബർഗൻ നഗരത്തിലും , ബസ്സിലും ട്രാമിലും, തീവണ്ടിയിലും, യാത്ര ചെയ്യാം. പാസ്സിന് താരതമ്യേന നിരക്ക് വളരെ കുറവാണ്.

ഞങ്ങൾ ആദ്യം തന്നെ Hop in Hop -off ബസ്സിൽ (ഇഷ്ടപ്പെട്ട സ്ഥലത്തു നിന്നും കയറുകയും, ഇറങ്ങുകയും ചെയ്യാൻ കഴിയുന്ന ബസ്സ്. നഗരം ചുറ്റി എവിടെയൊക്കെയാണ് ഇറങ്ങേണ്ടതെന്ന് തീരുമാനിച്ചു ബസ്സിനുള്ളിൽ ഓരോ സ്ഥലത്തെപ്പറ്റിയുള്ള ഹ്രസ്വമായ വിവരണം ഇംഗ്ലീഷ് ഭാഷയിൽ ലഭിക്കും.

പൊതുവെ ചിലവ് കൂടിയ സ്ഥലം. സൂക്ഷിച്ചാൽ ചിലവ് കുറക്കാം.അനാവശ്യ ചിലവുകൾ ഒഴിവാക്കാം. ടാക്സി, ഉയർന്ന നിലവാരമുള്ള റസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഇവ ചിലവേറിയവയാകും. നേരത്തെ On line ആയി ബുക്കിംഗ് നടത്തിയാൽ നമ്മുടെ ബഡ്ജറ്റിനനുസരിച്ച് ആസൂത്രണം ചെയ്ത് പണം കുറെച്ചെങ്കിലും ലാഭിക്കാം. Shanghen വിസ വാങ്ങി നോർവെയിലേക്ക് പോകാം. നോർവെ E.U. വിൽ അംഗമല്ലെങ്കിലും.

## അവസാന വാക്ക്:

നോർവെ ജീവിക്കാൻ പറ്റിയ ലോകത്തിലെ ഏറ്റവും നല്ല സ്ഥലമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സ്കാൻഡിനേവിയൻ രാജ്യങ്ങളായ നോർവെ, സ്വീഡൻ, ഫിൻലാന്റ് എന്നിവ ലോക സന്തോഷ സൂചികയിൽ പലപ്പോഴും മുകളിലാണ്. നോർവെയുടെ ഉയർന്ന ജീവിത നിലവാരം അതിന് ഒരു പ്രധാന കാരണമായിരിക്കാം. നല്ല വരുമാനം, സുഖപ്രദമായ താമസ സൗകര്യം , മായം ചേർക്കാത്ത ഭക്ഷണം, ശുദ്ധവായു, വൃത്തിയുള്ള വെള്ളം, ഇവയെല്ലാം അവയുടേതായ പങ്കു വഹിച്ചിരിക്കണം. പക്ഷെ നോർവെക്കാരുടെ നോട്ടത്തിൽ അവരല്ല ലോകത്തിലെ ഏറ്റവും സന്തുഷ്ട ജനത. ഗ്രീക്കുകാരോ, അമേരിക്കക്കാരോ, ലാറ്റിൻ അമേരിക്കക്കാരോ ആകാം. ഒരു നോർവീജിയനോട് സന്തോഷത്തെപ്പറ്റി ചോദിച്ചപ്പോൾ അയാളുടെ മറുപടി ഇപ്രകാരമായിരുന്നു. ഞാൻ സന്തുഷ്ടനോ അല്ലേ അല്ല. എനിക്ക് എന്റെ എളിയ നോർവീജിയൻ മുഖം സഹിക്കാൻ പ്രയാസമാണ്.

ധനം ഒരാളുടെ ജീവിതം ഭൗതികമായി കൂടുതൽ സുഖപ്രദമാക്കിയേക്കും, പക്ഷെ അത് മനുഷ്യനെ കൂടുതൽ സന്തുഷ്ടനാക്കണമെന്നില്ല.

## 9-ാം ചരമവാർഷികം

**11.12.2018**



**ഡോ. കെ.ഗോപാലകൃഷ്ണമേനോൻ**
**ലക്ഷ്മി ഭവൻ**
**മുട്ടത്തിൽ ലെയ്ൻ, കടവന്ത്ര**
**കൊച്ചി – 682020**

## 10-ാം ചരമവാർഷികം

**04.12.2018**



**കുണ്ടുവേലിൽ**
**ബാലകൃഷ്ണമേനോൻ**
**ചന്ദ്രകാന്തം, ആലപ്പാട്ട് ക്രോസ് റോഡ്**
**രവിപുരം, കൊച്ചി – 682016**

## 2-ാം ചരമവാർഷികം

**10.12.2018**



**എം.എൻ.കെ മേനോൻ**
**'പാർവ്വതി'**
**ടി.ഡി.റോഡ്, കൊച്ചി- 682011**

## 6-ാം ചരമവാർഷികം

**7.12.2018**



**എം. കെ. പണിക്കർ**
**കല്യാൺ, പ്ലോട്ട് നം.44,**
**കൃഷ്ണവിഹാർ കോളനി**
**പനമ്പിള്ളി നഗർ, കൊച്ചി-682036**

# വിവേകാനന്ദ സ്വാമികളുടെ കേരള യാത്രയുടെ 125-ാം വാർഷികം

**വടക്കൂട്ട് രാധാകൃഷ്ണ മേനോൻ ഫോൺ : 9446503160**

2018 ജനുവരി 12-ാം തീയതി വെള്ളിയാഴ്ച വിവേകാനന്ദ സ്വാമികളുടെ 155-ാം ജന്മദിനമായിരുന്നു. രാജ്യത്തിന്റെ പല പ്രധാന നഗരങ്ങളിലും, പുണ്യ സ്ഥലങ്ങളിലും, യോഗങ്ങൾ കൂടിയും അദ്ദേഹത്തിന്റെ പ്രതിമയ്ക്ക് ഹാരാർപ്പണവും പൂജയും ചെയ്തും ആ സുദിനം യഥോചിതം അനുസ്മരിക്കുകയും ചെയ്തു.

1886 ആഗസ്റ്റ് മാസം 16-ാം തീയതി ശ്രീരാമകൃഷ്ണ പരമഹംസന്റെ സമാധിയെ തുടർന്ന്, അദ്ദേഹത്തിന്റെ ആശയങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും ഭാരതത്തിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുവാനുമായി, 1888 തുടക്കത്തിൽ കാവിവസ്ത്രം ധരിച്ച് ദണ്ഡും കമണ്ഡലവും കൈയ്യിലേന്തി ഒരു പരിവ്രാജക സന്യാസിയായി വിവേകാനന്ദൻ കൽക്കട്ടയിൽ നിന്ന് യാത്ര തുടങ്ങി. ആദ്യഘട്ടത്തിൽ വാരാണസി (കാശി) അയോദ്ധ്യ വഴി ഹിമാലയപ്രദേശങ്ങളിലെത്തി. രണ്ടാം ഘട്ടത്തിൽ ഗുജറാത്ത് , മഹാരാഷ്ട്ര സംസ്ഥാനങ്ങളിലൂടെ കാൽനടയായും ഭിക്ഷ യാചിച്ചും ദക്ഷിണ ഭാരതത്തിലേക്ക് പുറപ്പെട്ടു. അങ്ങിനെ ബൽഗാം വഴി ബാംഗ്ലൂരിലെത്തി. മൈസൂർ സംസ്ഥാനത്ത് എത്തിയ ആദ്യദിവസങ്ങളിൽ ഭിക്ഷാംദേഹിയായ സ്വാമി, ആരാലും ശ്രദ്ധിക്കപ്പെടാതെ അലഞ്ഞു തിരിഞ്ഞ് നടന്നെങ്കിലും, സ്വാമിയുടെ ആഗമനം അന്നത്തെ മൈസൂർ ദിവാനായിരുന്ന സർ കെ. ശേഷാദ്രിഅയ്യരുടെ ശ്രദ്ധയിൽ പെട്ടു. ഏതാനും മിനിറ്റുകൾ മാത്രം നീണ്ടു നിന്ന കൂടിക്കാഴ്ചയിൽ സ്വാമിയുടെ തേജോമയമായ മുഖത്തിൽ നിന്നും ആകർഷണ ശക്തിയുള്ള സംഭാഷണം കേട്ട് ദിവാൻ ശേഷാദ്രിഅയ്യർ, സ്വാമിയുടെ മഹത്വം മനസ്സിലാക്കി, അദ്ദേഹത്തിന്റെ വസതിയിലേക്ക് ക്ഷണിച്ചു സ്വീകരിച്ചു. ദിവാൻ ശേഷാദ്രി അയ്യർ സ്വാമിയെ, മൈസൂർ മഹാരാജാവ് ശ്രീ. ചാമരാജ വാഡിയാർക്ക് പരിചയപ്പെടുത്തി. സ്വാമിജിയുടെ ഉജ്ജ്വലമായ ചിന്തയും വിപുലമായ വിജ്ഞാനവും മതകാര്യങ്ങളിലെ സൂക്ഷ്മതരമായ അന്തർദൃഷ്ടിയും മഹാരാജാവിനെ സന്തോഷിപ്പിച്ചു. രാജാവ് ഉടൻ തന്നെ സ്വാമിയെ സംസ്ഥാന അതിഥിയായി സ്വീകരിക്കുവാൻ അരുളി ചെയ്തു. മഹാരാജാവുമായുള്ള സംഭാഷണത്തിൽ, പാശ്ചാത്യരാജ്യങ്ങൾ സന്ദർശിച്ച്, ഭാരതത്തിന്റെ സംസ്കാരവും ഹൈന്ദവ ചിന്തയുടെ മഹത്വവും പ്രചരിപ്പിക്കുവാനുള്ള ആഗ്രഹം സ്വാമിജി അദ്ദേഹത്തെ അറിയിപ്പിച്ചു. പാശ്ചാത്യ രാജ്യങ്ങൾ സന്ദർശിക്കുവാനുള്ള ചിലവ് മുഴുവൻ താൻ വഹിച്ചോളാമെന്ന് രാജാവ് ഉറപ്പു നൽകി. വിദേശയാത്രയ്ക്കുള്ള സമയമാകുമ്പോൾ, മഹാരാജാവിനെ അറിയിക്കാമെന്നു പറഞ്ഞ് സ്വാമിജി വിടവാങ്ങി.

ബാംഗ്ലൂരിലെ താമസത്തിനിടയിൽ 1892 നവംബർ 3-ാം തീയതി മുനിസിപ്പൽ മെഡിക്കൽ ഓഫീസറായിരുന്ന ഡോക്ടർ പൽപ്പുവിനെ കാണുവാനിടയായി. ഡോക്ടർ പൽപ്പു ശ്രീനാരായണ ഗുരുവിന്റെ ആരാധകനും സമപ്രായക്കാരനുമായിരുന്നു. ഡോക്ടർ പൽപ്പുവുമായുള്ള കൂടിക്കാഴ്ച സ്വാമിജിയുടെ യാത്ര ദിശയുടെ മാറ്റത്തിനിടയായി. മൈസൂർ സംസ്ഥാനത്തു നിന്ന് നേരെ മദ്രാസ് വഴി രാമേശ്വരത്തെത്തി ദക്ഷിണഭാരതയാത്ര അവസാനിപ്പിക്കാനാണ് നിശ്ചയിച്ചിരുന്നത്. കേരളമൊട്ടാകെ നിലനിന്നിരുന്ന ജാതിവിവേചനത്തിന്റെയും സാമൂഹിക അസമത്വത്തിന്റെയും ക്രൂര വശങ്ങളെക്കുറിച്ച് ഡോ. പൽപ്പു സ്വാമിജിയെ ധരിപ്പിച്ചു. അവർണ്ണനായതുകൊണ്ട് വൈദ്യശാസ്ത്ര പഠനത്തിന് സ്വന്തം നാട്ടിൽ അനുമതി നിഷേധിക്കപ്പെട്ടതും, അതുകൊണ്ട് മദ്രാസിൽ പോയി പഠിക്കേണ്ടി വന്നതും, വൈദ്യശാസ്ത്രപരീക്ഷ പാസ്സായി തിരിച്ചു വന്നിട്ട് ജോലി നിഷേധിക്കപ്പെട്ടതുമായ കയ്പ്പേറിയ അനുഭവങ്ങൾ പൽപ്പു സ്വാമിജിയെ അറിയിച്ചു. ഭാരതത്തിലൊട്ടാകെ ഉണ്ടായിരുന്ന അസമത്വങ്ങളെയും അയിത്താചരണത്തെയും കുറിച്ച് ബോധവാനായിരുന്നെങ്കിലും മലബാറിൽ (അക്കാലത്ത് കേരളം പരക്കെ അറിയപ്പെട്ടിരുന്നത് മലബാർ എന്നായിരുന്നു) നിലനിന്നിരുന്ന കടുത്ത ജാതി വിവേചനങ്ങൾ സ്വാമിജിയുടെ മനസ്സിൽ അസ്വസ്ഥത സൃഷ്ടിച്ചു.

ആദ്യം നിശ്ചയിച്ച യാത്രാദിശമാറ്റി ബാംഗ്ലൂരിൽ നിന്ന് കേരളത്തിലേക്ക് പോകുവാൻ തീരുമാനിച്ചു. ബാംഗ്ലൂരിൽ നിന്ന് യാത്രയാകുമ്പോൾ ദിവാൻ ശേഷാദ്രി അയ്യർ യാത്രയ്ക്കുള്ള എല്ലാ സഹായവും ചെ

യ്യാൻ ഒരുങ്ങിയപ്പോൾ ബാംഗ്ലൂരിൽ നിന്ന് ഷൊർണ്ണൂർ വരെ ഒരു 3-ാം ക്ലാസ്സ് റെയിൽവേ ടിക്കറ്റു മാത്രമേ ആവശ്യപ്പെട്ടുള്ളു. അങ്ങിനെ സ്വാമിജിയുടെ കൈ വശം റെയിൽവെ ടിക്കറ്റും, മൈസൂർ മഹാരാജാവ് ഒരു സമ്മാനമായി നൽകിയ ഒരു റോസ്‌വുഡ് കുഴലും (പുകവലിക്കാനുള്ള ഉപകരണം) ദിവാൻ സർ ശേഷാദ്രിഅയ്യർ, കൊച്ചി സംസ്ഥാനത്തെ ആക്ടിംഗ് ദിവാൻ ശങ്കരയ്യർക്ക് സ്വാമിജിയെ പരിചയപ്പെടുത്തുന്ന ഒരു കത്തും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാംഗ്ലൂരിൽ നിന്ന് ഷൊർണ്ണൂരിലേക്കുള്ള യാത്രക്കിടയിൽ ഒലവക്കോട് 1892 നവംബർ 27-ാം തീയതി (ഇപ്പോൾ പാലക്കാട്) റെയിൽവെ സ്റ്റേഷനിലെത്തിയ സ്വാമിജിയെ കൊല്ലങ്കോട് രാജാവായിരുന്ന വാസുദേവരാജായുടെ സേവകനായിരുന്ന ഒരു തമിഴ് ബ്രാഹ്മണൻ കണ്ടു പരിചയപ്പെട്ടു. രൂപത്താൽ തന്നെ ആകൃഷ്ടനായ അദ്ദേഹം 10 രൂപ ദക്ഷിണ നൽകുവാൻ തുനിഞ്ഞപ്പോൾ, ഒരു നേരത്തെ ഭക്ഷണത്തിന് ആവശ്യമായ 2 അണ മാത്രം സ്വീകരിച്ച് ബാക്കി ഒമ്പത് രൂപ പതിനാലണ ബ്രാഹ്മണനെ തിരിച്ചേല്പിച്ചു. ഇത് റെയിൽവേ സ്റ്റേഷനിൽ ഉണ്ടായ അനുഭവമാണ്. അവിടെ നിന്ന് ഷൊർണ്ണൂർ സ്റ്റേഷനിലെത്തിയ സ്വാമിജി ചില വിദ്യാർത്ഥികളുമായി പരിചയപ്പെട്ടു. (അക്കാലത്ത് ഷൊർണ്ണൂർ - എറണാകുളം റെയിൽവെ പാത ഉണ്ടായിരുന്നില്ല) അവരൊന്നിച്ച്, നിറഞ്ഞൊഴുകുന്ന ഭാരതപ്പുഴ ഒരു കടത്തു വഞ്ചിയിൽ ഇരുന്ന് മറുകരയിലെത്തി. അവിടെ നിന്ന് ഒരു കാള വണ്ടിയിൽ തൃശ്ശിവപേരൂരിലേക്ക് പുറപ്പെട്ടു. തൃശ്ശൂർ നഗരത്തിൽ കുളിക്കുവാനും വിശ്രമിക്കുവാനും സൗകര്യങ്ങളുള്ള ഹോട്ടലുകൾ അക്കാലത്ത് ഇല്ലായിരുന്നു. തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രത്തിന് സമീപമുള്ള ഒരു വീട്ടിൽ കയറി കുളിക്കുവാനും വിശ്രമിക്കുവാനും അനുമതി തേടി. തേജസ്വിയായ യുവസന്യാസിയെ (അന്ന് 29 വയസ്സ് പ്രായം) കണ്ടപ്പോൾ തന്നെ ആകൃഷ്ടനായ ഗൃഹനാഥൻ സുബ്രഹ്മണ്യയ്യർ വീട്ടിനകത്തേയ്ക്ക് ക്ഷണിച്ച് ബഹുമാനപൂർവ്വം സ്വീകരിച്ചു. ദേഹശുദ്ധിയും പ്രാതൽ ഭക്ഷണവും കഴിച്ചശേഷം തന്റെ തൊണ്ടവേദനയ്ക്ക് പരിഹാരം തേടി, തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ സുബ്രഹ്മണ്യ അയ്യരൊടൊപ്പം പോയി. തൃശ്ശൂരിലെ കൊക്കാല (ഇപ്പോഴത്തെ റെയിൽവെ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന പ്രദേശം) യിൽ നിന്ന് കടത്തു വഞ്ചി വഴി സ്വാമിജി എറണാകുളം ലക്ഷ്യമാക്കി കൊടുങ്ങല്ലൂരിൽ എത്തി. അവിടെ ദേവീദർശനത്തിനു വേണ്ടി 3 ദിവസം ക്ഷേത്രമതിൽ പുറത്ത് താമസിച്ചു. പക്ഷെ കാവൽക്കാർ സ്വാമിജിയെ മതിൽക്കെട്ടിനകത്തേക്ക് പ്രവേശിക്കുവാൻ അനുവദിച്ചില്ല. കൊടുങ്ങല്ലൂർ പാലസ്സിലെ പ്രസിദ്ധ പണ്ഡിതന്മാരായിരുന്ന കൊച്ചുണ്ണി തമ്പുരാനും ഭട്ടൻ തമ്പുരാനുമായി ക്ഷേത്രഗോപുരത്തിൽ വച്ച് സ്വാമിജി സംസ്കൃതഭാഷയിൽ സംഭാഷണം നടത്തി. എന്ത് അടിസ്ഥാനത്തിലാണ് സവർണ്ണ അവർണ്ണഭേദങ്ങൾ ക്ഷേത്രപ്രവേശനത്തിൽ കാണിക്കുന്നത് എന്നായിരുന്നു സംഭാഷണവിഷയം. സ്വാമിജി താൻ ഒരു സവർണ്ണനാണെന്ന് അറിയിച്ചതുമില്ല. ഉടുപ്പിലും വേഷത്തിലും ഒരു പരദേശ സന്യാസിയാണെന്നും കാണപ്പെട്ടതിനാൽ സവർണ്ണനോ അവർണ്ണനോ എന്ന് തിരിച്ചറിയുവാൻ കഴിയാത്തതിനാലാണ് ക്ഷേത്രപ്രവേശനം കാവൽക്കാർ തടഞ്ഞത് എന്ന് തമ്പുരാക്കന്മാർ സ്വാമിജിയെ അറിയിപ്പിച്ചു. ഒരു ഹൈന്ദവശാസ്ത്രത്തിലും ദൈവാരാധനയിൽ ഇങ്ങനെയുള്ള വിവേചനം പറഞ്ഞിട്ടില്ലെന്ന് സ്വാമിജി വാദിച്ചു. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ സ്വാമിജിയുമായുള്ള സംഭാഷണവും അദ്ദേഹത്തിന്റെ സംസ്കൃതഭാഷയിലുള്ള നൈപുണ്യവും പാണ്ഡിത്യവും ശാസ്ത്രപരിജ്ഞാനവും കൊട്ടാരത്തിലുള്ള മറ്റുള്ള അംഗങ്ങളുമായി ചർച്ച ചെയ്യുകയും പിറ്റേ ദിവസം (സ്വാമിജി കൊടുങ്ങല്ലൂരിലെത്തിയ 3-ാം ദിവസം) അതിരാവിലെ അദ്ദേഹത്തെ കണ്ട് ക്ഷേത്രത്തിനകത്തേക്കും, കൊട്ടാരത്തിലേക്കും ക്ഷണിക്കുവാൻ തീരുമാനിച്ച് ചെന്നപ്പോഴേക്കും അദ്ദേഹം സ്ഥലം വിട്ടിരുന്നു.

കൊടുങ്ങല്ലൂരിൽ നിന്നും എറണാകുളത്തേക്കുള്ള യാത്ര കടത്തു വഞ്ചിയിൽ തുടർന്നു. 1892 ഡിസംബർ 3-ാം തീയതി എറണാകുളം ജെട്ടിയിൽ ഇറങ്ങി. പ്രഭാതത്തിൽ നടക്കാനിറങ്ങിയ കൊച്ചി സംസ്ഥാനം ദിവാൻ ശങ്കരയ്യരുടെ സെക്രട്ടറി രാമയ്യരും പോലീസ് മേധാവി ചന്ദുലാലും സ്വാമിജിയെ ജെട്ടിയിൽ വച്ച് കാണുവാനിടയായി. ദിവാൻ ശങ്കരയ്യർ അന്നേ ദിവസം സ്ഥലത്തുണ്ടായിരുന്നില്ല. സ്വാമിജിയെ കണ്ടപ്പോൾ തന്നെ അദ്ദേഹം ഒരു യോഗ്യനായ യുവസന്യാസിയാണെന്ന് മനസ്സിലാക്കി രാമയ്യർ മലയാളം, തമിഴ് ഭാഷകളിൽ അദ്ദേഹത്തിന്റെ വിവരങ്ങൾ അറിയുവാൻ ശ്രമിച്ചുവെങ്കിലും സന്യാസി മൗനം പാലിച്ചതേയുള്ളു. എറണാകുളത്തുള്ള രാജസ്ഥാൻ സ്വദേശിയായിരുന്ന പോലീസ് മേധാവി ചന്ദുലാൽ ഹിന്ദുസ്ഥാനിയിൽ സംസാരിച്ചപ്പോൾ സന്യാസി മറുപടി നൽകി. ദിവാന്റെ സെക്രട്ടറി രാമയ്യർ സ്വാമിയെ അദ്ദേഹത്തിന്റെ വസതിയിലേക്ക് ക്ഷണിച്ച് കൂട്ടിക്കൊണ്ടു പോയി. അങ്ങനെ മൂന്നുപേരും രാമയ്യർ, ചന്ദുലാൽ, സ്വാമിജി എന്നിവർ രാമയ്യരുടെ വസതിയിലെത്തി. അവിടെയുണ്ടായ സംഭാഷണത്തിൽ ചന്ദുലാൽ രാമയ്യരോട് ഇംഗ്ലീഷ് ഭാഷയിൽ ഇപ്രകാരം പറഞ്ഞു. ഉദരപൂരണത്തിനുവേണ്ടി കാഷായവസ്ത്രം ധരിച്ചു നടക്കുന്ന സന്യാസിമാർ അനേകമുണ്ട്. കൂട്ടത്തിൽ യഥാർത്ഥ സന്യാസിമാരും ഉണ്ടാകും. യാഥാർത്ഥ്യമറിയുവാൻ നിവൃത്തിയില്ലാത്തതിനാൽ എല്ലാ കാവിവസ്ത്രക്കാരെയും ആദരിക്കുക തന്നെ യുക്തം. ഇതു കേട്ടുകൊണ്ടിരുന്ന യുവസന്യാസി ഒരു ചെറുപുഞ്ചിരി തൂകി. അപ്പോൾ രാമയ്യർ സ്വാമിയോ

ട് ഇംഗ്ലീഷ് അറിയാമോ എന്ന് ചോദിച്ചു. അറിയും എന്ന ഒറ്റവാക്കിൽ മറുപടിയും നൽകി. അതിനുശേഷം അവർ മൂന്നുപേരും – ആതിഥേയരും അതിഥിയും സംഭാഷണം ചെയ്തത് ഇംഗ്ലീഷിലായിരുന്നു. സ്വാമിജിയുടെ അഗാധമായ ഇംഗ്ലീഷ് ഭാഷാജ്ഞാനം അറിഞ്ഞ രാമയ്യരും ചന്ദുലാലും അത്ഭുതപ്പെട്ടു. തുടർന്നുള്ള സംഭാഷണത്തിനിടയിൽ കുഞ്ഞൻപിള്ള (ചട്ടമ്പിസ്വാമികൾ) എന്നുപേരുള്ള ഒരു സ്വാമി അയൽവീട്ടിൽ വിശ്രമിക്കുന്നുണ്ടെന്ന് രാമയ്യർ വിവേകാനന്ദനെ അറിയിച്ചു. കുഞ്ഞൻപിള്ള സ്വാമികളുടെ സർവ്വശാസ്ത്രജ്ഞാനത്തേയും സിദ്ധിവിശേഷണങ്ങളെയും കുറിച്ച് രാമയ്യർ വിവേകാനന്ദസ്വാമികളെ ബോധിപ്പിച്ചു. അതിഥിയായ യുവസന്യാസിക്ക് ഈ സംഭാഷണം കേട്ട് അയൽവീട്ടിൽ വിശ്രമിക്കുന്ന കുഞ്ഞൻപിള്ള സ്വാമിയെ കാണുവാൻ വലിയ താല്പര്യം ഉണ്ടായില്ല. കാരണം ഹിമാലയം മുതൽ ദക്ഷിണഭാരതം വരെയുള്ള യാത്രയിൽ പല സന്യാസിമാരെയും കണ്ടുമുട്ടിയ ശേഷമാണ് കേരളത്തിൽ എത്തിയത്. അവർക്കാർക്കും വേദാന്തത്തെക്കുറിച്ചും, മറ്റു പല വിഷയങ്ങളെക്കുറിച്ചും അദ്ദേഹത്തിനുണ്ടായ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുവാൻ കഴിഞ്ഞില്ല. അതുപോലെ ഒരു സന്യാസിയായിരിക്കും ഈ കുഞ്ഞൻപിള്ളയും എന്ന് അദ്ദേഹം കരുതി. ബംഗാളിൽനിന്ന് ഒരു യുവസന്യാസി വന്നിട്ടുണ്ടെന്ന വിവരം രാമയ്യർ കുഞ്ഞൻപിള്ള സ്വാമികളെ അറിയിച്ചു. വിരോധമില്ലെങ്കിൽ അയ്യരുടെ വസതിയിൽ വന്ന് അതിഥിയായ യുവസന്യാസിയെ കാണാൻ സാധിക്കുമെന്നും നിർദ്ദേശിച്ചു. ഈ നിർദ്ദേശം കിട്ടിയ ഉടൻ തന്നെ ചട്ടമ്പിസ്വാമികൾ രാമയ്യരുടെ ഭവനത്തിലേക്ക് പുറപ്പെട്ടു. കാഷായ വേഷവും ദണ്ഡും കമണ്ഡലവുമില്ലാതെ ശുഭ്രവസ്ത്രധാരിയായ ഒരു സാധാരണക്കാരൻ, രാമയ്യരുടെ വീട്ടിലേക്ക് കടന്നുവന്ന കുഞ്ഞൻപിള്ള സ്വാമിയെ അടി മുതൽ മുടി വരെ വിവേകാനന്ദൻ സൂക്ഷിച്ചു നോക്കി. അദ്ദേഹം ചാടി എഴുന്നേറ്റ് ആഗതനെ ആദരപൂർവ്വം സ്വീകരിച്ചിരുത്തി. അക്കാലത്ത് ചട്ടമ്പിസ്വാമികൾക്ക് 39 വയസ്സും, വിവേകാനന്ദസ്വാമികൾക്ക് 29 വയസ്സും പ്രായമായിരുന്നു. രണ്ടു യോഗീശ്വരന്മാരും അന്യോന്യം ബഹുമാനിച്ചതിനുശേഷം വീട്ടുപറമ്പിലുള്ള വളർന്ന് തഴച്ച് വളർന്ന് നിന്നിരുന്ന ഒരു മാവിൻചുവട്ടിൽ ആസനസ്ഥരായി. മാവിന്റെ അഗ്രതലത്ത് ഒരു മർക്കടൻ കളിയാടുന്നത് കണ്ടിട്ട് വിവേകാനന്ദസ്വാമികൾ ചട്ടമ്പിസ്വാമികളോട് സംസ്കൃത ഭാഷയിൽ (അവർക്ക് രണ്ടുപേർക്കും അറിയുന്ന പൊതുഭാഷ) ഇപ്രകാരം പറഞ്ഞു. 'അതാ അവിടെ മനുഷ്യചിത്തം കളിയാടുന്നു. ചിൻമുദ്രയെക്കുറിച്ച് വിശദീകരിച്ച് കേട്ടാൽ കൊള്ളാമെന്ന് വിവേകാനന്ദൻ ചട്ടമ്പിസ്വാമികളോട് അപേക്ഷിച്ച ഉടനെ ചട്ടമ്പിസ്വാമികൾ അദ്ദേഹത്തിന്റെ കൈവിരലുകൾ ഉയർത്തിയും മടക്കിയും ചലിപ്പിച്ചു. ചിൻമുദ്രയെ എങ്ങനെ അനുഷ്ഠിക്കാം എന്നു കാണിച്ചു കൊടുത്തു. ഇത് എനിക്കും അറിയാം. പക്ഷെ ഇത് എങ്ങനെ ആത്മബോധത്തിന് പ്രയോജനപ്പെടും എന്നാണ് എനിക്കറിയേണ്ടത് എന്ന് വിവേകാനന്ദസ്വാമികൾ പ്രതിവചിച്ചു. രണ്ടുപേരും സംസ്കൃതത്തിൽ തന്നെയാണ് സംസാരിച്ചത്. ആരും ഇതുവരെ ചോദിച്ചിട്ടില്ലാത്ത ചോദ്യമാണ് ഈ യുവസന്യാസി തന്നോട് ഉന്നയിച്ചതെന്ന് അറിഞ്ഞപ്പോൾ ചട്ടമ്പിസ്വാമികൾ അത്യധികം സന്തുഷ്ടനായി. അദ്ദേഹം വീണ്ടും കൈവിരലുകൾ വിടർത്തിയും ചലിപ്പിച്ചും ഇങ്ങനെ പിടിക്കുമ്പോൾ, ഒരു ഞരമ്പിന് സ്പന്ദനമുണ്ടായി അവിടെ നിന്ന് ഒരു ശക്തി ഉദ്ഗമിച്ച് ശിരസ്സിൽ തട്ടുമെന്ന് ബൃഹദാരണ്യോപനിഷത്തിലെ ഒരു പ്രമാണം ഉദ്ധരിച്ച് ചട്ടമ്പിസ്വാമികൾ വിശദീകരിച്ചു. ശിരസ്സിൽ അപ്പോൾ ഒരു പ്രകാശം ഉദിക്കും. അഹം അതിൽ അലിഞ്ഞ് അലിഞ്ഞ് ബ്രഹ്മവും താനും ഭിന്നമല്ലെന്ന് ആത്മബോധം വരും. തന്നിൽ നിന്ന് അന്യമായിട്ട് മറ്റൊന്നുമില്ലെന്ന് ജ്ഞാനവും കൈവരും. ഇതു കേട്ടപ്പോൾ വിവേകാനന്ദസ്വാമികൾ, സ്വയം ഒരു പരീക്ഷണം നടത്തി ആത്മബോധം ആസ്വദിക്കുകയും ചെയ്തു. വിവേകാനന്ദന്റെ സർവ്വ സംശയങ്ങളും മാറി. അദ്ദേഹം ചട്ടമ്പിസ്വാമികളുടെ ഇരുകരങ്ങളും ഗ്രഹിച്ച് തന്റെ ശിരസ്സിൽ വച്ചിട്ട് അദ്ദേഹത്തെ സാഷ്ടാംഗം നമസ്കരിച്ച്, ഇപ്രകാരം പറഞ്ഞു. ഞാൻ ബംഗാളിൽ നിന്ന് പുറപ്പെട്ട് ഇവിടെ വരെയുള്ള യാത്രയിൽ പരിചയപ്പെട്ട പല സന്യാസിവര്യന്മാരോടും ചിൻമുദ്രയെക്കുറിച്ച് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തൃപ്തികരമായ ഉത്തരം കിട്ടിയില്ല. എന്റെ സംശയങ്ങൾ മാറിയത് അങ്ങയുടെ വിശദീകരണം കേട്ടപ്പോഴാണ്. കേരളത്തോട് വിടവാങ്ങുമ്പോൾ വിവേകാനന്ദസ്വാമികൾ പ്രസ്താവിച്ചത്, ഭാരതത്തിൽ ഒരേയൊരു സ്വാമിയെ മാത്രമെ അദ്ദേഹത്തിന് കാണുവാൻ സാധിച്ചുള്ളൂ. അത് സർവ്വഥാ സമ്പൂർണ്ണനായ കുഞ്ഞൻപിള്ള സ്വാമി (ചട്ടമ്പിസ്വാമിയാണ്) യാണ് എന്നായിരുന്നു.

ചട്ടമ്പിസ്വാമികൾ 1902 ൽ വിവേകാനന്ദന്റെ സമാധിവാർത്ത കേട്ടപ്പോൾ, ഇപ്രകാരം പ്രസ്താവിച്ചു. വിവേകാനന്ദൻ ആകാശത്ത് ഉയരത്തിൽ പറക്കുന്ന ഗരുഡനാണെങ്കിൽ ഞാൻ ഭൂമിയിൽ താഴെ പറക്കുന്ന ഒരു കൊതുകാണ്. മറ്റൊരവസരത്തിൽ ചട്ടമ്പിസ്വാമികൾ വിവേകാനന്ദസ്വാമികളെക്കുറിച്ച് പ്രസ്താവിച്ചത്, സാമുദ്രികശാസ്ത്രപ്രകാരം ഒരു മനുഷ്യന്റെ കണ്ണുകൾക്ക് 9 ഗുണങ്ങളുണ്ടെന്നും അവ ഒമ്പതും ചേർന്ന് കണ്ടത് വിവേകാനന്ദസ്വാമികളുടെ കണ്ണുകളിൽ മാത്രമാണെന്നുമാണ്.

1892 ഡിസംബർ 6–ാം തീയതി വിവേകാനന്ദസ്വാമികൾ എറണാകുളത്തു നിന്ന് തിരുവനന്തപുരത്തേക്ക്

യാത്ര തിരിച്ചു. സ്വാമിജിയോടൊപ്പം ഒരു മുസ്ലീം ശിപായിയേയാണ് കൊച്ചി ദിവാൻ രാമയ്യർ അദ്ദേഹത്തെ യാത്രയിൽ സഹായിക്കുവാനായി അയച്ചത്. കേരളത്തിന്റെ മനോഹരമായ നദീതീരങ്ങളിലെ കാഴ്ചകൾ അദ്ദേഹത്തിന്റെ ഹൃദയം കുളിർപ്പിച്ചു. ഡിസംബർ 13 ാം തീയതി തിരുവനന്തപുരത്ത് എത്തിയ സ്വാമിജി പ്രൊഫസർ സുന്ദരരാമയ്യർക്ക് ഉണ്ടായിരുന്ന ശുപാർശകത്തും കൊണ്ട് നേരെ സുന്ദരരാമയ്യരുടെ വീട്ടിലേക്കാണ് പോയത്. തൽസമയം പ്രൊഫസർ വീട്ടിലുണ്ടായിരുന്നില്ല. പ്രൊഫസറുടെ പുത്രൻ രാമസ്വാമി ആഗതനെ സ്വീകരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ വേഷവും കൂടെയുണ്ടായിരുന്ന ഒരു മുസ്ലീം ശിപായിയേയും കണ്ടപ്പോൾ അതിഥി ഒരു മുസ്ലീമാണെന്ന് തെറ്റിദ്ധരിച്ചു. എങ്കിലും കൊച്ചി ദിവാന്റെ ശുപാർശകത്ത് കണ്ട് സ്വാമിജിയെ സ്വീകരിച്ചിരുത്തി. തന്റെ കൂടെ അതുവരെ യാത്രചെയ്ത എറണാകുളത്തുകാരനായ ശിപായിക്ക് ഭക്ഷണം കൊടുത്ത് തിരിച്ചയച്ചതിനുശേഷമാണ് സ്വന്തം താമസസൗകര്യങ്ങളെയും ഭക്ഷണത്തിനെപ്പറ്റിയുമെല്ലാം അദ്ദേഹം ചിന്തിച്ചത്. അല്പസമയത്തിനുശേഷം ഗൃഹനാഥനായ പ്രൊഫസർ സുന്ദരരാമയ്യർ എത്തി. സ്വാമിജിയെ കണ്ടപ്പോൾ തന്നെ അദ്ദേഹത്തിന്റെ ആകർഷണശക്തിയും മഹത്വവും മനസ്സിലാക്കി, അന്നു തന്നെ തന്റെ ജോലിയിൽ നിന്ന് ലീവെടുത്ത് സ്വാമിജിയുടെ പരിചരണത്തിൽ വ്യാപൃതനായി. തിരുവിതാംകൂർ ഇളയരാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ ഇംഗ്ലീഷ് ട്യൂട്ടറായിരുന്ന സുന്ദരരാമയ്യർ അവിസ്മരണീയമായ ഒമ്പതു ദിവസങ്ങൾ, ഓരോ ദിവസവും കൂടുതൽ കൂടുതൽ ധന്യതയേകിയ നവരാത്രി, അങ്ങിനെയാണ് ആ ദിവസങ്ങളെ അദ്ദേഹം വർണ്ണിച്ചത്. പ്രൊഫസർ സുന്ദരരാമയ്യർ സ്വാമിജിയെ അന്നത്തെ തലസ്ഥാന നഗരിയിലെ പല പ്രമുഖ വ്യക്തികളേയും പരിചയപ്പെടുത്തി കൊടുത്തു. അക്കൂട്ടത്തിൽ പ്രൊഫസർ രങ്കാചാരി, പ്രൊഫസർ സുന്ദരം പിള്ള, ദിവാൻ പേഷ്കാർ നാരായണമേനോൻ എന്നിവരുമുണ്ടായിരുന്നു. യുവസന്യാസിയുടെ ശാന്തവും മധുരവുമായ സംഭാഷണവും, ലാളിത്യവും അത്ഭുതാവഹമായ ജ്ഞാനവൈഭവവും ആത്മസാക്ഷാത്കാരത്തിൽ നിന്ന് മാത്രം ഉത്ഭൂതമാകുന്ന ഓജസ്സും തേജസ്സും എല്ലാം ഒത്തുചേർന്ന് സ്വാമിജിയെ പരിചയപ്പെട്ട മാന്യന്മാർ അതീവ സന്തുഷ്ടരായി. ഇളയരാജാവിന്റെ ട്യൂട്ടറായിരുന്ന പ്രൊഫസർ സുന്ദരരാമയ്യർ സ്വാമിജിയെ അന്നത്തെ തിരുവിതാംകൂർ രാജാവിനെ പരിചയപ്പെടുത്തി. കൂടിക്കാഴ്ച നടത്തിയെങ്കിലും രാജാവ് വളരെ കുറച്ചു സമയം മാത്രമേ ചെലവഴിച്ചുള്ളു. സ്വാമിജിക്കുവേണ്ട സൗകര്യങ്ങൾ ദിവാൻ ചെയ്തു തരുമെന്ന് പറഞ്ഞ് മഹാരാജാവ് സംഭാഷണം അവസാനിപ്പിച്ചു.

യുവരാജാവ് മാർത്താണ്ഡവർമ്മ സ്വാമിജിയുടെ ഒരു ഫോട്ടോ തന്റെ ക്യാമറയിൽ എടുക്കുകയും, അതിന്റെ ഒരു കോപ്പി കൊട്ടാരത്തിലും, ഒരു കോപ്പി ബേലൂർ മഠത്തിലും സൂക്ഷിച്ചിട്ടുണ്ട്. മദ്രാസിൽ അസിസ്റ്റന്റ് അക്കൗണ്ടന്റ് ജനറലായിരുന്ന മന്മഥനാഥ് ഭട്ടാചാര്യ സ്വാമിജിയുടെ ചിരകാല സുഹൃത്തായിരുന്നു. അദ്ദേഹം സ്വാമിജിയുടെ തിരുവനന്തപുരം സന്ദർശന സമയത്ത് ജോലി സംബന്ധമായി അവിടെ ഉണ്ടായിരുന്നു. ഒന്നുരണ്ടു ദിവസം ഭട്ടാചാര്യയുമായി ചെലവഴിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. സ്വാമിജിയുടെ ഒമ്പതു ദിവസത്തെ താമസം തന്റെ ഗൃഹത്തിൽ ഒരു പ്രകാശധാര സൃഷ്ടിച്ചുവെന്നും അദ്ദേഹം വിട്ടുപിരിഞ്ഞപ്പോൾ എന്തെന്നില്ലാത്ത ഒരു ശൂന്യത തങ്ങൾക്ക് അനുഭവപ്പെട്ടുവെന്നും പ്രൊഫസർ സുന്ദരരാമയ്യർ അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1892 ഡിസംബർ 22 ാം തീയതി സ്വാമിജി തിരുവനന്തപുരത്തുനിന്ന് നാഗർകോവിലിലേക്ക് യാത്രയായി. ആ യാത്രയിൽ അസി. അക്കൗണ്ടന്റ് ജനറൽ മന്മഥനാഥ ഭട്ടാചാര്യയും കുടുംബവും ഉണ്ടായിരുന്നു. ഡിസംബർ 24 ാം തീയതി സ്വാമിജി കന്യാകുമാരിയിലെത്തി. ഡിസംബർ 25 ാം തീയതി പ്രഭാതത്തിൽ ജഗദംബികയായ കന്യാകുമാരി ദേവീ ദർശനം കഴിഞ്ഞ് പുറത്തിറങ്ങി ചക്രവാളത്തിലേക്ക് ദൃഷ്ടി പായിച്ച് സ്വാമിജിയുടെ മുന്നിൽ പ്രത്യക്ഷമായത് അതിപാവനമായ ശ്രീപാദപാറയാണ്. കന്യാകുമാരി ഭഗവതി ഒറ്റക്കാലിൽ തപസ്സുചെയ്തുണ്ടായ മായാത്ത ചിഹ്നമായ പാദമുദ്ര തന്റെ മാറിലണിഞ്ഞ്, മൂന്നു സമുദ്രങ്ങളും ചേർന്നുള്ള ആ സംഗമത്തിൽ മറ്റൊരു തപസ്സിന് സാക്ഷ്യം വഹിക്കാനും തന്നെ അനശ്വരമാക്കുവാനും പരിപാവനമായ ആ പാറ സ്വാമിജിയെ മാടി വിളിക്കുന്നെന്ന് അദ്ദേഹത്തിന് ഒരു ഉൾവിളിയുണ്ടായി.

ജഗദംബികയെ സാഷ്ടാംഗം പ്രണമിച്ച ശേഷം ഏകദേശം രണ്ടര കിലോമീറ്റർ ദൂരമുള്ള സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന പാറയിലേക്ക് യാതൊരു സങ്കോചവും ഭയവും കൂടാതെ നീന്തി കടന്നു.

ആ പാറയിൽ കയറി ധ്യാനനിമഗ്നനായി ഏതാനും മണിക്കൂറുകൾ കഴിച്ചു കൂട്ടിയപ്പോൾ അദ്ദേഹം തന്റെ മാതൃഭൂമിയായ ഭാരതത്തിന്റെ ഭൂതവർത്തമാന ഭാവിയെക്കുറിച്ച് വിശകലനം ചെയ്തു.

അവിടെവച്ചാണ്, സ്വാമിജിക്ക് ശ്രീരാമകൃഷ്ണ പരമഹംസൻ പ്രവചിച്ചതുപോലെ കടൽ കടന്ന് വിദേശത്തു പോകുവാനും ഗുരുവിന്റെ ആദർശങ്ങളും തത്ത്വങ്ങളും പ്രചരിപ്പിക്കുവാനുള്ള പ്രചോദനം ലഭിച്ചത്.

ഭൂമിക്കൊരു സങ്കീർത്തനം 11

# ഭൂമിയിൽ മനുഷ്യന്റെ ഭാവി

സി. രാമചന്ദ്രൻ

നാം ജീവിക്കുന്ന കാലഘട്ടത്തിൽ നമുക്കു കാണാൻ കഴിഞ്ഞ ഒരു അപൂർവ്വമായ പ്രതിഭാസമായിരുന്നു കഴിഞ്ഞു പോയ വെള്ളപ്പൊക്കം. അതിന്റെ പ്രത്യാഘാതങ്ങളിൽ നിന്നു കരകയറാൻ ഇനിയും സമയമെടുക്കും. ജലം, മണ്ണ്, കാറ്റ്, അന്തരീക്ഷതാപം എന്നിവയെല്ലാം തന്നെ ഭൂവിജ്ഞാനീയുവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ മനുഷ്യനു ദോഷകരമായി വരുമ്പോഴാണ് ദുരന്തങ്ങൾ എന്നു പറയുന്നത്. പ്രകൃതി അതിന്റേതായ നിയമങ്ങളനുസരിച്ച് മുന്നേറുക മാത്രമാണ് ചെയ്യുന്നത്.

പ്രകൃതിയുടെ പ്രവർത്തനങ്ങൾക്കിടെ, സ്വാഭാവികമായിട്ടുണ്ടാകുന്നതും, മനുഷ്യന്റെ ഇടപെടൽ കൊണ്ടുണ്ടാകുന്നതുമായ ദുരന്തങ്ങളുണ്ട്. മനുഷ്യന്റെ ആർത്തികളെ നിയന്ത്രിച്ചു കൊണ്ടു മാത്രമേ ചില ദുരന്തങ്ങൾ ഒഴിവാക്കാനാവൂ. സ്വാഭാവികമായുണ്ടാകുന്നവയിൽ നിയന്ത്രണവിധേയമാക്കാൻ കഴിയാത്തവയെ സംബന്ധിച്ചിടത്തോളം അതിന്റെ രക്ഷാപ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനും മറ്റുമാണ് പ്രാധാന്യം.

കോടാനുകോടി വർഷങ്ങളിലൂടെ ഭൂമി കടന്നു വന്നത് അനേകമനേകം പ്രതിഭാസവൈവിധ്യങ്ങളിലൂടെയാണ്. മനുഷ്യവാസം ഇവിടെ തുടങ്ങിയിട്ട് ഏതാനും ലക്ഷം വർഷങ്ങളാകുന്നതേയുള്ളൂ. ഭൂമുഖത്തെ ഏറ്റവും പുതിയ റിലീസാണ് ബുദ്ധിയുള്ള മനുഷ്യൻ ഈ മനുഷ്യനാണ് ഇന്ന് ഭൂമിയുടെ മുഖഛായ തന്നെ, അവന്റെ മസ്തിഷ്കത്തിന്റെ അപൂർവ്വ സിദ്ധിയാൽ മാറ്റി മറിക്കുന്നത്. അതുകൊണ്ടാണ് ഭൂമി സ്വയമേവയുണ്ടാകുന്നതിനു പുറമെ മനുഷ്യനുണ്ടാക്കുന്നതായ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നത്.

പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന ഇടപെടലുകൾ അതിന്റെ പ്രതികരണങ്ങൾ എന്നിവയെ ഭൗമപ്രവർത്തനതത്ത്വങ്ങളുടെയും ഭൗമവസ്തുക്കളുടെ സ്വാഭാവങ്ങളുടെയും വെളിച്ചത്തിൽ വിശകലനം ചെയ്തു പഠിക്കുന്ന ശാസ്ത്രശാഖയാണ് പരിസ്ഥിതി വിജ്ഞാനീയം. ഭൂമിയിലെ മനുഷ്യജാതിക്ക് വളരെ സുരക്ഷിതമായി അവയുടെ പരിസ്ഥിതിയുമായി ഇടപഴകാൻ ആവശ്യമായ അറിവ് ഭൂവിജ്ഞാനീയം നൽകുന്നു.

ഒരു ജനസമൂഹം ഭൂമിയിൽ എവിടെ ജീവിക്കുവാൻ പോകുന്നു എന്നതു തന്നെ വിവിധ ഭൗമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വിവിധ മനുഷ്യസംസ്കാരങ്ങൾ ആവിർഭവിച്ചതും വികസിച്ചതും നദീതീരങ്ങളിലായിരുന്നു. കാരണം കൃഷിയും അനുബന്ധപ്രവർത്തനങ്ങളും അവിടെയാണ് അനുയോജ്യമായി നടത്തുവാൻ കഴിയുക. ജനസംഖ്യയുടെ അഭൂതപൂർവ്വമായ വർദ്ധനയും മനുഷ്യന്റെ ഉപഭോഗത്തോടുള്ള ആർത്തിയുമാണ് ഭൂമിയുടെ സമതുലിതാവസ്ഥവയെ തകിടം മറിക്കുന്നത്.

അന്തരീക്ഷം, ജലം, കര എന്നിവയടങ്ങുന്ന ജൈവമണ്ഡലങ്ങളാണ് ഭൂമിയെ മറ്റു ഗ്രഹങ്ങളിൽ നിന്നും വ്യത്യസ്ഥമാക്കുന്നത്. ഇവിടെയാണ് സൗരോർജ്ജം സ്വീകരിച്ചുകൊണ്ട് കോടാനുകോടി ജീവജാലങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ജീവികൾ തമ്മിൽ തമ്മിൽ സഹകരിച്ചും, കൊന്നും തിന്നും തിന്നപ്പെട്ടും, ജനിച്ചും മരിച്ചും കഴിയുന്നത്. സ്ഥിതി ഇങ്ങനെയിരിക്കെ താനാണ് ജൈവമണ്ഡലത്തിന്റെ അധികാരി എന്നഹങ്കരിച്ചുകൊണ്ടും ഇതെല്ലാം തന്റെ ആവശ്യങ്ങൾക്കുള്ളതാണെന്ന് അവകാശപ്പെട്ടുകൊണ്ടും മനുഷ്യൻ ഇവിടെ നിലനില്ക്കുന്നത് ജീവന്റെ നിലനില്പിനു ഭീഷണിയാണ്. തങ്ങൾ നിലനില്ക്കുന്നത് മറ്റു ജീവവ്യവസ്ഥകളുടെയും, വായുജല അന്തരീക്ഷ വ്യവസ്ഥയുടെയും പാരസ്പര്യത്തിലൂടെയാണെന്ന യാഥാർത്ഥ്യം മനുഷ്യൻ മറക്കുന്നു. പ്രകൃതിയുടെ സമതുലിതാവസ്ഥയുടെ ഭംഗം സ്ഥിതിഗതികളെ തുലയ്ക്കും.

ഭൂമിയെ അലട്ടുന്ന പ്രധാനപ്പെട്ട രണ്ടു ഘടകങ്ങളുണ്ട്. അതിൽ ഒന്ന് കാലാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. അന്തരീക്ഷത്തിന്റെ ഊഷ്മാവു വർദ്ധിക്കുന്നു, ഐസ് ഉരുകുന്നു, സമുദ്രജലനിരപ്പ് ഉയരുന്നു, കൊടുങ്കാറ്റുകൾ വീശുന്നു, നദികൾ വറ്റുന്നു, ഭൂഗർഭ ജലം താഴുന്നു, ജലക്ഷാമം കൂടുന്നു എന്നതെല്ലാമാണത്. രണ്ടാമത്തതാകട്ടെ ജൈവവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. മത്സ്യമേഖലയുടെ തകർച്ച, വനമേഖലയുടെ ശോഷണം, മേച്ചിൽ സ്ഥലങ്ങളുടെ ചുരുങ്ങൽ, മണ്ണിന്റെ ഒലിപ്പ്, ജൈവജാതികളുടെ വംശനാശം തുടങ്ങിയവയാണ് ഇവയോടനുബന്ധിച്ചുള്ളത്.

മനുഷ്യൻ കൃഷി കണ്ടു പിടിച്ച് നടപ്പിൽ വരുത്തുന്നതുവരെ ഭൂമിയുടെ കാലാവസ്ഥ അത്ഭുതകരമാംവിധം സന്തുലിതമായിരുന്നു. എന്നാൽ മനുഷ്യൻ പ്രകൃതിയിൽ ഇടപെടാൻ തുടങ്ങിയതോടെ പ്രകൃതിയും അതിന്റേതായ രീതിയിൽ പ്രതികരിക്കാൻ തുട

ങ്ങി. ഇപ്പോൾ അന്തരീക്ഷത്തിന്റെ ചൂട് ക്രമമല്ലാതെ വർദ്ധിക്കുന്നു. ചൂട് ആഗിരണം ചെയ്യുവാൻ കഴിവുള്ള കാർബൺഡൈഓക്സൈഡ് കുമിഞ്ഞു കൂടുന്നതാണതിനു കാരണം. രണ്ടു സ്രോതസ്സുകളിൽ നിന്നാണ് ഇതുണ്ടാകുന്നത്. ഒന്ന്, കല്ക്കരി, പ്രകൃതി ദ്രാവകങ്ങൾ (ക്രൂഡ് ഓയിൽ) പ്രകൃതി വാതകങ്ങൾ എന്നിവ കത്തിക്കുന്നതിലൂടെ, രണ്ട് കാർബൺഡൈഓക്സൈഡിന്റെ അളവു നിയന്ത്രിക്കുന്ന വനങ്ങൾ വെട്ടി നിരത്തുന്നതിലൂടെ. ഇതിന്റെയെല്ലാം പ്രത്യാഘാതങ്ങളിവയാണ്. (1)ഭൂമി ചൂടാകുന്നു (2) രോഗങ്ങൾ വർദ്ധിക്കുന്നു. (3) ധ്രുവങ്ങളിലെ ഐസ് ഉരുകുന്നു. (4) സമുദ്രവിതാനം ഉയരുന്നു. (5) കൊടുങ്കാറ്റിന്റെ തീവ്രത വർദ്ധിക്കുന്നു. (6) ജൈവവംശനാശം സംഭവിക്കുന്നു. (7) വരൾച്ചയുണ്ടാകുന്നു (8)കൃഷിനാശമുണ്ടാകുന്നു (9) സമുദ്രങ്ങൾ അമ്ലീകരിക്കപ്പെടുന്നു.

കാലാവസ്ഥ മാറ്റങ്ങൾക്കൊപ്പമുണ്ടാകുന്ന മാറ്റങ്ങളും ശ്രദ്ധിക്കണം.

1. ശൈത്യകാലത്തിന്റെ ദൈർഘ്യം കുറഞ്ഞു. (2) ജലസംഭരണികൾ ശുഷ്കിച്ചു. (3) തണുപ്പുള്ള രാത്രികൾ കുറഞ്ഞു. (4) പലയിടത്തും മഴ കുറഞ്ഞു. (5) കാലാവസ്ഥ പ്രവചിക്കാനാകുന്നില്ല.

മനുഷ്യന്റെ കുറ്റംമൂലം ഈ ഭൂമി ഇനിയും നശിക്കാൻ ഇടവരരുത്. നമ്മുടെ മുൻതലമുറ ജീവിച്ചത്. നമുക്കു വേണ്ടിയാണെങ്കിൽ നമുക്കു ലഭിച്ചതുപോലെ ഇത് അടുത്ത തലമുറയ്ക്കു കൈമാറാനും നമുക്കു ബാധ്യതയുണ്ട്. ഇന്നത്തെ നിലയ്ക്ക് മനുഷ്യന്റെ ആർത്തി തുടരുകയാണെങ്കിൽ വിഭവങ്ങൾക്കായി വേറെ ഭൂമികൾ വേണ്ടി വരും. നിർഭാഗ്യവശാൽ സമീപത്തൊന്നും മനുഷ്യനു കുടിയേറുവാൻ പറ്റിയ ഗ്രഹങ്ങളില്ല. അതുകൊണ്ട് നമ്മുടെ പ്രശ്നം ഈ ഭൂമിയിൽ ഇന്നു നിലനില്ക്കുന്ന ജൈവമണ്ഡലം കേടില്ലാതെ നിലനിറുത്തുക എന്നതാണ്. നമുക്കു ജീവിക്കുവാനുള്ള സാഹചര്യം നിലനില്ക്കുന്നത്. മറ്റനേകം ജീവജാലങ്ങൾ ഉൾക്കൊള്ളുന്ന ജൈവവ്യവസ്ഥ ഉള്ളതുകൊണ്ടാണ്. അവയ്ക്കും ജീവിക്കുവാൻ ശുദ്ധവായുവും ശുദ്ധജലവും വേണം. അതുകൊണ്ട് അനുപാതരഹിതമായി ജനസംഖ്യ പെരുകുവാൻ ഇട നൽകാതിരിക്കുക എന്നതും പരമപ്രധാനമായ ഒരു കടമയാണ്.

## 2018 നവംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**മനോഹർ കെ.**
L/0984, മുല്ലോത്ത്, പുല്ലുവഴി ഹൗസ്
MRRA NO. 49 A, മണിമല റോഡ്
ഇടപ്പള്ളി, കൊച്ചി - 682024



**എം. യു. കെ. നായർ**
L/0962, രാഗേന്ദു, 39/1012
കരിയർ സ്റ്റേഷൻ റോഡ്
കൊച്ചി - 682016



**എൻ. ഗോപിനാഥൻ നായർ**
L/2297, രാഗ്, ലെയിൻ നമ്പർ 7
ജനത റോഡ്, വെറ്റില, കൊച്ചി-682019



**കെ.എൻ. ഗോപിനാഥൻ നായർ**
L/4701,
EWS-518, ഗാന്ധിനഗർ
കൊച്ചി - 682020



**ഭാസ്കര കുറുപ്പ് കെ.**
L/2202, ഭാസ്കര ഭവൻ
മാണിക്കത്ത് ക്രോസ് റോഡ്
വളഞ്ഞമ്പലം, കൊച്ചി - 682016



**കൃഷ്ണൻ ജി.**
L/1099, സായി തീർത്ഥം
അമൃത ലെയിൻ, എരൂർ നോർത്ത്

സെപ്റ്റംബർമാസം അന്തരിച്ച കരയോഗാംഗം

# 5-ാം ചരമവാർഷികം

## 20.12.2018



# പത്മാലയം കമലം നങ്ങ

**ഗോപലക്ഷ്മി, കീർത്തിനഗർ, എളമക്കര**

*പാവനസ്മരണയ്ക്ക്*

**മകൾ സുധാ രാധാകൃഷ്ണൻ**

**പേരക്കുട്ടികൾ സൂരജ് & സന്ദീപ്**

# കാണാമറയത്ത്

**പത്മജ മേനോൻ.**

ചൂളം വിളിക്കുന്ന പനങ്കാടുകളുടെ മർമ്മരം കേട്ട് പതുക്കെ കണ്ണു തുറന്നു. തെന്മലയിൽ നിന്നും എത്തുന്ന കുളിർ കാറ്റേറ്റ് രോമകൂപങ്ങൾ എഴുന്നേറ്റു നിന്നപ്പോൾ ജനാലയിൽ കൂടി അയാൾ പുറത്തേക്കു നോക്കി. അടുത്തുള്ള താമരക്കുളത്തിൽ താമരയും, ആമ്പലും ഇടകലർന്നു നില്ക്കുന്നു. നയനാനന്ദകരമായ ആ കാഴ്ച കണ്ടുകൊണ്ടാണ് എന്നും താൻ എഴുന്നേൽക്കാറുള്ളത്.പതിയെ എഴുന്നേറ്റു താമരക്കുളത്തിനരുകിൽ പോയിരുന്നു. മീൻ പിടിക്കാനായി ഒറ്റ കാലിൽ നില്ക്കുന്ന വയൽ കൊറ്റികൾ, ബ്യാക്...ബ്യാക് എന്നു പറഞ്ഞുകൊണ്ട് കുളത്തിൽ നീന്തിത്തുടിക്കുന്ന താറാവുകൂട്ടങ്ങൾ, മീനുകളെ റാഞ്ചി എടുക്കാനായി വട്ടം പറക്കുന്ന പരുന്തുകൾ. തന്റെ പ്രിയതമനെ നോക്കി പുഞ്ചിരിച്ച് പ്രൗഢിയോടെ നിൽക്കുന്ന താമരപ്പൂവുകൾ, ഗ്രാമത്തിലെ അതിമനോഹരമായ ഈ കാഴ്ചകൾ പ്രകൃതിയുടെ വരദാനം എത്ര കണ്ടാലും മതിയാവില്ല......

ഇന്ന് സ്കൂൾ ഇല്ലാത്ത കാരണം കാര്യങ്ങൾ എല്ലാം പതുക്കെ ചെയ്താൽ മതി. ദാസ മാമാ... എന്നു വിളിച്ചുകൊണ്ട് പത്താംക്ലാസ്സുകാരിയായ വന്ദന അരികിലേക്കു ഓടി വന്നു. ദാസ മാമാ അറിഞ്ഞോ ...അടുത്താഴ്ച സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ എത്തുന്നത് പുതുതായി ചാർജ്ജെടുത്ത കളക്ടർ ചിത്രഭാനു ആണ്. ആ പേരു കേട്ട അയാളുടെ മനസ്സിലൂടെ ഒരു പ്രകാശ തരംഗം മിന്നി മറഞ്ഞു. അവൾ തുടർന്നു. വളരെ നല്ല മനുഷ്യനാണ് കളക്ടർ എന്നാണ് പറയുന്നത്. പാവങ്ങളുടെ കൺകണ്ട ദൈവം. കളക്ടർ സ്കൂളിലേക്ക് വരുമ്പോൾ ദാസമാമൻ ഒരു അപേക്ഷ കൊടുക്കണം, ഈ പൊട്ടി പൊളിഞ്ഞ വീട്ടിൽ എത്രകാലമെന്നു വെച്ചാ താമസിക്കുക, കളക്ടർ എന്തെങ്കിലും സഹായം അനുവദിക്കാതെയിരിക്കില്ല. അമ്മ തിരക്കുന്നുണ്ടാവും എനിക്ക് പഠിക്കുവാൻ ഉണ്ടെന്നു പറഞ്ഞ് അവൾ ഓടി പോയി. സ്കൂൾ ബസ്സിലെ ഡ്രൈവറാണ് താൻ, സ്ക്കൂളിന്റെ അടുത്ത് തന്നെയാണ് തന്റെ പൊട്ടി വീഴാറായ വീടും. അവധി ദിവസങ്ങളിൽ താൻ സ്കൂൾ മൈതാനിയിലൂടെ നടക്കും. കലപില ശബ്ദം കൊണ്ട് ബഹളം വെക്കുന്ന കുരുന്നുകളില്ലാത്ത ഈ അങ്കണത്തിൽ ശരിക്കും ശ്മശാനമൂകത തളം കെട്ടിനിൽക്കുന്ന പോലെ .....വീണ്ടും ആ പേര് മനസ്സിലേക്ക് ഓടി എത്തി ' 'ചിത്രഭാനു'

പൂവുകളും തോരണങ്ങളും കൊണ്ടലങ്കരിച്ച സ്കൂൾ കെട്ടിടത്തിന്റെ മുമ്പിൽ എല്ലാവരും അക്ഷമയോടെ കാത്തുനിന്നു. താമസിയാതെ കളക്ടർ എത്തി. മാനേജരും, മാഷുന്മാരും സ്വീകരിച്ചാനയിച്ച് കളക്ടറെ കൊണ്ടു പോയി. ഉൽഘാടനത്തിനു ശേഷം കളക്ടർ നല്ലൊരു പ്രസംഗത്തിനു മുതിർന്നു. ദാസൻ നെഞ്ചിടിപ്പോടെ ദൂരെനിന്നു നോക്കി നില്ക്കുന്നുണ്ടായിരുന്നു. കളക്ടർ പറയുവാൻ തുടങ്ങി. പ്രിയമുള്ള വിദ്യാർത്ഥി, വിദ്യാർത്ഥിനികളെ നിങ്ങളുടെ ഏറ്റവും മനോഹരമായ ഒരു കാലഘട്ടത്തിലൂടെയാണ് നിങ്ങൾ ഇപ്പോൾ കടന്നു പോകുന്നത്. ജീവിതത്തിന്റെ സുന്ദരമായ കാലഘട്ടം ഒരിക്കലും തിരിച്ച് കിട്ടാത്ത സുവർണ്ണ ദിനങ്ങൾ ' ഗോൾഡൻ ഏജ് ഓഫ് ഗുപ്താസ് എന്നു പറയുന്നതു പോലെ ഈ ദിനങ്ങൾ നിങ്ങൾ അവർണ്ണനീയമാക്കണം. ഒരു കാര്യം നിങ്ങൾ എപ്പോഴും ശ്രദ്ധിക്കണം . അച്ഛൻ, അമ്മ പിന്നെ ഗുരുനാഥൻ ഇവർ മാത്രമാണ് നമ്മളെ യഥാർത്ഥത്തിൽ പ്രതിഫലേച്ഛ കൂടാതെ സ്നേഹിക്കുന്നവർ. എല്ലാവർക്കും എല്ലാവരേയും പോലെ ആകാൻ കഴിയില്ല. എല്ലാത്തിനും ഏറ്റക്കുറച്ചിലുകൾ ഉണ്ട്. അച്ഛനമ്മമാരുടെ പരിധിക്കുള്ളിൽ ജീവിച്ച് ശീലിക്കാൻ പഠിക്കണം. വർണ്ണ പകിട്ട് ഉള്ള കളിപ്പാട്ടത്തിലോ മിന്നുന്ന കടലാസിൽ പൊതിഞ്ഞ മിഠായിലോ ഭ്രമിച്ചു പോകരുത്....അങ്ങനെ ഭ്രമിച്ചു പോയി തന്റെ നിഷ്കളങ്കമായ ബാല്യം നഷ്ടപ്പെടുത്തിയ ഹതഭാഗ്യനാണ് ഞാൻ . മിന്നുന്നതെല്ലാം പൊന്നല്ല എന്നു തിരിച്ചറിയുക. കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടതൊന്നും ഒരിക്കലും തിരിച്ചു കിട്ടില്ല. ഇതു പറയുമ്പോൾ കളക്ടറുടെ കണ്ണുകൾ നിറഞ്ഞു കവിയുന്നുണ്ടായിരുന്നു. പിന്നീട് ഇച്ഛാശക്തി കൊണ്ട് പരിവർത്തനമുണ്ടായതാണ് ഈ കളക്ടർ പദവി. നീതി പുലർത്തേണ്ടിയിരുന്ന അച്ഛനോടും, അമ്മയോടും നീതി പുലർത്താൻ എനിക്കു കഴിഞ്ഞില്ല. ... നിങ്ങൾ എല്ലാവരും നല്ല മക്കളായി ജീവിക്കണം. എല്ലാ ഭാവുകങ്ങളും ഉണ്ടാകട്ടെ എന്ന് ആശംസിച്ച് കളക്ടർ മാനേജരോടൊപ്പം ഓഫീസ് മുറിയിലേക്കു പോയി.

വന്ദന ഓടി വന്ന് ശിവദാസനോട് പറഞ്ഞു – ദാസ മാമ അച്ഛൻ വിളിക്കുന്നു. കളക്ടർ അച്ഛന്റെ അടുത്തുണ്ട്. എവിടെ അപേക്ഷ എന്ന് പറഞ്ഞ് ധൃതികൂട്ടി. വന്ദനയുടെ അച്ഛനാണ് സ്കൂൾ മാനേജർ. ദാസൻ പറഞ്ഞു ഇല്ല മോളെ എനിക്ക് ഒന്നും വേണ്ട ഞാൻ ഒന്നു കണ്ടുവല്ലോ മതിയായി.... തൃപ്തിയായി. എനിക്ക് എന്നു പറഞ്ഞ് മുഖം പൊത്തി ഏങ്ങിക്കരഞ്ഞു.

പരിഭ്രമിച്ച അവൾ ഓടി പോയി. വിവരമറിഞ്ഞ് മാനേജരും കളക്ടറും ദാസന്റെ അരികിലെത്തി. എന്താ... ദാസ എന്തു പറ്റി എന്നു മാനേജർ ചോദിച്ചു. കളക്ടർ പറഞ്ഞു അമ്മാവാ, കരയാതെ എന്തു സഹായവും ഞാൻ ചെയ്യാം എന്നു പറഞ്ഞ് അയാളെ എഴുന്നേൽപ്പിക്കുവാൻ ശ്രമിച്ചു. പെട്ടെന്ന് മോനെ ഭാനു.... ഈ അച്ഛനോടു ക്ഷമിക്കൂ എന്നു പറഞ്ഞ് ദാസൻ കളക്ടറുടെ കാലിൽ കയറിപ്പിടിച്ചു. ആ ശബ്ദത്തിൽ , ആ ഭാനു എന്ന വിളിയിൽ കളക്ടർ സർവ്വ അധികാര പദവിയും മറന്ന് ദാസനെ കെട്ടിപ്പിടിച്ച് അച്ഛാ എന്നു വിളിച്ചു. ഇവിടെ... ? ഞാൻ മനസ്സിലാക്കിയത് തെറ്റായിരുന്നോ? എവിടെ എന്റെ അമ്മ? ഗദ്ഗദത്തോടെ ദാസൻ പറഞ്ഞു. അമ്മയെ ഞാൻ കൊന്നു... കൊല്ലുകയോ അച്ഛനതിനു കഴിയുമോ.... അതെ വലിയൊരു അപരാധം ഞാൻ ചെയ്തു. അതിൽ മനം നൊന്തു അവൾ നീറി നീറി മരിച്ചു. അല്ല അവളെ കൊന്നു എന്നു പറയുന്നതാവും ശരി. ഇതെല്ലാം കണ്ട് വൻ ജനാവലി അത്ഭുത പരതന്ത്രരായി നോക്കി നിൽക്കുന്നുണ്ടായിരുന്നു. കളക്ടർ പെട്ടെന്ന് സമയം നോക്കിക്കൊണ്ട് പറഞ്ഞു എനിക്കൊരു മീറ്റിങ് ഉണ്ട് ഞാൻ നാളെ രാവിലെ വീണ്ടും വരാം എന്നു പറഞ്ഞ് ശിവദാസനെ കെട്ടിപ്പിടിച്ച് യാത്ര പറഞ്ഞ് ഇറങ്ങി.

അന്ന് രാത്രി ശിവദാസിന്റെ കഥ കേൾക്കാൻ ഏറെ വൈകിയിട്ടും ആളുകൾ ഉത്സുകരായി കാതോർത്തിരുന്നു. ശിവദാസൻ തന്റെ ഇന്നലകളിലേക്കു തിരിഞ്ഞു നോക്കി ചെറുപ്പുളശ്ശേരിക്കടുത്ത് അടയ്ക്കാപുത്തൂർ എന്ന സ്ഥലത്തെ കൃഷിക്കാരനായിരുന്നു ഞാൻ, എന്റെ ഭാര്യ ദേവകി ഞങ്ങളുടെ പൊന്നോമന മകൻ ചിത്രഭാനു. ആർക്കും വേണ്ടാത്ത മദ്ധ്യവർഗ്ഗത്തിലെ അടിത്തട്ടിൽ പെട്ട സാധാരണക്കാർ എന്ന വിഭാഗത്തിലായിരുന്ന ഞങ്ങളുടെ ജീവിതം. പരിമിതികൾക്കിടയിലും ശാന്തതയും, സമാധാനവും ഉണ്ടായിരുന്ന നാളുകൾ. അപ്പോഴാണ് തന്റെ കളിക്കൂട്ടുകാരനും സഹപാഠിയും ഒക്കെ ആയിരുന്ന ഹരിഗോവിന്ദന്റെ വരവ്. അവന്റെ അച്ഛന്റെ പിറന്നാൾ ആഘോഷത്തിന് വന്നതാണ്. പണ്ടു മുതലെ അവർ വലിയ ജന്മികളായിരുന്നു. ദിവസവും ഞങ്ങൾ കണ്ടുമുട്ടും പഴയ കാര്യങ്ങൾ എല്ലാം അയവിറക്കി ആലിൻചുവട്ടിൽ ഇരിക്കും അപ്പോൾ എല്ലാം എന്റെ മകൻ ചിത്രഭാനുവും കൂടെയുണ്ടാവും. മിടുക്കനായിരുന്ന ചിത്രഭാനു , പല ചോദ്യങ്ങളും ഹരിയോട് ചോദിക്കും അവന്റെ ബുദ്ധിയിലും സാമർത്ഥ്യത്തിലും ഏറെ മുമ്പിൽ നിൽക്കുന്ന ഹരിക്ക് മിടുക്കനായ അവനെ വളരെ ഇഷ്ടമായി. ഹരി തന്നെ കളിയാക്കും. അച്ഛൻ പഠിക്കാൻ മണ്ടനാണെങ്കിലും മകൻ മിടുക്കനാണെന്ന് പറഞ്ഞ്. ഹരി പഠിച്ച് വല്യ ഉദ്യോഗമെല്ലാം നേടിയിരുന്നു. ഓരോ ദിവസം വരുമ്പോഴും ഹരി ചിത്രഭാനുവിന് പലതരം സമ്മാനങ്ങൾ വാങ്ങിക്കൊടുക്കാൻ തുടങ്ങി. അവനും ഹരിയോട് വലിയ ഇഷ്ടമായി വന്നു. പല ദിവസങ്ങളിലും ഹരി അവനേയും കൊണ്ട് ടൗണിൽ പോയി കറങ്ങി വരും. പല രാത്രികളിലും ഹരിയുടെ കൂടെ അവൻ ഹരിയുടെ വീട്ടിൽ ഉറങ്ങാൻ തുടങ്ങി. അവർ തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉടലെടുത്തതായി എനിക്കു തോന്നി തുടങ്ങി.

ഒരു ദിവസം ഹരി എന്നോട് പറഞ്ഞു, നീ എന്നെ സഹായിക്കണം നിനക്കതിനു കഴിയും 'നോ' എന്നു നീ പറയരുത് എന്ന്. കാര്യം പറയൂ എന്നാവശ്യപ്പെട്ടപ്പോൾ ഹരി പറഞ്ഞു, എനിക്ക് ഒരു അച്ഛനാകാൻ കഴിയില്ല എന്ന രഹസ്യം. കുട്ടികൾ ഇല്ലാത്തതിനാൽ ഭാര്യക്ക് വല്ലാത്ത വിഷമവും ഒപ്പം നിരാശയും, നീ എനിക്ക് ചിത്രഭാനുവിനെ തരണം അവനെ ഞാൻ പൊന്നു പോലെ നോക്കിക്കൊള്ളാം. താറുമാറായി കിടക്കുന്ന ഞങ്ങളുടെ കുടുംബജീവിതത്തിൽ ചിത്രഭാനുവിന്റെ വരവ് സന്തോഷത്തിന്റെ പെരുമഴയായിരിക്കും ഉണ്ടാക്കുക. നിനക്ക് ഇനിയും കുട്ടികൾ ഉണ്ടാകാമല്ലോ. എതിര് ഒന്നും പറയരുത്. താൻ ഒന്നും മിണ്ടാതെ നിന്നു. അവനെ തരുവാൻ എനിക്കു കഴിയില്ലല്ലോ ചങ്ങാതി എന്നു മനസ്സ് പറയുന്നുണ്ടായിരുന്നു, ഈ കാര്യം താൻ വെറുതെ ദേവകിയോട് പറഞ്ഞു. ദേവകിയുടെ കത്തുന്ന കണ്ണുകളെ നേരിടാനാവാതെ താൻ അകന്നു മാറി. പക്ഷേ ഏറെ വിചിത്രമായി തോന്നിയത് ചിത്രഭാനുവിന്റെ പെരുമാറ്റമായിരുന്നു. അവന് എന്തിനും ഹരി മതി .ഹരിയോടൊപ്പം മുബൈയിലേക്കു പോകുവാൻ അവൻ തയ്യാറായി. എനിക്കു പ്ലയിനിൽ പോകണം, കാറിൽ സഞ്ചരിക്കണം, വിലകൂടിയ ഉടുപ്പുകൾ അണിയണം എന്നൊക്കെ പറഞ്ഞ് ഹരിയോടൊപ്പം പോകാൻ അവൻ വാശിപിടിച്ചു. നിനക്ക് അച്ഛനേയും അമ്മയേയുക്കാൾ വലുതാണോ ഈ പറഞ്ഞത് എല്ലാം എന്ന ദേവകിയുടെ ചോദ്യത്തിന് 'അതെ'എന്ന അവന്റെ ഉത്തരം ദേവകിയെ തളർത്തി. ചിത്രഭാനുവിന്റെ വാശിക്കു മുമ്പിൽ ഞാൻ ഹരിയോടൊപ്പം അവനെ അയയ്ക്കുവാൻ തീരുമാനിച്ചു. ദേവൂനെ പറഞ്ഞ് മനസ്സിലാക്കി. അവൻ സുഖമായി വളരട്ടെ നമ്മൾ ചെയ്യുന്നത് ഒരു പുണ്യകർമ്മമാണ്. ഇനിയും നമ്മൾക്ക് കുട്ടികൾ ഉണ്ടാകാമല്ലോ എന്ന ന്യായവാദങ്ങൾ എല്ലാം പറഞ്ഞ് അവളെ സമാധാനിപ്പിച്ചു. പക്ഷേ ഒന്നും ഉൾക്കൊള്ളാൻ അവളുടെ മനസ്സിനു കഴിഞ്ഞില്ല.

ചിത്രഭാനുവിന്റെ വേർപാട് അവളെ ആധി പിടിപ്പിച്ചു. ആധി വ്യാധിയായി മാറാൻ അധിക താമസമൊന്നുമുണ്ടായില്ല. ഹരിഗോവിന്ദൻ അവന്റെ അച്ഛന് ഫോൺ ചെയ്യും അപ്പോൾ മാത്രമാണ് ചിത്രഭാനു സുഖമായി ഇരിക്കുന്നു എന്നറിയുന്നത്. ഞങ്ങളുമായി ബന്ധപ്പെടുവാൻ ഹരിക്ക് വലിയ ഇഷ്ടമില്ലാത്തത് പോലെ. ഒരു ദിവസം ഹരി വന്നു അവന്റെ അച്ഛന്റെ മരണ വിവരം അറിഞ്ഞ് ഞാൻ ഓടി പോയി എന്റെ മകനെ

എനിക്കു തിരിച്ച് തരണം എന്ന് പറഞ്ഞു. അതിന് അവന്റെ മനസ്സിൽ ഇപ്പോൾ നിങ്ങളൊന്നും ഇല്ല. സ്വന്തം മകന്റെ ഉയർച്ചയിൽ സന്തോഷിക്ക് എന്നു പറഞ്ഞ് തിരിച്ചയച്ചു. നിസ്സഹായനായ എനിക്ക് പൊട്ടിക്കരയുവാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ. കോടതിയും കേസിനും ഒന്നും പോകാൻ എന്റെ കൈയ്യിൽ പണമില്ല, മാത്രമല്ല അവന് ഞങ്ങളോടൊപ്പം ജീവിക്കാനും താൽപര്യമില്ലല്ലോ.... നാട്ടുകാരുടെ മുന്നിൽ മകനെ വിറ്റ പിതൃത്വം നഷ്ടപ്പെടുത്തിയ അച്ഛനായി മാറി. ഒടുവിൽ വീടും സ്ഥലവും വിറ്റ് ഞങ്ങൾ ഇവിടെ പയ്യലൂർ എന്ന ഗ്രാമത്തിൽ എത്തിയത്. പെരുമാള് ഞങ്ങളെ ഇവിടെ എത്തിച്ചതാണ്. രോഗം കലശലായ എന്റെ ദേവൂ മരിച്ചിട്ട് ഒരു വർഷം തികയുന്നതേയുള്ളൂ. അവൾ ഇപ്പോൾ ഉണ്ടായിരുന്നെങ്കിൽ..... തീഷ്ണമായ കണ്ണുകളോടു കൂടി തന്നെ നോക്കി ദഹിപ്പിക്കാറുള്ള അവളുടെ കണ്ണുകൾ പിന്നീട് പ്രകാശം വറ്റിയതു പോലെ ആയിത്തീർന്നു. പിന്നെ വൈകാതെ അവൾ യാത്രാമൊഴി ചൊല്ലി. കഥ കേട്ടു കഴിഞ്ഞ എല്ലാവരും നാളത്തെ പ്രഭാതത്തിൽ അച്ഛന്റെയും മകന്റെയും സമാഗമത്തിന് സാക്ഷ്യം വഹിക്കുവാൻ വേണ്ടി തൽക്കാലം പിരിഞ്ഞു.

